സ്ത്രീപക്ഷ കാഴ്ചകൾ

എം. രഘുനാഥ്

# മാറേണ്ടത് സമൂഹം; മനോഭാവങ്ങളും

## പി.കെ. ശ്രീമതി ടീച്ചർ



സ്ത്രീപദവിയുടെ കാര്യത്തിൽ കേരളം ഇപ്പോഴും പുറകിലാണെന്നും ഈ സ്ഥിതിയിൽ നിന്നുള്ള മാറ്റത്തിന് സർക്കാരിന്റെ ശ്രമങ്ങളോടൊപ്പം സമൂഹത്തിന്റെ ഇടപെടലും അനിവാര്യമാണെന്നും സാമൂഹിക ക്ഷേമ മന്ത്രി പി. കെ ശ്രീമതി ടീച്ചർ. സ്ത്രീ വിരുദ്ധ മനോഭാവങ്ങൾ മാറുന്നതിന് ശക്തമായ ആശയ പ്രചാരണവും പോരാട്ടവും ആവശ്യമാണെന്ന് ജനപഥത്തിനു നൽകിയ പ്രത്യേക അഭിമുഖത്തിൽ മന്ത്രി പറഞ്ഞു. പ്രസക്ത ഭാഗങ്ങൾ

**കേരളത്തിലെ സ്ത്രീകളുടെ സാമൂഹികാവസ്ഥയെ എങ്ങനെ വിലയിരുത്തുന്നു?**

കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ ഇന്ത്യൻ സ്ത്രീസമൂഹത്തിന്റെ പൊതുധാരയിൽ കൂടി മാത്രമേ നോക്കിക്കാണുവാൻ കഴിയൂ. ജൻമി നാടുവാഴിത്ത വ്യവസ്ഥയിൽ നിന്നും പടിപടിയായി മുതലാളിത്ത ലോകക്രമത്തിലേക്ക് മാറിയ ഇന്ത്യൻ സമൂഹത്തിൽ ഇന്നും പഴയ കാലഘട്ടത്തിന്റെ ജീർണതകൾ പൂർണമായും മാറിയിരുന്നില്ല. ഈ ജീർണതകളോടൊപ്പം മുതലാളിത്ത സമൂഹത്തിലെ സ്ത്രീവിരുദ്ധ നിലപാടുകൾ കൂടി ശക്തിയാർജിച്ചതോടെ സ്ത്രീകളുടെ അവസ്ഥ തീർത്തും ദയനീയമായിത്തന്നെ തുടർന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സ്ത്രീകൾ അതിനിർണായകമായ പങ്കാണ് വഹിച്ചതെങ്കിലും സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ മുഖ്യധാരാ രാഷ്ട്രീയത്തിൽ നിന്നും സ്ത്രീകളെ പാർശ്വവത്കരിക്കുകയായിരുന്നു. 1952 ൽ പാർലമെന്റിലേക്ക് നാല് സ്ത്രീകൾ മാത്രമാണ് തിരഞ്ഞെടുക്കപ്പെട്ടത്. ഇന്നും സ്ഥിതി മെച്ചമെന്ന് പറയാൻ കഴിയില്ല. 33 ശതമാനം സ്ത്രീസംവരണം എന്ന ലക്ഷ്യം യാഥാർഥ്യമാക്കുന്നതിനെ പരമ്പരാഗത സ്ത്രീവിരുദ്ധ ശക്തികൾ ഇപ്പോഴും എതിർക്കുകയാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മാത്രമാണ് ഇക്കാര്യത്തിൽ ഉറച്ച നിലപാടെടുക്കുന്നത്.

ആഗോളീകരണത്തിന്റെയും പുത്തൻ ഉദാരീകരണത്തിന്റെയും ഭാഗമായി സ്ത്രീകളെ വെറും ഉപഭോഗ വസ്തുവായി കാണുന്ന പ്രവണത ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെന്ന പോലെ ഇന്ത്യയിലും വിശേഷിച്ച് കേരളത്തിലും വർധിച്ചുവരുന്നു.

കേരളത്തിലെ സ്ത്രീ സമൂഹം നടന്നു വന്ന വഴികൾ നമുക്ക് അറിയാം. ഇടതുകൈ നെഞ്ചിൽ ചേർത്ത് വലതുകൈ കൊണ്ട് വായപൊത്തിപ്പിടിച്ചായിരുന്നു താഴ്ന്ന ജാതിക്കാർ മേലാളരുടെ മുന്നിൽ സംസാരിച്ചിരുന്നത്. സംസാരിക്കുമ്പോൾ വായു അശുദ്ധമാകാതിരിക്കുവാനാണ് വായ മൂടിയത്. കേരളത്തിന്റെ ഈ അവസ്ഥയ്ക്ക് 1920 ഓടെ മാറ്റം വരുവാൻ തുടങ്ങി. മേലാളരുടെ മുന്നിൽ പഞ്ചപുഛമടക്കി ഓഛാനിച്ച് നിന്നിരുന്ന അതേ ആളുകൾ മറ്റൊരു രീതിയിൽ കൈകൾ ഉപയോഗിക്കുന്നതായാണ് കേരളത്തിലെ ജനങ്ങൾ കണ്ടത്. കൈകൾ അന്തരീക്ഷത്തിൽ ഉയർത്തി മുഷ്ടി ചുരുട്ടി ഇൻകിലാബ് സിന്ദാബാദ് എന്ന മുദ്രാവാക്യം മുഴക്കി അവർ പ്രകടനം നടത്തിയത് ഈ ലേഖനത്തിൽ വരച്ചുകാട്ടുന്നുണ്ട്. ശ്രീനാരായണ ഗുരു ഉൾപ്പെടെയുള്ള സാമൂഹിക പരിഷ്കർത്താക്കളുടെ സജീവമായ ഇടപെടലുകൾ കേരളത്തിൽ സ്ത്രീ മുന്നേറ്റത്തെ വൻതോതിൽ സ്വാധീനിച്ചുവെന്നത് ഇതിന് പുറമെ പറയാവുന്ന വസ്തുതയാണ്. പിന്നീട് വി ടി ഭട്ടതിരിപ്പാടും ഇ എം എസും ഏ കെ ജിയുമെല്ലാം നൽകിയ രാഷ്ട്രീയവും സാമൂഹികവുമായ വിദ്യാഭ്യാസവും കേരളത്തിലെ സ്ത്രീകളുടെ നില മെച്ചപ്പെടുത്താനുള്ള മുന്നേറ്റത്തിന്റെ ഭാഗമായി.

മരുമക്കത്തായവും കൂട്ടുകുടുംബ വ്യവസ്ഥയും സ്ത്രീകളുടെ പിന്നോക്കാവസ്ഥയുടെ സൂചകങ്ങളായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ



അന്ത്യഘട്ടം തൊട്ട് നിലനിന്നിരുന്ന *പുടവ കൊടുക്കൽ* സമ്പ്രദായത്തിൽ നിന്നും മാറി വിവാഹ രജിസ്ട്രേഷന്റെ ഘട്ടത്തിലേക്ക് എത്തിയതിന് പിന്നിലും ഒട്ടേറെ സാമൂഹികമാറ്റങ്ങളുടെ ഘടകങ്ങളുണ്ട്.

1957ൽ ഇ എം എസിന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന സർക്കാർ തുടക്കമിട്ട ഒട്ടേറെ പരിഷ്കരണ നടപടികൾ കേരളത്തിൽ സ്ത്രീപദവി എത്രത്തോളം ഉയർത്തിയെന്നത് പറയേണ്ടതില്ല.

ലോകമാകെ ശ്രദ്ധിക്കുന്ന കേരള മാതൃകയിൽ പ്രധാനപ്പെട്ടതാണ് സ്ത്രീ സാക്ഷരത. സ്ത്രീ സാക്ഷരതയിൽ പാശ്ചാത്യ വികസന രാഷ്ട്രങ്ങളെക്കാൾ മുന്നിലാണ് കേരളം.

ഇതൊക്കെയാണെങ്കിലും സ്ത്രീ പദവിയുടെ കാര്യത്തിൽ കേരളം പിറകിലാണ്. തൊഴിൽ പങ്കാളിത്തനിരക്ക് ദേശീയ ശരാശരിയെക്കാൾ കുറവാണ്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യ നിരക്ക് കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. ഇവ പഠനവിധേയമാക്കേണ്ടതുണ്ട്. പരിഹരിക്കേണ്ടതുമുണ്ട്. ഇതിനനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഏറ്റെടുത്ത് നടത്തുന്നത്.

പെൺ ഭ്രൂണഹത്യ സംസ്ഥാനത്ത് വർധിക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ഗർഭഛിദ്രവും ഭ്രൂണ പരിശോധനയും തടയാൻ സർക്കാർ അതിശക്തമായ നടപടികളാണ് എടുക്കുന്നത്. ഇതിനായി സ്കാനിങ് സെന്ററുകളെ നിയന്ത്രിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിക്കും.



**സ്ത്രീ ക്ഷേമ രംഗത്തും സ്ത്രീകളുടെ സാമൂഹികപദവി ഉയർത്തുന്നതിലും സർക്കാരിന്റെ കാഴ്ചപ്പാട് എന്താണ്? അതിനുള്ള കർമ പരിപാടികൾ?**

സംസ്ഥാനത്ത് 50 ശതമാനത്തിലേറെ സ്ത്രീകളാണ്. സ്ത്രീകൾ സമൂഹത്തിൽ അനുഭവിക്കുന്ന പീഡനങ്ങൾ അനുദിനം വർധിച്ചുവരുന്ന ഒരു സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയത്. സ്ത്രീകൾക്ക് നേരെ പൊതുവായി നടക്കുന്ന അതിക്രമങ്ങൾക്ക് പുറമെ ഗാർഹികപീഡനവും ജോലിസ്ഥലത്തെ പീഡനവും നമ്മൾ നേരിടുന്ന പ്രശ്നങ്ങളാണ്. എന്നാൽ സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കേരളപ്പിറവിയ്ക്ക് അഞ്ച് പതിറ്റാണ്ട് പൂർത്തിയാവുമ്പോഴും പ്രത്യേക വകുപ്പില്ല. ഇപ്പോൾ സാമൂഹികക്ഷേമവകുപ്പാണ് വനിതകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. മറ്റ് അനേകം വിഷയങ്ങളിൽ ഒന്ന് മാത്രമായാണ് ഈ വകുപ്പിൽ സ്ത്രീകളുടെ വിഷയങ്ങൾ ഉൾപ്പെടുത്തുന്നത്.

## ഭരണഘടനയും വനിതകളും

ആർട്ടിക്കിൾ 14 – നിയമത്തിനു മുന്നിലെ സമത്വം

ആർട്ടിക്കിൾ 15 (1) – വിവേചനത്തിനെതിരെയുള്ള അവകാശം

ആർട്ടിക്കിൾ 16 – എല്ലാ പൗരന്മാർക്കും തുല്യ നിയമനങ്ങളിൽ അവസരങ്ങൾ

ആർട്ടിക്കിൾ 39 (a) – മതിയായ ഉപജീവന മാർഗങ്ങൾക്കുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അവകാശം

ആർട്ടിക്കിൾ 39 (d) – തുല്യ ജോലിക്ക് തുല്യ വേതനം പുരുഷന്മാർക്കും സ്ത്രീകൾക്കും

ആർട്ടിക്കിൾ 42 – മാതൃത്വത്തിലെ സുരക്ഷിതവും മനുഷ്യത്വപരവുമായ തൊഴിൽ സാഹചര്യവും സ്റ്റേറ്റിനാൽ ലഭിക്കാനുള്ള അവകാശം.

ആർട്ടിക്കിൾ 47– പൊതുജനാരോഗ്യവും പോഷണവും സ്റ്റേറ്റിനാൽ ലഭിക്കാനുള്ള അവകാശം.

ആർട്ടിക്കിൾ 51 (a) – സ്ത്രീയുടെ അന്തസ്സ് ഇടിച്ചുതാഴ്ത്തുന്ന പ്രവർത്തനങ്ങളെ സർക്കാർ തടയണം

ആർട്ടിക്കിൾ 243 (3)– തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മൂന്നിലൊന്നിൽ കുറയാതെയുള്ള സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. (പട്ടികജാതി-വർഗ സംവരണ സീറ്റുകളിലെ ഉൾപ്പെടെ). (ഇവിടങ്ങളിൽ അധ്യക്ഷ സ്ഥാനത്തേക്കും മൂന്നിലൊന്ന് സംവരണം ബാധകം)

ഈ സ്ഥിതി മാറ്റാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തീരുമാനിക്കുകയും തുടർ നടപടി എടുക്കുകയും ചെയ്തുകഴിഞ്ഞു. സാമൂഹികക്ഷേമവകുപ്പിനെ സാമൂഹികക്ഷേമ വനിതാവികസന വകുപ്പായി പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വകുപ്പിന് കീഴിൽ ജെൻഡർ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചു മുഴുവൻ സമയ ജെൻഡർ അഡ്വൈസറെ നിയോഗിച്ചു.

**പദ്ധതി പ്രവർത്തനത്തിൽ വനിതാ ഘടക പദ്ധതികൾക്കായി നിശ്ചിത ശതമാനം നീക്കിവയ്ക്കണമെന്നുണ്ടല്ലോ? ഇത് ഫലപ്രദമാകുന്നുണ്ടോ?**

തീർച്ചയായും സർക്കാർ കാഴ്ചപ്പാട് ഇതാണ്. പക്ഷെ, നമ്മുടെ പരമ്പരാഗത ഉദ്യോഗസ്ഥ മേധാവിത്വ ശൈലി കാരണം പലതും ലക്ഷ്യപ്രാപ്തിയിൽ പൂർണമായും എത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പ്രാദേശിക തലത്തിലും ഫലപ്രദമായി ഇവ നടപ്പാക്കുവാൻ ഇച്ഛാശക്തിയോടുള്ള പ്രവർത്തനം അനിവാര്യമാണ്. സ്ത്രീ ശാക്തീകരണം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രഖ്യാപിത നയമായി ഏറ്റെടുത്ത് നടപ്പാക്കുകയാണ്. ഇതിന്റെ ഭാഗമായുള്ള ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിന് അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ വികസന കോർപ്പറേഷൻ, വനിതാ കമ്മീഷൻ, കുടുംബശ്രീ എന്നിവ മുഖേനയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. സ്ഥായിയായ പ്രചാരണം, ബോധവത്കരണം എന്നിവയ്ക്ക് പുറമെ നിയമ മാർഗത്തിലൂടെ ചെറുത്ത് നിൽപും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

വനിതകൾക്കായുള്ള ഫിനിഷിങ് സ്കൂൾ– ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം മറ്റൊരു പദ്ധതിയാണ്. തൊഴിലന്വേഷകരായ സ്ത്രീകൾക്ക് പരിശീലനവും മാർഗനിർദേശവും നൽകുകയെന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. 2007 – 08 ബജറ്റിൽ ഇതിനായി രണ്ടു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിന് 2005ൽ നിയമം വന്നുവെങ്കിലും ഇത് കാര്യക്ഷമമായി നടപ്പാക്കിയിരുന്നില്ല. ഇതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31 ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചു. 9 ഷെൽട്ടർ ഹോമുകൾ തുറന്നു. 43 സർവീസ് പ്രൊവൈഡർമാരെ നിയമിച്ചു. ഈ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിങ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

# കേരളത്തിലെ വനിതാ ക്ഷേമ പദ്ധതികൾ

1 സാമൂഹ്യ ക്ഷേമ വകുപ്പിനു കീഴിൽ , അംഗൻവാടി കേന്ദ്രങ്ങൾ, ഗർഭിണികളും പാലൂട്ടുന്നവരുമായ വനിതകൾക്കുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകൾ അംഗൻവാടി വർക്കർമാർക്കുള്ള വെൽഫയർ ഫണ്ട്, മഹിളാമന്ദിരങ്ങൾ, മിശ്രവിവാഹിതർക്ക് ധനസഹായം തുടങ്ങിയവ.

2 കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ: 1988-ൽ ആരംഭിച്ചു. വനിതകളുടെ സാമ്പത്തിക-സാമൂഹിക ഉന്നമനം ലക്ഷ്യമിട്ടുള്ള സംരംഭകത്വ വികസനം, സ്വയം തൊഴിൽ പരിശീലന പദ്ധതികളുടെ നടത്തിപ്പ് എന്നിവ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു. ഈ രംഗത്തെ ദേശീയ ഏജൻസികളുടെ സംസ്ഥാന തല പ്രവർത്തനങ്ങൾ നടത്തുന്നതും ഈ കോർപ്പറേഷൻ മുഖേനയാണ്.

3 DWCUA - നഗരങ്ങളിലെ വനിതാ-ശിശുവികസനം

4 കുടുംബശ്രീ-സ്വയം സഹായ സംഘങ്ങളിലൂടെ സ്ത്രീകളുടെ ദാരിദ്ര്യ നിർമാർജനവും ശാക്തീകരണവും

5 കേരള സാമൂഹ്യ ക്ഷേമ ബോർഡ് - സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ് ഇൻ എയ്ഡ്. ശുപാർശ ചെയ്യുക, അന്വേഷണം നടത്തുക, പരിശോധിക്കുക

## വനിതാ വികസന പദ്ധതികൾ (കേന്ദ്രാവിഷ്കൃതം)

STEP - സപ്പോർട്ട് ട്രെയിനിങ് ആന്റ് എംപ്ലോയ്മെന്റ് പ്രോഗ്രാം ഫോർ വിമൻ

സ്വാവലംബം - 1982-83-ൽ തുടങ്ങി - വനിതകളുടെ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നു.

സ്വയം സിദ്ധ - സ്വയം സഹായ സംഘങ്ങളിലുള്ള വനിതകളുടെ ശാക്തീകരണം.

വനിതകൾക്കുള്ള വിദ്യാഭ്യാസം.

കണ്ടൻസ്ഡ് കോഴ്സ് പദ്ധതി - വിദ്യാഭ്യാസപരമായ കഴിവുകൾ വളർത്തൽ.

ഷോർട്ട്സ്റ്റേ ഹോം - കേന്ദ്ര ക്ഷേമ ബോർഡു വഴി നടപ്പിലാക്കുന്നു - വീട്ടിൽ നിന്ന് മാറിനിൽക്കേണ്ട സാഹചര്യങ്ങളിൽ അകപ്പെടുന്ന വനിതകൾക്കുള്ള സഹായം.

ഫാമിലി കൗൺസിലിങ് സെന്റർ - പീഡനങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കുള്ള പദ്ധതി.

ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും ഉള്ള സഹായം.

വനിതാ വികസനത്തിനുള്ള ദേശീയ നയം - 2001 മാർച്ച് 20 മുതൽ ആരംഭിച്ചു. വിവേചനം അവസാനിപ്പിക്കാനുള്ള നടപടികൾ.

## വനിതാ ക്ഷേമത്തിന് ദേശീയ തലത്തിലുള്ള സ്ഥാപനങ്ങൾ

**ദേശീയ വനിതാ കമ്മീഷൻ** - നിയമപരമായ ഭരണഘടനാപരാമ്പര്യമുള്ള വനിതകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി 1990- ൽ നിയമപ്രകാരം നിലവിൽ വന്നു.

**പൊതുസഹകരണത്തിനും ശിശുവികസനത്തിനുമുള്ള ദേശീയ ഇൻസ്റ്റിറ്റ്യൂട്ട്** (NIPCCD) - ഐ.സി.ഡി.എസ് പ്രോഗ്രാമുകളുടെ അപ്പക്സ് സ്ഥാപനം

**കേന്ദ്ര സാമൂഹിക ക്ഷേമ ബോർഡ്** - 1913-ൽ നിലവിൽ വന്നു. അർഹരായ/അഗതികളായ സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായും തൊഴിൽ പരിശീലനത്തിനായും പ്രവർത്തിക്കുന്നു.

വനിതാ കമ്മീഷൻ കഴിഞ്ഞ അഞ്ച് വർഷമായി നിർജീവാവസ്ഥയിലോ സ്ത്രീവിരുദ്ധ നിലപാടിലോ ആയിരുന്നുവെന്നു തന്നെ പറയാം. ഈ സ്ഥിതി മാറ്റാനും വനിതാകമ്മീഷൻ പുന.സംഘടിപ്പിക്കാനും കഴിഞ്ഞു. സംസ്ഥാന തലം മുതൽ ഗ്രാമപഞ്ചായത്ത് തലം വരെ ജാഗ്രതാ സമിതികൾ രൂപീകരിച്ചു കഴിഞ്ഞു. വനിതാകമ്മീഷന്റെ പ്രവർത്തനം സംസ്ഥാനത്ത് സജീവമായി എന്ന് പറയേണ്ടതില്ലല്ലോ?

എൽ.ഡി.എഫ് അധികാരമേറ്റ സമയത്ത് വനിതാ വികസന കോർപ്പറേഷൻ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും പര്യായമായി മാറിക്കഴിഞ്ഞിരുന്നു. ഇതിനെ അടിമുടി മാറ്റിയെടുക്കാനുള്ള പ്രവർത്തനമാണ് നടക്കുന്നത്. ഇതിനായി കോർപ്പറേഷൻ പുന.സംഘടിപ്പിച്ചു. പുതിയ എം ഡിയെ നിയോഗിച്ചു. മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതി അന്വേഷിക്കാനുള്ള നടപടികൾ നടന്നുവരികയാണ്.

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യപോഷണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹികപദവി ഉയർത്തുന്നതിനും ലക്ഷ്യമിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ കിശോരി ശക്തിയോജന 163 പ്രോജക്റ്റുകളിൽ ആരംഭിച്ചു. മുൻ സർക്കാരിന്റെ കാലത്ത് ബജറ്റിൽ പണം വകയിരുത്താത്തതിനാൽ അനാഥമായ പദ്ധതിയായിരുന്നു ഇത്.

### പ്രാദേശിക തലത്തിൽ 33 ശതമാനം സംവരണം നടപ്പായല്ലോ? അത് വനിതാ രംഗത്ത് വരുത്തിയ മാറ്റങ്ങളെ എങ്ങനെ കാണുന്നു?

കേരളത്തിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കിയപ്പോൾ സ്ത്രീകൾക്ക് മൂന്നിലൊന്ന് സംവരണം ഏർപ്പെടുത്തി. ഇതോടെ സ്ത്രീകൾ മുൻകാലത്തേതിൽ നിന്നും കൂടുതലായി മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് കടന്നുവരികയും കഴിവ് തെളിയിക്കുകയും ചെയ്തു. കുടുംബശ്രീ തുടങ്ങിയ യൂണിറ്റുകളിലൂടെ സ്ത്രീസമൂഹം അവരുടെ കഴിവ് പൊതുസമൂഹത്തിന് കാട്ടിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. അതേസമയം ഇത്തരം യൂണിറ്റുകളെ വെറും തൊഴിൽദാന സ്ഥാപനങ്ങളാക്കി മാറ്റാതെ രാഷ്ട്രീയമായും സാംസ്കാരികമായും സാമൂഹികമായും ഉള്ള മാറ്റങ്ങളുടെ ചാലകശക്തികളാക്കാൻ കഴിയണം. ഈ മുന്നേറ്റത്തിന് കൂടുതൽ കരുത്ത് ലഭിക്കണമെങ്കിൽ നിയമ നിർമാണ സഭകളിലും ഈ പ്രാതിനിധ്യം ഉറപ്പാക്കണം.

### സ്ത്രീകൾ സ്വതന്ത്രമായി പുറത്തിറങ്ങി സഞ്ചരിക്കുന്ന കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ പുറകിലാണ് കേരളം. വിദ്യാസമ്പന്നരായ സ്ത്രീകൾ പോലും വീട്ടിനുള്ളിൽ തളച്ചിടപ്പെടുന്നു. ഈ സ്ഥിതി എങ്ങനെ മാറ്റുവാൻ കഴിയും?

ഏറെ ചർച്ച ചെയ്ത വിഷയമാണിത്. ഇപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷെ സ്ഥിതി മാറുന്നില്ലെന്ന് മാത്രം. ജനങ്ങളുടെ മനോഭാവത്തിലും സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയുമെല്ലാം നിലപാടുകളിലും മാറ്റം വരുത്തിയേ പറ്റൂ.

### നിലനിൽക്കുന്ന അധികാര ഘടനയോടും സാമൂഹിക ഘടനയോടും സമരസപ്പെടുന്ന കമ്പോള മൂല്യങ്ങൾ സ്ത്രീമനസ്സുകളെ കീഴടക്കുകയല്ലേ? ഈ സാഹചര്യത്തിൽ സ്ത്രീകളുടെ തുല്യതയ്ക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടം എങ്ങനെ ശക്തിപ്പെടുത്തുവാൻ കഴിയും?

ആഗോളീകരണത്തിന്റെയും ഉദാരീകരണത്തിന്റെയും ഭാഗമായി സ്ത്രീ കമ്പോളവസ്തുവായി മാറുന്നതിനെ കുറിച്ച് നേരത്തെ പറഞ്ഞുവല്ലോ. ഈ കമ്പോളമൂല്യങ്ങൾ സ്ത്രീകളെയും കീഴടക്കുന്നുവെന്നതാണ് യാഥാർഥ്യം. ഇതിനെ മറികടക്കുവാൻ ശക്തമായ ആശയപ്രചാരണങ്ങൾ അനിവാര്യമാണ്. ഈ ആശയപ്രചാരണം ശക്തിപ്പെടുത്തിക്കൊണ്ട് സ്ത്രീകളുടെ തുല്യതയ്ക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുപോകേണ്ടിയിരിക്കുന്നു.■

സ്ത്രീപക്ഷ കാഴ്ചകൾ

ടി.രാധാമണി



# കുടുംബബന്ധങ്ങൾക്കുള്ളിലെ ജനാധിപത്യം

2007-മാണ്ട് പൂനെ നഗരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവാഹങ്ങളുടെ 40% ആണ് ഇതേ കാലയളവവിൽ അവിടെ രജിസ്റ്റർ ചെയ്ത വിവാഹമോചനങ്ങൾ എന്ന് പത്രവാർത്തകൾ സൂചിപ്പിക്കുന്നു. ഈ വാർത്ത ആരെയും ഞെട്ടിക്കേണ്ട കാര്യമില്ല. കാരണം നമുക്കുചുറ്റും നടക്കുന്ന വിവാഹമോചനങ്ങൾ ശ്രദ്ധിക്കുന്ന ഒരാൾക്ക് കേരളത്തിലും ഇത്രയൊക്കെ വിവാഹമോചനങ്ങൾ ഉണ്ടാവും എന്നാണ് തോന്നുക. എന്നാൽ കേരളത്തിൽ ഇത്തരമൊരു കണക്കെടുക്കുകപോലും ക്ഷിപ്രസാധ്യമല്ല. കാരണം സുപ്രീം കോടതിവിധിയും കേന്ദ്രസർക്കാരിന്റെ നിർദേശവും വന്നിട്ടുപോലും ചില മതവിഭാഗങ്ങളിൽപ്പെട്ട പുരോഹിതന്മാരുടെ ഇടപെടൽമൂലം 2007ൽ വിവാഹരജിസ്ട്രേഷൻ നിയമം ഇവിടെ നടപ്പിലായില്ല. സുപ്രീംകോടതിയുടെ അന്ത്യശാസനം ലഭിച്ചപ്പോൾ മാത്രമാണ് സർക്കാർ അതിനുള്ള നടപടികൾ ആരംഭിച്ചത്. കണക്കുകൾ കൃത്യമായി ലഭിച്ചാൽ കേരളം പൂനെക്ക് പിറകിലാകാൻ സാധ്യതയില്ല. കേരളത്തിലെ 11 കുടുംബകോടതികളും കേസുകളുടെ ബാഹുല്യം മൂലം വീർപ്പു മുട്ടുകയാണ്. വനിതാ കമ്മീഷനിലും വനിതാ പൊലീസ് സെല്ലിലും തിരക്കിനൊട്ടും കുറവില്ല. എന്തായിരിക്കും കുടുംബത്തിനുള്ളിൽ ഇത്രയധികം സംഘർഷങ്ങൾ ഉണ്ടാകുന്നതിന് കാരണം?

മനുഷ്യൻ ഉണ്ടായ കാലം മുതൽ തന്നെ കുടുംബവും നിലവിൽ വന്നു എന്ന് പറയാം. പക്ഷേ ഓരോ കാലഘട്ടത്തിലും അതിന്റെ രൂപവും ഘടനയും വ്യത്യസ്തമായിരുന്നു എന്നു മാത്രം. ഗോത്രവർഗസമൂഹത്തിൽ മാത്രമാണ് ചൂഷണരഹിത കുടുംബവ്യവസ്ഥ നിലനിന്നിരുന്നത് എന്ന് നരവംശശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നു. അതിനു ശേഷം വന്ന വിവിധ സാമ്പ

ത്തിക ഘടനകളിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം ചൂഷണത്തിൽ അധിഷ്ഠിതമായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീ-പുരുഷബന്ധവും ചൂഷണാധിഷ്ഠിതം തന്നെയായിരുന്നു. ലോകത്തിൽ ഏറ്റവും അവസാനം അവസാനിക്കുന്ന ചൂഷണം കുടുംബത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ നടക്കുന്ന ചൂഷണമായിരിക്കും എന്ന് ലെനിൻ കാര്യകാരണസഹിതം എഴുതിയിട്ടുമുണ്ട്.

കേരളത്തിൽ വ്യാപകമായി അണുകുടുംബം രൂപം കൊണ്ടിട്ട് 60 വർഷത്തിലധികമായിട്ടില്ല. അതിന് മുമ്പ് ഇവിടെ നിലനിന്നിരുന്ന കുടുംബസംവിധാനങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ കേരളത്തിലെ പ്രബലസമുദായമായ നായന്മാരുടെ ഇടയിൽ നൂറുശതമാനവും മലബാറിലെ മുസ്ലീങ്ങളുടെ ഇടയിലും ചില പ്രദേശത്തെ ഈഴവരുടെ ഇടയിലും ലത്തീൻ കത്തോലിക്കരുടെ ഇടയിലും മരുമക്കത്തായ സമ്പ്രദായമാണ് നിലനിന്നിരുന്നത് എന്ന് കാണാം. മാതൃദായക്രമം നിലനിന്നിരുന്ന ഈ സമുദായങ്ങളിൽ കൂട്ടുകുടുംബ വ്യവസ്ഥയും നിലനിന്നിരുന്നു. ജനിച്ച തറവാട്ടിൽ മരണം വരെ ജീവിക്കാനുള്ള അവകാശം എല്ലാവർക്കും ലഭ്യമായിരുന്നു. അധികാരവും ഭരണവും കാരണവർ എന്ന പുരുഷന്റെ കയ്യിലായിരുന്നെങ്കിലും സ്വത്തവകാശം കൂടുതൽ സ്ത്രീകൾക്കായിരുന്നു എന്നതുകൊണ്ട് തറവാട്ടിൽ സ്ത്രീകൾക്കും മാന്യമായ സ്ഥാനം ലഭിച്ചിരുന്നു. മാതൃദായക്രമം നിലനിന്നിരുന്നു എന്നതുകൊണ്ടു തന്നെ വിവാഹം സാമ്പത്തിക ഇടപാടുകൾ ഉള്ള ഒരു ബന്ധം ആയിരുന്നില്ല. ഭാര്യക്കും കുട്ടികൾക്കും ചെലവിനു കൊടുക്കുക എന്നത് ഭർത്താവിന്റെ ബാധ്യതയായി സമൂഹം കണ്ടിരുന്നില്ല. സംബന്ധം എന്നറിയപ്പെട്ടിരുന്ന വിവാഹബന്ധം വളരെ അയവുള്ളതായിരുന്നു. ഭാര്യക്കോ ഭർത്താവിനോ ലൈംഗിക പങ്കാളിയെ ഒഴിവാക്കാനുള്ള നടപടിക്രമങ്ങളും വളരെ ലളിതമായിരുന്നു. പുനർവിവാഹങ്ങളും സർവസാധാരണമായിരുന്നു. കൂട്ടുകുടുംബവ്യവസ്ഥ ജീർണിക്കുകയും മാറ്റങ്ങൾക്ക് വിധേയമാകുകയും ചെയ്തപ്പോൾ അതിനനുസൃതമായി സ്വത്തവകാശത്തെക്കുറിച്ചുള്ള നിയമങ്ങളിലും മാറ്റം വന്നു.

ഇതേ കാലഘട്ടത്തിൽത്തന്നെ പിതൃമേധാവിത്വം നിലനിന്നിരുന്ന ബ്രാഹ്മണ കുടുംബങ്ങളും കൃസ്ത്യൻ കുടുംബങ്ങളും കേരളത്തിൽ നിലനിന്നിരുന്നു. അവയും കൂട്ടുകുടുംബങ്ങൾ തന്നെയായിരുന്നു. മാതൃദായക്രമം നിലനിന്നിരുന്ന കുടുംബങ്ങളിൽ അവിടത്തെ സ്ത്രീകൾ, അവരുടെ സഹോദരന്മാർ എന്നിവരായിരുന്നു ഒരുമിച്ചു ജീവിച്ചിരുന്നതെങ്കിൽ, പിതൃദായക്രമം നിലനിന്നിരുന്ന സമുദായങ്ങളിൽ പുരുഷന്മാരും (സഹോദരന്മാരും) അവരുടെ ഭാര്യമാരും ആണ് ഒരുമിച്ച് കഴിഞ്ഞിരുന്നത്. അവിടെ ജനിക്കുന്ന പെൺകുട്ടികളെ വിവാഹം വഴി മറ്റു കുടുംബങ്ങളിലേക്ക് പറിച്ചു നടുക എന്നതായിരുന്നു രീതി. മാതൃദായക്രമത്തിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു ഈ കുടുംബങ്ങളുടെ സ്ഥിതി. നമ്പൂതിരിമാരുടെ ഇടയിൽ സ്ത്രീധന സമ്പ്രദായവും ബഹുഭാര്യാത്വവും നിലനിന്നിരുന്നു. അന്യജാതിയിലുള്ള സ്ത്രീകളുമായി *സംബന്ധം* മാത്രമാണ് ഓരോ തലമുറയിലെയും ഇളയ സഹോദരന്മാർക്ക് അനുവദനീയമായിരുന്നത്. അതേ സമയം നമ്പൂതിരി സ്ത്രീകൾ അസൂര്യം സ്പർശകളായി അന്ത:പുരത്തിനുള്ളിൽ അടിമകളെപോലെ കഴിഞ്ഞുകൂടിയിരുന്നു. ശൈശവ വിവാഹം നിലനിന്നിരുന്നതുകൊണ്ട് കൗമാരമെത്തും മുൻപേ വിധവകളായിക്കഴിഞ്ഞ് മെഴുകുതിരിപോലെ എരിഞ്ഞ് ഉരുകിത്തീർന്നിരുന്ന പെൺകുട്ടികൾ എല്ലാ ഇല്ലങ്ങളിലും ഉണ്ടായിരുന്നു. വിധവാവിവാഹം നിഷിദ്ധമായിരുന്നു. സ്വത്തവകാശം പുരുഷസന്തതിക്ക് മാത്രം. അന്യജാതിയിലെ സംബന്ധം വഴിയുണ്ടാകുന്ന കുഞ്ഞുങ്ങൾക്ക് സ്വത്തവകാശം പോയിട്ട് അച്ഛനെ 'അച്ഛാ' എന്ന് വിളിക്കാനോ തൊടാനോ പോലും അവകാശം ഉണ്ടായിരുന്നില്ല. ആചാരങ്ങളും അനുഷ്ഠാനങ്ങളും കുളിയും തേവാരവും പൂമുഖത്തിരിപ്പും മുറുക്കിത്തുപ്പും ആയി കഴിഞ്ഞിരുന്ന നമ്പൂതിരിമാരെ മനുഷ്യരാക്കി മാറ്റാൻ വി.ടി ഭട്ടതിരിപ്പാടും ഇ.എം.എസ് നമ്പൂതിരിപ്പാടും ആര്യ പള്ളവും മറ്റും നേതൃത്വം കൊടുത്ത് നടത്തിയ സമരങ്ങൾ ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്. അത്തരം ശക്തമായ സമരങ്ങൾ കൊണ്ടാണ് ബഹുഭാര്യാത്വവും ബാല്യവിവാഹവും പോലെയുള്ള അനാചാരങ്ങൾ ഇല്ലാതാക്കാൻ കഴിഞ്ഞത്.

ഇതേ കാലഘട്ടത്തിൽത്തന്നെ പല ജാതിവിഭാഗങ്ങളിലും ബഹുഭർതൃത്വവും നിലനിന്നിരുന്നു. പുരാണ കഥാപാത്രമായ പാഞ്ചാലിയെപ്പോലെ കുടുംബത്തിലെ സഹോദരന്മാരായ എല്ലാ പുരുഷന്മാരുടെയും ഭാര്യയായി അവിടേക്ക് വിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീ ജീവിക്കുക എന്നത് പല സമുദായങ്ങളിലും അനുവദനീയമായിരുന്നു. ഇന്ന്

## പ്രതിവർഷ വിവാഹമോചനം കേരളത്തിൽ

| | |
|---|---|
| കുടുംബകോടതി വഴി നടക്കുന്ന നിയമ വിധേയമായ വിവാഹമോചനങ്ങൾ | 20,000 |
| കോടതിയിലേക്ക് വരേണ്ടതില്ലാതെ മതമേലധ്യക്ഷന്മാരുടെ കാർമികത്വത്തിൽ നടക്കുന്ന തലാക്കുകൾ | 5,000 |
| നിയമപരമായ വിവാഹമോചനം തേടാതെ ഇണയെ ഉപേക്ഷിച്ചു പോകുന്ന സംഭവങ്ങൾ | 5,000 |



## ഗാർഹികപീഡനം ഉണ്ടായാൽ

ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിയമം പ്രാബല്യത്തിലുണ്ട്. ശാരീരികം, വാചികം, വൈകാരികം, ലൈംഗികം, സാമ്പത്തികം എന്നിങ്ങനെ ഏതെങ്കിലും തരത്തിലുള്ള പീഡനം ഉണ്ടായാൽ പരാതിക്കാർക്ക് നിയമപ്രകാരം പ്രൊട്ടക്ഷൻ ഓഫീസർമാരായി നിയോഗിച്ചിട്ടുള്ള ജില്ലാ പ്രൊബേഷൻ ഓഫീസർമാരെ സമീപിക്കാവുന്നതാണ്. ജില്ലകളിലെ ഒന്നാം ഗ്രേഡ് ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസർമാരെയും കാസർഗോഡ്, വയനാട്, പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിലെ രണ്ടാം ഗ്രേഡ് ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസർമാരെയും ഉൾപ്പെടുത്തി ആകെ 31 പ്രൊട്ടക്ഷൻ ഓഫീസർമാരെയാണ് 2007 ഏപ്രിൽ 30നുള്ള സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ളത്. ചില ജില്ലകളിൽ ഒന്നിലധികം രണ്ടാം ഗ്രേഡ് പ്രൊബേഷൻ ഓഫീസർമാർക്കും സിറ്റി പ്രൊബേഷൻ ഓഫീസർമാർക്കും പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ചുമതല നൽകിയിട്ടുണ്ട്.

ഇതെല്ലാം മാറി ജാതി/മത ഭേദമെന്യേ അണുകുടുംബവ്യവസ്ഥ കേരളത്തിൽ നിലവിൽ വന്നു കഴിഞ്ഞിരിക്കുന്നു. കുടുംബസമ്പ്രദായം എന്നത് എത്ര വേഗത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമാണെന്ന് നാം കണ്ടു കഴിഞ്ഞു. അണുകുടുംബവ്യവസ്ഥയും ഇനി ഏറെക്കാലം നിലനിൽക്കുകയില്ല എന്ന് എല്ലാവർക്കും ബോധ്യം വന്നുതുടങ്ങിയിട്ടുണ്ട്. കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും കേരളത്തിൽ ഏതാണ്ട് 30,000 കുടുംബങ്ങൾ ഓരോ വർഷവും ശിഥിലമാകുന്നുണ്ടെന്ന് കണക്കാക്കാം.

വിവാഹമോചനങ്ങളുടെ മതം തിരിച്ചുള്ള കണക്കെടുത്താൽ ഏറ്റവും അധികം വിവാഹമോചനം നടക്കുന്നത് മുസ്ലീം സമുദായത്തിലാണ്. ഏറ്റവും കുറവ് കൃസ്ത്യൻ മതവിഭാഗങ്ങളിലും. മതത്തിന്റെയും പുരോഹിതന്മാരുടെയും നേതൃത്വത്തിൽ പ്രീ-മാരിറ്റൽ-പോസ്റ്റ് മാരിറ്റൽ കൗൺസലിങ് നടത്തിയും വിവാഹമോചനത്തിനുള്ള നിയമങ്ങൾ കർക്കശമായി നിലനിർത്തിയും ആണ് അവർ ഇത് സാധ്യമാക്കുന്നത്. എങ്കിൽ പോലും അവരുടെ ഇടയിലും വിവാഹമോചനങ്ങൾ ക്രമമായി വർദ്ധിച്ചു തന്നെയാണ് വരുന്നത്.

പല കുടുംബങ്ങളും സംഘർഷഭരിതമാണ്. സംഘർഷം നിറഞ്ഞ കുടുംബാന്തരീക്ഷം ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് അവിടത്തെ കുട്ടികളെയാണ്. മറ്റുവരുമാനമൊന്നുമില്ലാത്ത സ്ത്രീകളെ സംബന്ധിച്ചിടത്തോളം വിവാഹമോചനം എന്നത് ആലോചിക്കാൻ കഴിയാത്ത ഒന്നാണ്. അതുകൊണ്ട് എന്തും സഹിക്കാൻ അവർ തയ്യാറാകുന്നു. സംഘർഷം നിറഞ്ഞ കുടുംബം പുരുഷനും മാനസികപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നുള്ളത് വാസ്തവമാണ്. മദ്യത്തിലും ചീട്ടുകളിയിലും സിനിമ കാണലിലും ഒക്കെയായി വീട്ടിനു പുറത്ത് കൂടുതൽ സമയം ചെലവഴിക്കാൻ അവർക്ക് സാധിക്കുന്നു എന്നത് സംഘർഷം ഒരു പരിധി വരെ കുറയ്ക്കുന്നുണ്ടാവാം. എന്തുകൊണ്ടാണ് കുടുംബങ്ങൾ ഇങ്ങനെയായിത്തീരുന്നത് ഒരൊറ്റ സാമ്പത്തിക യൂണിറ്റെന്ന നിലയിൽ ഒരുമയും സ്നേഹവും മറ്റുമല്ലേ ഉണ്ടാകേണ്ടത്?..

കുടുംബത്തിനകത്ത് ഇന്നു നിലനില്ക്കുന്ന അധികാരഘടനയാണ് സംഘർഷത്തിലേക്ക് നയിക്കുന്ന പ്രധാന കാരണം. ഭാര്യാഭർത്താക്കന്മാരുടെ ബന്ധം തുല്യതയിൽ അധിഷ്ഠിതമല്ല. വരുമാനവും ഉയരവും പ്രായവും കൂടിയ ആളെന്ന നിലയിൽ (അങ്ങനെയാണല്ലോ വിവാഹബന്ധം തിരഞ്ഞെടുക്കുന്നത്) സ്വാഭാവികമായും പുരുഷന് മേൽക്കൈ ഉണ്ടാവുന്ന സ്ഥിതിയാണ് നമ്മുടെ കുടുംബങ്ങളിൽ നിലനിൽക്കുന്നത്. അതുകൊണ്ട് ഭരിക്കുന്ന ഭർത്താവും ഭരിക്കപ്പെടുന്ന ഭാര്യയും അടങ്ങിയതാണ് കുടുംബം. അത്തരമൊരു ബന്ധം സംഘർഷം ഇല്ലാത്തതാവാൻ കഴിയില്ല എന്ന് ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. അടിമയും ഉടമയും തമ്മിലുള്ള ബന്ധവും ജന്മിയും അടിയാനും തമ്മിലുള്ള ബന്ധവും മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ബന്ധവും എപ്രകാരമാണ് സമൂഹത്തിൽ നിലനിന്നിരുന്നത്/നിലനിൽക്കുന്നത് എന്നും നമുക്കറിയാം. അത്തരം ബന്ധം കുടുംബത്തിൽ നിലനിൽക്കുന്നിടത്തോളം കാലം കുടുംബങ്ങൾ സംഘർഷഭരിതം തന്നെയായിരിക്കും. ഈ സ്ഥിതി ഒട്ടും ആശാസ്യമല്ല. നമ്മുടെ സമൂഹത്തിലെ വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ, മാനസിക രോഗികളുടെ എണ്ണം, സാമൂഹികവിരുദ്ധരുടെ എണ്ണം മുതലായവയെല്ലാം കുടുംബത്തിലെ അന്തരീക്ഷവുമായി ബന്ധപ്പെട്ടു നില്ക്കുന്നു. അതുകൊണ്ട് കുടുംബാന്തരീക്ഷം മെച്ചപ്പെടുത്തുക എന്നത് സമൂഹത്തിന്റെ ആവശ്യമായിത്തീരുന്നു. അപ്പോഴാണ് കുടുംബത്തിനുള്ളിലെ ശ്രേണീബദ്ധമായ ബന്ധത്തിന് അഴിച്ചു പണി ആവശ്യമാണെന്നുള്ള തിരിച്ചറിവിലേക്ക് നാം എത്തുന്നത്. ജനാധിപത്യബോധമുള്ള കുടുംബസംവിധാനം ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സഹായിച്ചേക്കും. കുടുംബത്തിലെ എല്ലാവരുടെയും (കുട്ടികൾ ഉൾപ്പെടെ) അഭിപ്രായങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കുമ്പോഴേ, ഈ വീട് തന്റേതാണെന്ന് ഓരോരുത്തർക്കും തോന്നുകയുള്ളൂ. യോജിച്ച തീരുമാനങ്ങളും പരസ്പരവിശ്വാസവും തുല്യമായ സ്വത്തവകാശവും ഇത്തരം ഒരു സാഹചര്യം ഉണ്ടാവാൻ അത്യാവശ്യമാണ്. ഇന്ന് നിലനില്ക്കുന്ന അശാസ്ത്രീയമായ കുടുംബഘടന പൊളിച്ചു കൊണ്ടുമാത്രമേ അണുകുടുംബത്തിന് നിലനിൽപ് തേടാനാകുകയുള്ളൂ. വീട്ടമ്മയായ സ്ത്രീ കുടുംബത്തിനുള്ളിൽ ചെലവഴിക്കുന്ന അധ്വാനത്തിന് മൂല്യം കല്പിക്കപ്പെടേണ്ടിയിരിക്കുന്നു. വീടിനു പുറത്ത് വരുമാനത്തിനുവേണ്ടി അധ്വാനിക്കുന്ന സ്ത്രീയുടെ വീട്ടിനുള്ളിലെ ചുമതലകൾ പങ്കുവയ്ക്കപ്പെടേണ്ടിയിരിക്കുന്നു. സ്ത്രീകൾക്കും സ്വന്തമായി അഭിപ്രായങ്ങളും വ്യക്തിത്വവും ഉണ്ടെന്ന് കുടുംബത്തിനകത്തും സമൂഹത്തിലും ഉള്ള മറ്റുള്ളവർ തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇത്തരം ഒരു തിരിച്ചറിവിലേക്ക് കേരളജനത എത്തിച്ചേരുന്നില്ലെങ്കിൽ അണുകുടുംബങ്ങൾ കൂടുതൽ വേഗത്തിൽ തകരുകതന്നെ ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല.■

*വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർപേഴ്സനാണ് ലേഖിക*

**തീരുമാനമെടുക്കുന്നതിലെ വനിതാ പങ്കാളിത്തം**

| | രാഷ്ട്രീയം | | | | | | ഭരണപരം | | | |
|---|---|---|---|---|---|---|---|---|---|---|
| | ലോക്സഭ (1999) | | നിയമസഭ (2000) | | പ്രാദേശിക ഭരണകൂടങ്ങൾ 1991-1997 | | ഐ എ എസ് 1.6.2000 | | ഐ പി എസ് 1.4.2000 | |
| | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| ഇന്ത്യ | 49 | 494 | 229 | 3838 | 813676 | 1784134 | 535 | 4624 | 110 | 3191 |
| കേരളം | 1 | 19 | 13 | 127 | 4050 | 8067 | 21 | 157 | 2 | 114 |

*പ്ലാനിങ് കമ്മീഷൻ വിമൻ ഇൻ ഇന്ത്യ റിപ്പോർട്ട്*

■ പ്രവീണ കോടോത്ത്

# വിവാഹ സ്ത്രീപ

പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ ഊർജം മുഴുവൻ കേന്ദ്രീകൃതമാകുന്നത് പ്രധാനമായും വിവാഹത്തിലാണ്. തൊഴിലിന് രണ്ടാം പരിഗണന മാത്രമാണുള്ളതെന്ന് ലേഖിക വാദിക്കുന്നു.



കഴിഞ്ഞ ഏതാനും ദശകങ്ങളായി കേരളത്തിന്റെ പൊതുവേദികളിൽ സ്ത്രീകളുടെ സ്ഥിതിയെക്കുറിച്ച് -ആദ്യം അവരുടെ സുസ്ഥിതിയെയും പിന്നീട് അവരുടെ ദു:സ്ഥിതിയെയും - ചർച്ചകൾ സാധാരണമായിത്തീർന്നിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, മക്കളുടെ എണ്ണം എന്നീ കാര്യങ്ങളിൽ ഊന്നിയായിരുന്നു 'സുസ്ഥിതി'യെപ്പറ്റിയുള്ള ചർച്ചകൾ. എന്നാൽ അടുത്തകാലത്തായി ചർച്ചയ്ക്ക് കൂടുതൽ മാനങ്ങൾ കൈവന്നിരിക്കുന്നു. സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിൽ സ്ത്രീകൾ വഹിക്കുന്ന പുതിയ പങ്കാണ് ഇവയിൽ ഏറ്റവും പ്രധാനം. (സൂക്ഷ്മതലവായ്പകൾ സംബന്ധിച്ചും തദ്ദേശഭരണസ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്ന നിലയിലും) ഇക്കാര്യങ്ങളിലെല്ലാം തന്നെ കേരളത്തിലെ സ്ത്രീകൾ മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. എന്നാൽ 'ദു:സ്ഥിതി'യുടെ കാര്യത്തിലും അവർ ഒട്ടും പിന്നാക്കമല്ല. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, ആത്മഹത്യകൾ, ലൈംഗികകുറ്റങ്ങളും രാഷ്ട്രീയവും തമ്മിലുള്ള അവിശുദ്ധബന്ധങ്ങൾ, വിവാഹജീവിതത്തിലെ പിരിമുറുക്കങ്ങൾ എന്നിവയിലെല്ലാം ഈ ദു:സ്ഥിതി പ്രകടമാകാറുണ്ട്. സാധാരണ സംവാദങ്ങളിൽ, സുസ്ഥിതിയുടെ സാഹചര്യങ്ങളെ ബലപ്പെടുത്തുകയും ദു:സ്ഥിതിയുടെ സാഹചര്യങ്ങളെ കീഴ്പ്പെടുത്തുകയും വേണമെന്ന് വാദിക്കപ്പെടാറുണ്ട്.

എന്നാൽ സ്ത്രീപദവിക്ക് ഇതിനുമപ്പുറമുള്ള ചില സാംസ്കാരികതലങ്ങൾ കൂടിയുണ്ട്. ഇത്തരം കണക്കെടുപ്പിന്റെ ഭാരമൊന്നും ഇല്ലാത്തപ്പോഴാണ് സ്ത്രീകളുടെ സ്ഥിതിയെപ്പറ്റിയുള്ള സാംസ്കാരിക തലത്തിനു പ്രാധാന്യം കൈവരുന്നത്. സ്ത്രീത്വത്തിനു കല്പിക്കപ്പെട്ടിട്ടുള്ള സാംസ്കാരികാർത്ഥങ്ങളെ മുൻനിർത്തി നോക്കുകയാണെങ്കിൽ, സ്ത്രീകളുടെ പദവിയെ നിർവചിക്കുന്നതിനു പരമപ്രാധാന്യം നല്കപ്പെടുന്നത് വിവാഹത്തിനാണെന്നു ഞാൻ വാദിക്കും. സ്ത്രീയുടെ കാര്യശേഷിയും യോഗ്യതകളുമെല്ലാം വിവാഹക്കാര്യത്തിനു വേണ്ടി വിനിയോഗിക്കപ്പെടുന്നുവെന്ന രീതിയിലാണ് ഈ സമീപനം. സ്ത്രീപദവി നിർണയിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ യോഗ്യതയോ ആരോഗ്യസ്ഥിതിയോ ഒന്നും വിവാഹേതരസാദ്ധ്യതകൾ വർദ്ധിപ്പിക്കണമെന്നില്ല. വിവാഹം എന്ന സ്ഥാപനത്തിന് സ്ത്രീജീവിതത്തിന് മേലുള്ള സ്വാധീനം മനസ്സിലാക്കണമെങ്കിൽ സ്ത്രീത്വം ഒരു സാമൂഹിക പരികല്പനയാണെന്നും, അതിന്റെ നിർവചനമനുസരിച്ച് വിവാഹം അനിവാര്യമാണെന്നുമുള്ളതാണ് ഇന്നത്തെ സാമൂഹിക യാഥാർത്ഥ്യം എന്നും ആദ്യമേ തന്നെ അംഗീകരിക്കേണ്ടതുണ്ട്. വിവാഹം സ്ത്രീകൾക്ക് ബഹുമാനത്തിന്റെയും അന്തസ്സിന്റെയും അടിസ്ഥാനമായിത്തീരുന്നു. അതേ

# വും
# ദവിയും



ണ്ട് ചിത്രീകരിക്കുകയെന്നതാണ് ആദ്യത്തെ തന്ത്രം. രണ്ടാമത്തേതാകട്ടെ, പുരുഷന്മാരുടെ പ്രവൃത്തികളുമായി താരതമ്യപ്പെടുത്തി, സ്ത്രീസഹജമായ സാന്മർഗികതയെ ചിത്രീകരിക്കുകയെന്നതും. ഇവിടെ പരാമർശിക്കപ്പെടുന്ന പുരുഷന്മാർ രണ്ടുവിധത്തിലുള്ളവരാകാം: അവർ കുതന്ത്രക്കാരും ദുർമാർഗികളുമാകാം. അല്ലെങ്കിൽ സദുദ്ദേശ്യമുള്ളവരാണെങ്കിലും നിസ്സഹായരും സാഹചര്യങ്ങളുടെ സമ്മർദത്തിൽപ്പെട്ട് വലയുന്നവരുമാകാം. ഉദാഹരണമായി ഇപ്പോൾ കാണിച്ചുവരുന്ന *മാനസപുത്രി*യെന്ന പരമ്പര എടുക്കാം സ്ത്രീകളുടെ സദ്ഗുണത്തെപ്പറ്റിയുള്ള പാടിപ്പതിഞ്ഞ പ്രതീകത്തെയാണ് ഈ പരമ്പര ആശ്രയിക്കുന്നത്. പ്രധാനപ്പെട്ട രണ്ടു സ്ത്രീകഥാപാത്രങ്ങളും കുറെ ഉപകഥാപാത്രങ്ങളുമാണിതിൽ.. പ്രധാനപ്പെട്ട കഥാപാത്രങ്ങൾ രണ്ടും അവിവാഹിതരായതിനാൽ അവരെ രണ്ടുപേരെയും സ്ത്രീത്വത്തിലേക്കുള്ള വഴികാട്ടികളായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ഇതിൽ അടങ്ങിയിരിക്കുന്ന സന്ദേശം സ്ത്രീത്വം യഥോചിതം നേടുവാൻ കഴിയും എന്നാണ്. ഇതിലൊരു വിവാഹവുമായി ബന്ധപ്പെട്ട് മുഖ്യകഥാപാത്രത്തിന്റെ സാന്മാർഗികതയില്ലായ്മ, വളരെ ചിന്തോദ്ദീപകമായ രീതിയിൽ, കാണിക്കുകയുണ്ടായി. 'ചീത്ത പെൺകുട്ടി'യെ പ്രതിനിധാനം ചെയ്യുന്ന മുഖ്യകഥാപാത്രം തരിമ്പും മാനുഷികവികാരങ്ങളില്ലാത്ത ഒരാളായിട്ടാണ് പൊതുവെ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. ചതിയും കുതന്ത്രവും കൊണ്ട് നേട്ടമുണ്ടാക്കാനാണ് അവളുടെ ശ്രമം. പോറ്റമ്മയുടെ സ്പഷ്ടവും അസന്ദിഗ്ധവുമായ പാതിവ്രത്യത്തെക്കുറിച്ച് അവൾ നടത്തുന്ന അഭിപ്രായ പ്രകടനമാണ് രസകരം (സ്വന്തം താലിയെ മുറുകെപ്പിടിച്ചുകൊണ്ട്, ഭർത്താവിനോട് അവർ പുലർത്തുന്ന ഭക്തിയെക്കുറിച്ച് പോറ്റമ്മ ഒരു ചെറുപ്രഭാഷണം അവൾക്കു നൽകിയിരുന്നു). ശരിക്കും, അവൾക്ക് വിവാഹത്തെക്കുറിച്ചുള്ള ഗിരിപ്രഭാഷണങ്ങളൊക്കെ മടുപ്പാണുണ്ടാക്കുന്നത്. വിവാഹത്തോടുള്ള വെറുപ്പും അതിനോടനുബന്ധിച്ച മറ്റു വികാരങ്ങളുമെല്ലാം അവളുടെ സ്വഭാവഗതിക്കു യോജിച്ചതുതന്നെ. അവളുടെ സ്ത്രീസഹജമായ സന്മാർഗമില്ലായ്മയെ ഊട്ടിയുറപ്പിക്കുന്നതും മനുഷ്യത്വത്തെ ചോദ്യം ചെയ്യുന്നവയുമാണ് അവയെല്ലാം. വിവാഹത്തെ പുച്ഛിച്ചുതള്ളുന്നത് സ്ത്രീ സദാചാരത്തിന്മേലുള്ള ഒരു കടന്നാക്രമണവും മനുഷ്യത്വത്തിന്റെ നിഷേധവുമാണെന്ന വ്യാഖ്യാനം

കാരണത്താൽ തന്നെ വിവാഹിതരാകാൻ കഴിവില്ലാതെ പോകുന്നത് ലൈംഗികതയെക്കുറിച്ചുള്ള സംശയങ്ങൾക്ക് വഴിവയ്ക്കുകയും അവമതിക്കു കാരണമായിത്തീരുകയും ചെയ്യുന്നു.

സ്ത്രീത്വത്തിന്റെ സാമൂഹിക നിർമിതിയെക്കുറിച്ചും അതിന്റെ കെട്ടുപാടുകൾക്കതീതമായി ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിന് സ്ത്രീകൾക്ക് കഴിയാത്ത സാഹചര്യത്തെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ, പൊതു സമ്മതി നേടിയിട്ടുള്ള ടി.വി തുടർക്കഥകൾ നോക്കിയാൽ മതി. ഏറ്റവും തിരക്കുള്ള നേരങ്ങളിൽ കാണിക്കുന്ന പരമ്പരകളിൽ ഭൂരിഭാഗവും സ്ത്രീത്വവും വിവാഹവും തമ്മിലുള്ള വിഷയങ്ങളെപ്പറ്റി ഉള്ളവയാണ്. ഇത് യാദൃശ്ചികമല്ല. *സ്ത്രീ, കുടുംബിനി, സിന്ദൂരരേഖ, മാനസപുത്രി, പവിത്ര ജയിലിലാണ്* എന്നിവ ഇക്കൂട്ടത്തിൽ ചിലതു മാത്രം. സ്ത്രീത്വത്തെ വിവാഹവുമായി കൂട്ടിയിണക്കിയുള്ള സാമൂഹിക സങ്കല്പത്തെ ഊട്ടിയുറപ്പിക്കുന്ന പരമ്പരകൾ എല്ലാ ടെലിവിഷൻ ചാനലുകളിലും അമ്പരപ്പിക്കുന്ന വിധത്തിൽ തുടരെ പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ പരമ്പരകൾ വിഭിന്ന സാഹചര്യങ്ങളിൽപ്പെട്ട സ്ത്രീകൾക്കെല്ലാം വിവാഹം എത്രത്തോളം പ്രാധാന്യമുള്ളതാണെന്നു ചർച്ചചെയ്യുന്നു. അവ സ്ത്രീകളെപ്പറ്റിയുള്ള പഴകിപ്പതിഞ്ഞ രൂപമാതൃകകൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനാണ് വഴിയൊരുക്കുന്നത്. നല്ല സ്ത്രീയുടെ പ്രതിരൂപം സൃഷ്ടിക്കുന്നതിന് അവ രണ്ടു തന്ത്രങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്. തികച്ചും സ്ത്രൈണമായ ഒരു സദാചാര നിയമമനുസരിച്ച് നല്ല സ്ത്രീയെ ചീത്ത സ്ത്രീയുമായി താരതമ്യപ്പെടുത്തിക്കൊ

സ്ത്രീത്വത്തിന്റെ സാമൂഹിക നിർമിതിയെക്കുറിച്ചും അതിന്റെ കെട്ടുപാടുകൾക്കതീതമായി ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിന് കഴിയാത്ത സാഹചര്യത്തെക്കുറിച്ചും മനസ്സിലാക്കണമെങ്കിൽ, പൊതുസമ്മതി നേടിയ ടി.വി തുടർക്കഥകൾ നോക്കിയാൽ മതി.

സ്ത്രീ സദാചാരത്തെ വിവാഹവുമായി താദാത്മ്യപ്പെടുത്തുന്നു. മറുവശത്ത്, പോറ്റമ്മ ഭർത്താവിനോടുള്ള തന്റെ പരിപൂർണഭക്തി വെളിപ്പെടുത്തുന്നു– ഭർത്താവ് നിർദയമായി പെരുമാറിയിട്ടുപോലും. ഇവിടെ, ഭർത്താവിനെ ജന്മനാ നല്ലവനും എന്നാൽ വളർത്തു മകളുടെ ഏഷണിമൂലം വഞ്ചിക്കപ്പെട്ടവനും ആയിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ഈ പരമ്പരയിൽ, രണ്ടാമത്തെ മുഖ്യ കഥാപാത്രമാണ് സ്ത്രീസദാചാരത്തെ പ്രതിനിധീകരിക്കുന്നത്. ആദ്യം പറഞ്ഞ പെൺകുട്ടിയുടെ തന്നെ പ്രായമുണ്ടിവൾക്കും. പക്ഷേ, ത്യാഗസന്നദ്ധതയും അച്ചടക്കവും ഇഷ്ടപ്പെട്ട പുരുഷനുമായുള്ള വിവാഹപ്രതീക്ഷയും വച്ചുപുലർത്തുന്നവളാണിവൾ. ദൃശ്യമാധ്യമം പരക്കെ ലഭ്യമായിട്ടുണ്ടെന്നും വിറ്റു കാശാക്കാൻ പറ്റിയ പ്രമേയങ്ങളായി ഇത്തരം കാര്യങ്ങൾ പതിവായി അവതരിക്കപ്പെടാറുണ്ടെന്നും എടുത്തുപറയേണ്ടതുണ്ട്.

സ്ത്രീകളുടെ ജീവിതത്തിൽ വിവാഹത്തിനുള്ള പ്രാമുഖ്യത്തിന്റെ ഏറ്റവും പ്രധാന സൂചന ഭാഷ തന്നെയാണ്. വിവാഹം കഴിക്കാനുള്ള പ്രായം കഴിഞ്ഞ, വിവാഹിതരല്ലാത്തവരും വിവാഹം നടത്തുന്ന കാര്യത്തിൽ ആകാംക്ഷയില്ലാത്തവരുമായ സ്ത്രീകളോടു പലപ്പോഴും ചോദിക്കാറുള്ള ഒരു ചോദ്യം ഇതാണ്: നിങ്ങൾക്കും ഒരു ജീവിതം വേണ്ടേ? വേറെയും ഉദാഹരണങ്ങളുണ്ട്, ഉദാഹരണമായി, വളരെ പരിശ്രമങ്ങൾക്കും വൈഷമ്യങ്ങൾക്കും ശേഷം ഒരു പെൺകുട്ടിയുടെ വിവാഹം നിശ്ചയിക്കപ്പെടുമ്പോൾ ജനങ്ങൾ പറയാറുള്ളത് ഓ, അവൾ രക്ഷപ്പെട്ടു അല്ലെങ്കിൽ അവൾക്ക് ഒരു ജീവിതം കിട്ടി, എന്നൊക്കെയാണ്. കൂടുതൽ പ്രധാനപ്പെട്ട കാര്യം, വിവാഹിതരല്ലാത്ത സ്ത്രീകൾ പലപ്പോഴും ചിത്രീകരിക്കപ്പെടാറുള്ളത് പിൻതള്ളപ്പെട്ടവർ എന്നാണ്. അവർക്കു വേണ്ടി ആരും വന്നില്ല എന്നാണ് സമൂഹം കരുതുക. എന്നാൽ പുരുഷന്മാരുടെ ജീവിതത്തെയും വ്യക്തിത്വത്തെയും നിർണയിക്കുന്ന സാഹചര്യങ്ങളിൽ ഒരു വ്യത്യാസമുണ്ട്. പൂർണ വ്യക്തിത്വം നേടുന്നതിന് വിവാഹത്തിനു അവിടെയും സുപ്രധാന സ്ഥാനമുണ്ട്. എങ്കിലും പുരുഷന്മാരുടെ ജീവിതം നിർവചിക്കപ്പെടുന്നത് വൈവാഹികാവസ്ഥയുടെ അടിസ്ഥാനത്തിലല്ല. മറിച്ച്, പൗരുഷം നിർവചിക്കപ്പെടുന്നത് ഭാര്യയെയും കുഞ്ഞുങ്ങളെയും പുലർത്തുന്നതിനുള്ള കഴിവിന്റെ അടിസ്ഥാനത്തിലാണ്. അതിന്, ഏതെങ്കിലും വിധത്തിലുള്ള ജോലിയിലൂടെ ലഭ്യമാകുന്ന വരുമാനം വേണം. അങ്ങനെ നോക്കുമ്പോൾ പുരുഷന്മാരുടെ പ്രാഥമിക ലക്ഷ്യം വിവാഹബാഹ്യമായ ജോലിയാണ്. എന്നാൽ സ്ത്രീകളുടെ ഊർജശക്തി മുഴുവൻ കേന്ദ്രീകൃതമാകുന്നത് പ്രധാനമായും വിവാഹത്തിലാണ്. തൊഴിലൊക്കെ ഏറിവന്നാൽ രണ്ടാം പരിഗണന മാത്രം. കേരളത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം സംബന്ധിച്ച കണക്കിൽ നിന്ന് ഇക്കാര്യം വ്യക്തമാവും (25 ശതമാനത്തിൽ കുറവാണിത്. അഖിലേന്ത്യാ ശരാശരിയെക്കാൾ താഴെ). തൊഴിലെടുക്കുന്നവർ പോലും സാമ്പത്തിക പ്രശ്നങ്ങൾ മൂലമാണ് അത് ചെയ്യാൻ തയ്യാറാവുന്നത്. ഒരു കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ വീടിനു പുറമെ കൂലിക്കുവേണ്ടി കായികാധ്വാനം നടത്തുന്നതിൽ നിന്ന് സ്ത്രീകൾ സാധാരണയായി പിൻവലിക്കപ്പെടുന്നു. സ്ത്രീകൾ അനുഭവിക്കുന്ന ഇരട്ടി അധ്വാനഭാരത്തിന്റെ പേരിലാണ് ഇത് പലപ്പോഴും വിശദീകരിക്കപ്പെടാറുള്ളതെങ്കിലും ഇതിൽ സമൂഹത്തിന്റെ കാഴ്ചപ്പാടുകളും അന്തർഭവിച്ചിട്ടുണ്ട്. ജോലിക്കാരായ അമ്മമാർ തങ്ങളുടെ പെൺമക്കളെ വീട്ടമ്മമാരായിക്കാണാനാണ് (ജോലിക്കാരായി കഷ്ടപ്പെടുന്നതിനെക്കാൾ) ആഗ്രഹിക്കുന്നത്. മകളെ സംരക്ഷിച്ചുകൊള്ളുമെന്ന് അവർ വിചാരിക്കുന്ന പുരുഷന് സ്ത്രീധനം നൽകുന്നതിനു വേണ്ടി ആകെ കൈവശമുള്ള ഭൂസ്വത്തുക്കളും തങ്ങൾ ജോലി ചെയ്യുന്ന ഫാക്ടറികളിൽ നിന്നു കിട്ടുന്ന ക്ഷേമാനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിന് അവർ മടിക്കാറില്ല. വരുമാന ശ്രേണിയുടെ ഉയർന്ന തലങ്ങളിലുള്ള സ്ത്രീകൾ ജോലിക്കു പോകുന്നതിൽ സാമ്പത്തിക സമ്മർദങ്ങളുടെ പങ്ക് കുറവാണ്. പക്ഷേ, കൂടുതൽ

> **പുതിയ സാമൂഹികാദർശങ്ങളിൽ വിവാഹത്തിനു പരമപ്രാധാന്യം കല്പിച്ചു കൊടുത്തിരിക്കുന്നു. സ്ത്രീപുരുഷ ബന്ധങ്ങളിൽ ഒട്ടും തന്നെ സമത്വാധിഷ്ഠിതമല്ലാത്ത ഒരു സമ്പ്രദായമാണിത്.**

ശ്രദ്ധേയമായ കാര്യം, വിദ്യാഭ്യാസത്തിലും ആരോഗ്യപരിപാലനത്തിലുമാണ് സ്ത്രീത്തൊഴിലാളികൾ കേന്ദ്രീകരിച്ചിരിക്കുന്നത് എന്നതാണ്. ഇവ രണ്ടും പരിചരണ പ്രധാനങ്ങളായ തൊഴിലുകളായിട്ടാണു കരുതപ്പെടുന്നത്. സ്ത്രീകൾക്കുണ്ടെന്നു കരുതപ്പെടുന്ന ഗാർഹിക പരിചരണ കഴിവുമായി ഇവ ചേർന്നു പോകുന്നു. സ്ത്രീകളുടെ വീട്ടുജോലിയുടെ തുടർച്ചയായിട്ട് ഇവയെ കാണുന്നതുകൊണ്ട് ഇവ വളരെ മാന്യവുമായി കരുതപ്പെടുന്നു.

കേരളത്തിൽ സ്ത്രീ താത്പര്യങ്ങളും വിവാഹവും തമ്മിലുള്ള അടുത്ത ബന്ധം യഥാർത്ഥത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ സൃഷ്ടിയാണ്. പരമ്പരാഗതമായതോ ആധുനിക യുഗത്തിനു മുമ്പുള്ള ഒരു ജന്മിത്ത വ്യവസ്ഥയുടെ അവശിഷ്ടമോ അല്ല ഇത്. തികച്ചും ആധുനികവും, പുരോഗമനോന്മുഖവും സ്വാതന്ത്ര്യദായകവുമെന്നു പരക്കെ കരുതപ്പെടുന്ന സാമൂഹിക പരിവർത്തനത്തിനുള്ളിൽ രൂപം കൊണ്ടതുമാണിത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ കാലങ്ങളിൽ സാമൂഹിക പരിവർത്തനത്തിനു വേണ്ടിയുള്ള സമരങ്ങളുടെ ഒരു വേലിയേറ്റം തന്നെയുണ്ടായി. നവോത്ഥാനത്തിന്റെയും ഇടതുപക്ഷ ചിന്താഗതികളുടെയും പുരോഗമനാശയങ്ങളിൽ നിന്നുണ്ടായ സമരങ്ങളും സാമൂഹിക പ്രസ്ഥാനങ്ങളും ഇതിലുൾപ്പെടും. ദാമ്പത്യബന്ധത്തെ കേന്ദ്രബിന്ദുവായി അംഗീകരിക്കുന്ന ഒരു കുടുംബമാതൃകയായിരുന്നു ഇത്തരം പ്രസ്ഥാനങ്ങളുടെ സഹജസ്വഭാവം. യഥാർഥത്തിൽ ദാമ്പത്യ ബന്ധത്തിനുള്ള ഈ അഭിനിവേശം നേരത്തെ നിലനിന്നിരുന്ന കുടുംബരീതികളോടുള്ള പ്രതിഷേധത്തിന്റെ ഭാഗമായിരുന്നു. അത്തരം കുടുംബരീതികളിൽ ദാമ്പത്യം. തലമുറകൾതമ്മിലും ജന്മിത്ത കുടിയാൻ ബന്ധങ്ങൾക്കുള്ളിലും ഉള്ള വിലപേശലുകളിലൂടെയാണ് നിലനിന്നിരുന്നത്. ഇതിനർത്ഥം ഒരു പുരുഷന് വിവാഹം കഴിച്ചതുകൊണ്ടു മാത്രം ഭാര്യയുടെമേൽ സുവ്യക്തമായ അധികാരം അനുവദിക്കപ്പെട്ടിരുന്നില്ല എന്നാണ്. അയാൾ അയാളുടെ അവകാശവാദങ്ങൾ കുടുംബത്തിലെ തലമുറയനുസരിച്ചുള്ള അധികാരകേന്ദ്രങ്ങളിലൂടെ വേണമായിരുന്നു സ്ഥാപിച്ചെടുക്കേണ്ടത്. അല്ലെങ്കിൽ കാർഷിക വ്യവസ്ഥയിലെ ജന്മിത്ത അധികാരകേന്ദ്രത്തിലൂടെ. ഈ സന്ദർഭത്തിൽ ഭർത്താവാണ് തന്റെ ഭാര്യയുടെ നിയമപ്രകാരമുള്ള സംരക്ഷകൻ, അതായത് അവളുടെ ലൈംഗികത, സ്വത്ത്, അധ്വാനം എന്നിവയുടെയെല്ലാം ഉടമ എന്ന ഭർത്താവിന്റെ അവകാശവാദം ന്യായം മാത്രമല്ല പുരോഗമനപരവുമായി കരുതപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് എത്തിച്ചേർന്നതും സ്വാതന്ത്ര്യാനന്തരകാലത്തെ സാമൂഹിക നയങ്ങളിൽ ഉൾച്ചേർന്നിട്ടുള്ളതുമായ പുതിയ സാമൂഹികാദർശങ്ങളിൽ വിവാഹത്തിനു പരമപ്രാധാന്യം കല്പിച്ചു കൊടുത്തിരിക്കുന്നു. സ്ത്രീപുരുഷ ബന്ധങ്ങളിൽ ഒട്ടും തന്നെ സമത്വാധിഷ്ഠിതമല്ലാത്ത ഒരു സമ്പ്രദായമാണിത്.

അതിന്റെ അർഥമിതാണ് – സ്ത്രീകളുടെ സുസ്ഥിതിയും ദുസ്ഥിതിയും നിർണയിക്കുന്ന സാമൂഹിക ചട്ടക്കൂടിന് വലിയ സ്ഥാനമുണ്ട്. ഈ ചട്ടക്കൂടിനെ പരിശോധിക്കാത്ത ഏത് ചർച്ചയും സ്ത്രീത്വത്തിന് ആരോപിക്കപ്പെടുന്ന സാംസ്കാരികമായ അർത്ഥങ്ങളെ ആവർത്തിച്ചുറപ്പിക്കുമെന്ന അപകടവുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഇന്നത്തെ കേരളത്തിൽ സ്ത്രീകൾ വിവാഹമെന്ന സ്ഥാപനത്തിൽ ബന്ധനസ്ഥരായിരിക്കയാണ്. (ഒറ്റയ്ക്കുനിന്ന് പൊരുതാനുള്ള അസാമാന്യമായ കരുത്തുനേടിയില്ലെങ്കിൽ) വിവാഹത്തിന് വളരെ മുമ്പു തന്നെ അവരുടെ ജീവിതങ്ങൾ നിർണയിക്കപ്പെടുന്നത് വിവാഹത്തെ മുൻനിർത്തിയാണ്. വിവാഹം വേർപെടുകയോ വിവാഹമോചനം നേടുകയോ വിധവയാകുകയോ ചെയ്തതിനുശേഷവും കഥയിതു തന്നെ.■

*തിരുവനന്തപുരത്തെ സി.ഡി.എസിൽ ലക്ചററാണ് ലേഖിക*

സ്ത്രീപക്ഷ കാഴ്ചകൾ

■ പി. കെ സൈനബ




# വനിതാ കമ്മീഷനും കേരളത്തിലെ സ്ത്രീകളും

കേരളത്തിലെ സ്ത്രീകളുടെ താങ്ങും തണലുമായി കേരളവനിതാകമ്മിഷൻ പ്രവർത്തിച്ച് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. കൂടുതൽ ജനകീയമായും വികേന്ദ്രീകരിച്ചും വനിതാ കമ്മിഷന്റെ സേവനം നമ്മുടെ സമൂഹത്തിന് ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം

മാറിയ കാലഘട്ടത്തിൽ ശാസ്ത്ര സാങ്കേതിക വിദ്യകൾ പുരോഗമിച്ചപ്പോൾ സ്ത്രീ പ്രശ്നങ്ങളും പുതിയ ദിശയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അടിയും ഇടിയും സമ്പത്ത് ആവശ്യപ്പെട്ടുള്ള മാനസികപീഡകളും പോലുള്ള ഗാർഹിക പീഡനങ്ങൾ ഒരു ഭാഗത്ത് നടക്കുമ്പോൾ എസ് എം എസും ഇന്റെർനെറ്റും ഉപയോഗിച്ചുള്ള സ്ത്രീ പീഡനങ്ങൾ മറുവശത്ത് നടക്കുകയാണ്. സ്വന്തം ഭാര്യയെ കാൾഗേൾ ആണെന്ന് പരിചയപ്പെടുത്തി ആയിരക്കണക്കിനാളുകൾക്ക് ഫോട്ടോയും എസ് എം എസും അയയ്ക്കുന്നു. അതും പോരാഞ്ഞിട്ട് ഭാര്യയുടെ ഫോട്ടോ മോർഫിങ് നടത്തി വീണ്ടും പലർക്കായി അയച്ചുകൊടുക്കുന്നു. ഇന്റർനെറ്റ് കഫേകളിൽ എത്തുന്ന കുട്ടികളെ കംപ്യൂട്ടർ മെമ്മറികളിൽ സൂക്ഷിച്ചിരിക്കുന്ന നീലച്ചിത്രങ്ങൾ കാണിച്ച് ബ്ലാക്ക് മെയിൽ ചെയ്യാനുള്ള ശ്രമം നടക്കുന്നു.

സാമ്പത്തികമായ നേട്ടങ്ങൾ മാത്രമാണ് ജീവിതത്തിൽ ഏറ്റവും വലുത് എന്ന ചിന്തയുള്ള ഈ കാലഘട്ടത്തിൽ മനുഷ്യബന്ധങ്ങൾ വരെ അത്തരത്തിലാവുന്നതിന്റെ ഭാഗമായി കുടുംബ ബന്ധങ്ങൾ തകർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഉപഭോക്തൃ സംസ്കാരത്തിന് കേരളത്തിലെ യുവതലമുറ കൂടുതൽ അടിമപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ സമൂഹത്തിൽ ഹൃദയബന്ധങ്ങൾക്ക് ഊഷ്മളത നഷ്ടപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ മാറിയ സമകാലീന സാഹചര്യങ്ങളിൽ സംസ്ഥാന വനിതാ കമ്മീഷന്റെ പ്രസക്തിയും പ്രാധാന്യവും കൂടുതൽ വർധിച്ചിരിക്കുകയാണ്. ഈ പ്രാധാന്യം മനസിലാക്കി പ്രവർത്തിക്കുവാനുള്ള ശ്രമമാണ് പരിമിതികൾക്കുള്ളിലും കമ്മീഷൻ നടത്തിവരുന്നത്. കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും നിലവിലുള്ള നിയമങ്ങളുടെ പരിരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വേണ്ടി 1995 ൽ രൂപം കൊണ്ട കേരള വനിതാ കമ്മിഷനിൽ ഇപ്പോൾ ചെയർമാൻ ഉൾപ്പടെ 6 അംഗങ്ങളാണ് ഉള്ളത്.

വിവാഹബന്ധം ആരംഭിക്കുന്നത് തന്നെ മിക്കപ്പോഴും വലിയ സാമ്പത്തിക ഇടപാടായിട്ടാണ്. അതല്ലാതെ മനസ്സിനിണങ്ങിയ ജീവിതകാഴ്ചപ്പാടുള്ള ഇണയെ തിര

# കേരള വനിതാ കമ്മിഷൻ

കേരള നിയമസഭ പാസ്സാക്കിയ 1990-ലെ കേരള വനിതാ കമ്മിഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ 1996-ലാണ് കേരള വനിതാ കമ്മിഷൻ നിലവിൽ വന്നത്. സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുക സ്ത്രീകളെ ബാധിക്കുന്ന അതിക്രമങ്ങളെക്കുറിച്ചും നീതി നിഷേധങ്ങളെക്കുറിച്ചും അന്വോഷിക്കുക, സ്ത്രീ ശാക്തീകരണത്തിനുതകുന്ന പദ്ധതികളാവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും സർക്കാരിന് ശുപാർശകൾ നൽകുക, സ്ത്രീ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുക തുടങ്ങിയവയാണ് വനിതാ കമ്മിഷന്റെ പ്രധാന ചുമതലകൾ. സിവിൽ പ്രോസീഡർ കോഡ് പ്രകാരമുള്ള കേസുകൾ വിസ്തരിക്കുവാൻ ഒരു സിവിൽകോടതിക്കുള്ള അധികാരത്തിന് തുല്യമായ അധികാരം കേരള വനിതാകമ്മിഷനുണ്ട്. സാക്ഷികളെ വിളിച്ചുവരുത്തി വിസ്തരിക്കുന്നതിനും പൊതുസ്ഥാപനങ്ങളിൽ നിന്നും രേഖകൾ ആവശ്യപ്പെടുന്നതിനും സാക്ഷിവിസ്താരത്തിനായി കമ്മിഷനുകളെ നിയോഗിക്കുന്നതിനും കമ്മിഷന് അധികാരമുണ്ട്.

ക്യാബിനറ്റ് മന്ത്രിയുടെ പദവിയുള്ള ചെയർ പേഴ്സൺ, ഡെപ്യൂട്ടി സ്പീക്കറുടെ പദവിയുള്ള നാല് അംഗങ്ങൾ, നയപരവും ഭരണപരവുമായ ചുമതലയുള്ള മെമ്പർ സെക്രട്ടറി അന്വോഷണാധികാരമുള്ള ഡയറക്ടർ എന്നിവരടങ്ങുന്നതാണ് ഇപ്പോഴത്തെ കമ്മിഷൻ. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ പാസ്സാക്കിയ വനിതാ കമ്മിഷൻ ഭേദഗതി നിയമപ്രകാരമാണ് കമ്മിഷന്റെ അംഗസംഖ്യ ആറായി ഉയർന്നത്. എസ് സി, എസ് ടി പ്രാതിനിധ്യവും ഉറപ്പാക്കിയിട്ടുണ്ട്.

ഞ്ഞെടുക്കുക എന്നുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ല. ഇവിടെയാണ് നമ്മുടെ രാജ്യത്ത് സ്ത്രീകൾക്ക് അനുകൂലമായി ഉണ്ടാക്കിയിട്ടുള്ള സ്ത്രീധനനിരോധന നിയമം നടപ്പാകാതെ പോകുന്നത്. സ്ത്രീധനം വാങ്ങുന്നതും നൽകുന്നതും ശിക്ഷാർഹമാണെന്ന ബോധം കേരള സമൂഹത്തിൽ വളർത്തുന്നതിന് പ്രാധാന്യം നൽകി ഇന്ന് എല്ലാ മേഖലകളിലും വനിതാകമ്മിഷൻ ക്ലാസുകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കയാണ്.

ലോകത്താകെ വളർന്നുവന്നിട്ടുള്ള പെൺവാണിഭങ്ങൾ 90കൾക്ക് ശേഷം കേരളത്തിലും മുമ്പ് കേട്ടുകേൾവിയില്ലാത്ത വിധം വളർന്നുവന്നിരിക്കയാണ്. ഇതിനിരയാക്കപ്പെടുന്ന പെൺകുട്ടികളുടെ പിന്നീടുള്ള ജീവിതവും വളരെ വലിയ പ്രശ്നമായി മാറിക്കൊണ്ടിരിക്കയാണ്. ഇത്തരം വിഷയങ്ങളിൽ വനിതാകമ്മിഷൻ ശക്തമായി ഇടപെടുന്നുണ്ട്. ഇരകളെ സംരക്ഷിക്കുകയും ചെയ്യുന്നു. പ്രണയം അഭിനയിച്ചും പുതിയ ജീവിത ശൈലികളിലേയ്ക്ക് ആകർഷിച്ചും നമ്മുടെ പെൺകുട്ടികളെ വശത്താക്കാൻ ഇത്തരം സെക്സ് മാഫിയകൾ ശ്രമിക്കുമ്പോൾ അതിനെതിരായ നല്ല അവബോധം നമ്മുടെ പെൺകുട്ടികൾക്കും അമ്മമാർക്കും ഉണ്ടാവണമെന്നാണ് കമ്മിഷൻ കാണുന്നത്. വളർന്നുവരുന്ന പെൺകുട്ടികളോട് മനസ്സുതുറന്ന് കാര്യങ്ങൾ സംസാരിക്കാൻ വീട്ടിലെ മുതിർന്നവർ, പ്രത്യേകിച്ച് അമ്മമാർ ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളുടെ പഠനകാര്യങ്ങളിൽ മാത്രം ഊന്നിയുള്ള ഉപദേശ നിർദേശങ്ങൾ പോര വളർന്നു വരുന്ന ഒരു പെൺ കുട്ടിക്ക്. എന്നാൽ ഇന്ന് അമ്മമാരടക്കം അത്തരം കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കുകയും മറ്റു ശാരീരികവും മാനസികവുമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ സമയം കണ്ടെത്താതിരിക്കുകയും ചെയ്യുന്നു എന്നുള്ള അനുഭവങ്ങൾ വനിതാ കമ്മിഷനിൽ വരുന്ന പല കേസുകളിലും കാണാൻ കഴിയുന്നുണ്ട്. ഇന്ന് അങ്ങനെയുള്ളവർക്ക് അമ്മയാകുന്നത് വനിതാ കമ്മിഷൻ അംഗങ്ങളാണ്. എല്ലാം തുറന്ന് പറഞ്ഞ് അവർ മാനസികഭാരങ്ങളും പിരിമുറുക്കങ്ങളും ഇറക്കിവയ്ക്കുന്ന അനുഭവം ഞങ്ങൾക്കുണ്ട്.

വനിതാ കമ്മിഷൻ വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ അനുഭവിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായാണ് 14 ജില്ലകളിലും വിധവകളുടെയും വനിതാ വ്യവസായികളുടെയും പ്രശ്നങ്ങൾ സംബന്ധിച്ച ശിൽപ്പശാലകൾ സംഘടിപ്പിച്ചത്.

വിധവാവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം എന്നൊക്കെ തത്വത്തിൽ നമ്മൾ അംഗീകരിക്കുന്നുണ്ടെങ്കിലും ചെറിയ പ്രായത്തിൽ വിധവകളാകുന്നവർ പല രീതിയിലുള്ള സാമൂഹികവും ശാരീരികവുമായ പ്രയാസങ്ങൾ അനുഭവിക്കുന്നതായാണ് മനസ്സിലാക്കാനാവുന്നത്. എന്നാൽ ഭാര്യ മരണപ്പെട്ട് പോകുന്ന വിഭാര്യർ പലപ്പോഴും ദുഃഖമനുഭവിക്കുന്ന ഒരു വിധവയെയല്ല പിന്നീട് ഇണയായി തിരഞ്ഞെടുക്കുന്നത്, വിവാഹം കഴിച്ചിട്ടില്ലാത്ത സ്ത്രീകളെയാണ്. വിധവകളുടെ പുനർവിവാഹത്തെ ഒരു സാമൂഹിക പ്രശ്നമായി നമ്മുടെ സമൂഹം കാണണമെന്ന അഭിപ്രായമാണ് കമ്മിഷനുള്ളത്.

ആഗോളവത്കരണത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന കമ്പോളത്തിൽ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത വനിതാ വ്യവസായികളുടെ പ്രശ്നങ്ങളും വനിതാക്കമ്മിഷൻ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. ദുർബല വിഭാഗങ്ങൾ എന്ന നിലയിൽ പ്രയാസപ്പെടുമ്പോഴും സ്വതന്ത്രമായി ഒരു സ്ഥാപനം നടത്തുമ്പോഴുണ്ടാകുന്ന മാനേജീരിയൽ കപ്പാസിറ്റി ഉണ്ടാക്കാൻ വനിതാവ്യവസായ സംരംഭകർക്കാവുന്നു എന്ന ഗുണപരമായ വശവും വനിതാ കമ്മിഷൻ കാണുന്നുണ്ട്.

കേരളത്തിലെ സ്ത്രീകൾ വിദ്യാഭ്യാസപരമായി മുന്നിലാണെങ്കിലും നിയമപരമായ പരിരക്ഷയെ കുറിച്ചുള്ള അവബോധത്തിൽ പുറകിലാണ്. സ്ത്രീകളെ എങ്ങനെയാണ് പരിഗണിക്കേണ്ടത് എന്ന് നമ്മുടെ പുരാതന സംസ്കാരങ്ങളിലൊക്കെ പറയുന്നുണ്ടെങ്കിലും അത്തരം ഗുണപരമായ പരിഗണനകൾ ലഭ്യമാകുന്നില്ലെന്നു മാത്രമല്ല പഴഞ്ചൻ ആചാരങ്ങളിൽ പറയുന്ന ദോഷകരമായ വശങ്ങൾ പ്രാമുഖ്യം നേടുകയും ചെയ്യുന്നു എന്നതാണ് ഇന്നത്തെയും അവസ്ഥ.

ഏതെങ്കിലും പെൺകുട്ടികൾ തന്റേടത്തോടെ സ്വന്തം കാര്യങ്ങൾ തീരുമാനിക്കാൻ ശ്രമിച്ചാൽ അതടിച്ചമർത്താൻ ശ്രമിക്കുന്നു. എന്നു മാത്രമല്ല കുടുംബത്തിന്റെ ഇഷ്ടത്തിനു വിരുദ്ധമായി സ്വന്തം ഇണയെ തിരഞ്ഞെടുക്കാൻ ഒരു പെൺകുട്ടി തീരുമാനിച്ചാൽ അവളുടെ സ്വത്തവകാശങ്ങൾ പോലും നിഷേധിക്കുന്നു. പെൺകുട്ടികളുടെ കാര്യങ്ങളെല്ലാം മറ്റു പുരുഷൻമാരായ കുടുംബാംഗങ്ങൾ മാത്രം തീരുമാനിക്കേണ്ടതാണെന്ന ചിന്ത മാറേണ്ടതുണ്ട്.

കേരളത്തിലെ സ്ത്രീകളുടെ താങ്ങും തണലുമായി കേരളവനിതാകമ്മിഷൻ പ്രവർത്തിച്ച് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. കൂടുതൽ ജനകീയമായും വികേന്ദ്രീകരിച്ചും വനിതാ കമ്മിഷന്റെ സേവനം നമ്മുടെ സമൂഹത്തിന് ലഭ്യമാകണമെന്ന തിനാലാണ് സർക്കാരും വനിതാകമ്മിഷനും മുൻകയെടുത്തുകൊണ്ട് ഗ്രാമപഞ്ചായത്ത് ജാഗ്രതാ സമിതികളും പ്രവർത്തിക്കുന്നത്. വീട്ടുമുറ്റത്തൊരു കോടതി എന്ന രീതിയിൽ വാർഡുതല സമിതികൾ വരെ പ്രവർത്തനക്ഷമമാകുമ്പോഴാണ് പ്രശ്നങ്ങൾക്ക് നേരിട്ടിടപ്പെട്ട് അടിയന്തര പരിഹാരങ്ങളുണ്ടാക്കാനാവുക. അങ്ങനെ നമ്മുടെ സമൂഹത്തിന്റെ, പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷയും കുടുംബജീവിതത്തിന്റെ ഭദ്രതയും അതിലൂടെ മേൻമയുള്ള പുതിയതലമുറയെയും വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് കേരളവനിതാ കമ്മിഷനുള്ളത്.■

*വനിത കമ്മീഷൻ അംഗമാണ് ലേഖിക*

> കേരളത്തിലെ സ്ത്രീകൾ വിദ്യാഭ്യാസപരമായി മുന്നിലാണെങ്കിലും നിയമപരമായ പരിരക്ഷയെ കുറിച്ചുള്ള അവബോധത്തിൽ പുറകിലാണ്.

**അഞ്ചൽ കൃഷ്ണകുമാർ**

സ്ത്രീപക്ഷ കാഴ്ചകൾ

# പുഞ്ചിരിക്കുന്ന കണ്ണുകൾക്ക്...



സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. തന്നിമിത്തം വളരെയധികം പരാതികൾ വനിതാകമ്മീഷനിൽ നാൾക്കുനാൾ വന്നുകൊണ്ടിരിക്കുന്നു. വ്യക്തികളുടെ പരാതികളാണ് ഇന്ന് കൂടുതലായും വന്നുകൊണ്ടിരിക്കുന്നത്. ഇത്തരം കേസുകളെല്ലാം കൈകാര്യം ചെയ്യാൻ വനിതാ കമ്മീഷന് സമയമില്ല. കാരണം സ്ത്രീകളുടെ പൊതു താത്പര്യങ്ങളാണ് വനിതാകമ്മീഷൻ സംരക്ഷിക്കേണ്ടത്. അതിലേക്കായി വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തേണ്ടതുണ്ട്. അതിലേക്കുള്ള പഠനങ്ങൾ 14 ജില്ലകളിലും നടന്നുകൊണ്ടിരിക്കുന്നു. ഇതിനിടയിൽ വ്യക്തികളുടെ പ്രശ്നങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാൻ സാധിക്കുന്നില്ല. അതിനാലാണ് ജാഗ്രതാ സമിതികൾക്ക് രൂപം നൽകിയത്. 1997 ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ ജാഗ്രതാ സമിതികളും പഞ്ചായത്ത് ജാഗ്രതാ സമിതികളും ഉണ്ടാക്കാൻ നിർദേശിച്ചു.


## വനിതാ കമ്മീഷനിൽ പരാതി നൽകേണ്ടതെങ്ങനെ?

വീട്ടിനകത്തോ പുറത്തോ ശാരീരികമായോ മാനസികമായോ പീഡിപ്പിക്കപ്പെടുന്ന വനിതകൾ, അവസരസമത്വം നിഷേധിക്കപ്പെട്ട വനിതകൾ, സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്നവർ, ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ വിവേചനം അല്ലെങ്കിൽ പീഡനം അനുഭവിക്കുന്നവർ ഇവർക്കെല്ലാം വനിതാ കമ്മീഷനെ സമീപിക്കാവുന്നതാണ്. പരാതിക്കാരിയുടെയും എതിർ കക്ഷിയുടെയും ഫോൺ നമ്പർ ഉൾപ്പെടെയുള്ള പൂർണവിലാസത്തോടെ വെള്ളക്കടലാസിൽ എഴുതിയോ ടൈപ്പു ചെയ്തോ പരാതി നൽകാം/അയയ്ക്കാം. ഫാക്സ്, ഇ-മെയിൽ എന്നിവയിലൂടെയും പരാതി സ്വീകരിക്കും. പരാതി സ്വീകരിക്കുന്നതിന് കോർട്ട് ഫീസ് സ്റ്റാമ്പോ യാതൊരുവിധ ഫീസോ നൽകേണ്ടതില്ല. സ്ത്രീകളുമായി ബന്ധപ്പെട്ടല്ലാതെ പരാതികൾ സ്വീകരിക്കുകയോ പരാതി നൽകുന്നതിന് വക്കീലിന്റെ സേവനം സ്വീകരിക്കുകയോ ഇല്ല. സൗജന്യ നിയമസഹായം, കൗൺസലിങ് സേവനം എന്നിവ കമ്മീഷനിൽ ലഭ്യമാണ്. ഗൗരവമായ പ്രശ്നങ്ങളിൽപെട്ട് പരാതിയുമായെത്തുന്ന സ്ത്രീകൾക്ക് താത്കാലിക അഭയം നൽകുന്നതിനായി ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിക്കുന്നുണ്ട്.

**പരാതി അയയ്ക്കേണ്ട വിലാസം**
**ചെയർ പേഴ്സൺ, കേരള വനിതാ കമ്മീഷൻ, വാൻറോസ് ജംഗ്ഷൻ, യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം-34**
**ഫോൺ നമ്പരുകൾ**
ജസ്റ്റിസ് ഡി. ശ്രീദേവി, ചെയർപേഴ്സൺ - 0471-2320509
ടി.ദേവി, വനിതാ കമ്മീഷൻ അംഗം - 2322590
പി.കെ.സൈനബ, വനിതാ കമ്മീഷൻ അംഗം - 2322590
പ്രൊഫ.മീനാക്ഷി തമ്പാൻ, വനിതാ കമ്മീഷൻ അംഗം - 2322590
രുഗ്മിണി ഭാസ്കരൻ, വനിതാ കമ്മീഷൻ അംഗം - 2322590
വി.ശാന്താറാം ഐ.പി.എസ്., ഡയറക്ടർ - 0471-2322590
ബേബി രാമൻ, മെമ്പർ സെക്രട്ടറി - 0471-2337589
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, (പബ്ലിക് ഇൻഫർമേഷൻ ഓഫീസർ) - 0471-2337589
ലോ ഓഫീസർ, ഫിനാൻസ് ഓഫീസർ - 0471-2339878
ഫാക്സ് നമ്പർ - 0471-2320509
വെബ് സൈറ്റ് - www.kwc.kerala.gov.in
www.keralawomenscommission.gov.in
ഇ-മെയിൽ - www.keralawomenscommission@yahoo.co.in

ആർ. വേണുഗോപാൽ

# ഭർത്താവിനെ സ്നേഹിച്ചോളൂ പക്ഷേ, സർട്ടിഫിക്കറ്റ് കൊടുക്കണ്ട......



## സംസ്ഥാന വനിതാ കമ്മിഷൻ അധ്യക്ഷ ജസ്റ്റിസ് (റിട്ട) ഡി. ശ്രീദേവി

**വനിതാ കമ്മിഷനിൽ എത്തുന്ന കേസുകളുടെ പൊതുസ്വഭാവം എന്താണ്?**

**ജസ്റ്റിസ് (റിട്ട) ഡി. ശ്രീദേവി:** വസ്തു സംബന്ധമായും കുടുംബസംബന്ധമായും ഉള്ള കേസുകൾ, അസഭ്യം വിളിക്കുക, കാണിക്കുക, ക്രിമിനൽ കേസുകൾ, ഗാർഹിക പീഡനകേസുകൾ, അവിവാഹിതരായ അമ്മമ്മാരെ സംബന്ധിക്കുന്ന കേസുകൾ തുടങ്ങിയവയാണ് കൂടുതലും കമ്മീഷനിലെത്തുന്നത്. ഈ രീതിയിൽ വ്യക്തിഗതമായ കേസുകൾ പെരുകിയതു കാരണം വനിതാ കമ്മീഷന് അതിന്റെ മറ്റു ധർമങ്ങൾ നിറവേറ്റാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

സ്ത്രീകൾക്ക് നിയമസഹായം ചെയ്യുന്നതിനും അഭിഭാഷകന്റെ ഉപദേശങ്ങൾ സൗജന്യമായി നൽകുന്നതിനും ആവശ്യമെങ്കിൽ കേസ് നടത്തുന്നതിനും കമ്മീഷൻ സൗകര്യം ചെയ്യാറുണ്ട്. അതു

എന്നാൽ എല്ലാ പഞ്ചായത്തുകളിലും ജില്ലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചില്ല. രൂപീകരിച്ച ജില്ലാ ജാഗ്രതാ സമിതികൾ തന്നെ പ്രവർത്തന രഹിതമാവുകയും ചെയ്തു. പഞ്ചായത്തിൽ പല സ്ഥലത്തും സമിതികൾ ഉണ്ടായെങ്കിലും അവയും നിശ്ചലമായി. തുടർന്നാണ് 2007 ജൂൺ 2ന് സാമൂഹ്യ ക്ഷേമ വകുപ്പ് പഴയ ജാഗ്രതാ സമിതികൾ പുന സംഘടിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയത്. ഘടനയുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ജാഗ്രതാ സമിതി വ്യത്യസ്തമാണ്. ഗ്രാമ പഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും വനിതാ പഞ്ചായത്ത് മെമ്പറും പോലീസ് സബ് ഇൻസ്പെക്ടർ എസ്.സി.എസ്.ടി വിഭാഗത്തിലെ സാമൂഹ്യപ്രവർത്തകയും വനിതാ വക്കീലും പ്രൈമറി ഹെൽത്ത് സെന്ററിലെ ഒരു ഡോക്ടറും ഉൾപ്പെടുന്ന ഒരു സമിതിയാണ്. പഞ്ചായത്ത് അതിർത്തിക്കകത്തുള്ള സ്ത്രീകളുടെ പരാതികൾ ജാഗ്രതാ സമിതിയുടെ മുന്നിൽ സമർപ്പിക്കാം. ഈ സമിതി രണ്ടു കക്ഷികളെയും വിളിച്ചുവരുത്തി അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. എല്ലാ പഞ്ചായത്തുകളിലും ഇനിയും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടില്ല. ഓരോ പഞ്ചായത്തിലെയും പഞ്ചായത്ത് പ്രസിഡന്റുമാർ ജാഗ്രതയോടെ മുന്നോട്ട്പോയെങ്കിലേ ഈ സംവിധാനം ജനങ്ങൾക്കുപകരിക്കുന്ന രീതിയിൽ പ്രവർത്തിക്കാനാകൂ.

ഈ സമിതികൾ രൂപീകരിച്ചു പ്രവർത്തന ക്ഷമമാക്കിയാൽ അതതു സ്ഥലത്തെ സ്ത്രീകളുടെ പ്രശ്നങ്ങൾ അതതു സ്ഥലത്തു വച്ചുതന്നെ പരിഹരിക്കാവുന്നതാണ്. ഇനിയും ജാഗ്രതാ സമിതികൾ ഇല്ലാത്ത സ്ഥലങ്ങളിൽ എത്രയും വേഗം ജാഗ്രതാ സമിതികൾ പുന:സംഘടിപ്പിക്കുകയും നീറുന്ന സ്ത്രീ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും വേണം. ഏതെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെ വന്നാൽ ജില്ലാ ജാഗ്രതാ സമിതികൾക്കു നൽകാം. ജില്ലാ ജാഗ്രതാ സമിതികൾക്കു പഞ്ചായത്തു തലത്തിൽ തീർക്കാൻ ആവാത്തവയെ മാത്രം വനിതാ കമ്മീഷൻ പരിഹരിക്കുന്നതാണ്. ഈ ജാഗ്രതാ സമിതികളെ സഹായിക്കാൻ ഒരു സഹായക സമിതിയും രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. സഹായ സമിതിയിൽ ആറ് അംഗങ്ങളാണുള്ളത്. ഇതിൽ വനിതാ സംഘടനാ പ്രതിനിധികളും ഓരോ രാഷ്ട്രീയ പാർട്ടിയിൽ നിന്നും അധികാരപ്പെടുത്തുന്ന ഓരോരുത്തർ, പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ നിർവഹണ ഉദ്യോഗസ്ഥരും വാർഡുതല ജാഗ്രതാ സമിതി കൺവീനർമാരും എല്ലാ ബ്ലോക്ക് ജില്ലാ പഞ്ചായത്തു മെമ്പർമാരും ഉൾപ്പെടുന്നതാണ്. കൂടാതെ ഒരു നിയമസഹായ സമിതിയും പ്രവർത്തിക്കും. ഇവിടെ സേവന സന്നദ്ധരായ അഭിഭാഷകരെ ചേർത്ത് ഒരു ലീഗൽ സെൽ ഉണ്ടായിരിക്കും. പഞ്ചായത്തുതല സമിതികൾക്കു പുറമെ വാർഡു തലത്തിലും 30 മുതൽ 40 വരെ അംഗങ്ങളുള്ള ഒരു പൊതു സമിതി രൂപീകരിക്കാം. ഇതിൽ വാർഡു മെമ്പർ, ഏഴ് വാർഡിലെ എ.ഡി.എസ്. എക്സിക്യൂട്ടീവ് അംഗങ്ങൾ, അംഗൻവാടി വർക്കർമാർ, അതതു വാർഡിലെ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, വായനശാല

കൊണ്ടായിരിക്കണം കൂടുതൽ സ്ത്രീകൾ ഗാർഹിക സംബന്ധ മായ കേസുകളുമായി കമ്മീഷനെ സമീപിക്കുന്നത്.

**മറ്റു ധർമങ്ങൾ എന്നു സൂചിപ്പിക്കുന്നത് എന്തൊക്കെയാണ്?**

ഒട്ടേറെയുണ്ട്. സ്ത്രീകൾക്ക് സാമൂഹിക നീതി നടപ്പാക്കുന്നതിന് വേണ്ട പഠനങ്ങൾ നടത്തി ശുപാർശ ചെയ്യേണ്ടതുണ്ട്. തോട്ടം തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി സാമൂഹികമായി പ്രശ്നം അനുഭവിക്കുന്ന സ്ത്രീകളെപ്പറ്റി കൂടുതൽ പഠനം ആവ ശ്യമുണ്ട്. വിധവകളെപ്പറ്റിയും ചെറുകിട വ്യവസായ സംരംഭക രായ സ്ത്രീകളെപ്പറ്റിയും തൊണ്ടുതല്ലുന്നവരെപ്പറ്റിയും അവിവാ ഹിതരായ അമ്മമ്മാരെപ്പറ്റിയും പഠനം നടത്തി റിപ്പോർട്ട് ചെയ്തി ട്ടുണ്ട്. ഹോംനഴ്സുമാരെപ്പറ്റി ഒരു ഏജൻസിയെക്കൊണ്ട് പഠനം നടത്തുകയാണിപ്പോൾ.

അതുപോലെ ബോധവത്കരണം മുന്നിൽക്കണ്ട് ആറ് ഡോക്യു മെന്ററികൾ നിർമിച്ചുകഴിഞ്ഞു. 10 വീഡിയോ-ആഡിയോ സ്പോട്ടു കളും നിർമിച്ചിട്ടുണ്ട്. കലാജാഥയും ശില്പശാലകളും അദാല ത്തുകളും മെഗാ അദാലത്തുകളും നാടൊട്ടുക്ക് നടത്തിവരികയാ ണ്. സ്ത്രീധന നിരോധന നിയമത്തെപ്പറ്റി കോളേജുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ക്ലാസുകളെടുക്കാനും പരി പാടിയുണ്ട്.

**വേറെ ഏതൊക്കെ മേഖലകളിലാണ് വനിതാകമ്മീഷൻ ഇടപെടുന്നത്?**

നിരവധി മേഖലകളിൽ ഇടപെടുന്നുണ്ട്. ഒരു ഉദാഹരണം പറ യാം. മിശ്രവിവാഹിതരുടെ മക്കൾക്ക് അച്ഛന്റെ ജാതി ആയിരിക്ക ണമെന്ന് പരമോന്നത കോടതി ഈയിടെ വിധിച്ചിട്ടുണ്ട്. മാധ്യമ ങ്ങൾ ഈ വിധിയെ ഒരുപാട് ദുർവ്യാഖ്യാനം ചെയ്യുകയാണ്. ഈ വിധിക്ക് മുൻകാലപ്രാബല്യം ഇല്ല എന്ന വസ്തുത മറച്ചുവച്ചാണ് മാധ്യമങ്ങൾ എഴുതുന്നത്. ഇതുകാരണം, ഇതുവരെ അമ്മയുടെ ജാതി എഴുതിയ ഒരു കുട്ടിക്ക് ഉന്നത വിദ്യാഭ്യാസത്തിന് അപേ ക്ഷിക്കാൻ കഴിയാതെ വരുന്നു. വില്ലേജ് ഓഫീസർ ആ കുട്ടിക്ക് അമ്മയുടെ ജാതിയിൽ-ഇതുവരെ പെടുത്തിയ ജാതിയിൽ- സർട്ടി ഫിക്കറ്റ് നൽകാൻ തയ്യാറാകുന്നില്ല. കോടതിവിധിക്ക് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ ആ കുട്ടിയുടേത് അമ്മയുടെ ജാതി തന്നെയാണ്. വിധിയിലെ ഈ അവ്യക്തത നീക്കി വില്ലേജ് ഓഫീസർമാർക്ക് സർക്കുലർ അയയ്ക്കണമെന്ന് സർക്കാരിനോട് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

അതുപോലെ പെൺവാണിഭം സംബന്ധിച്ച് നിരവധി കേസുകൾ കമ്മീഷന്റെ പരിഗണനയിലിരിക്കുകയാണ്. പല ആത്മഹത്യകളും കൊലപാതകമാണെന്ന നിഗമനത്തിലാണ് കമ്മീഷൻ. ക്ലോസ് ചെയ്ത പല കേസുകളും കമ്മീഷൻ പുനരന്വേഷണത്തിന് ഉത്ത രവിട്ടിരിക്കുകയാണ്.

**കമ്മീഷന്റെ അധ്യക്ഷസ്ഥാനത്ത് താങ്കൾ ഇത് രണ്ടാംവട്ടമാണല്ലോ. രണ്ടുകാലത്തെയും അനുഭവങ്ങൾ ഒന്നു വിലയിരുത്താമോ?**

സമൂഹത്തെ ബോധവത്കരിക്കുന്നതിലൂടെ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കാനാവൂ എന്നാണ് എന്റെ ഉറച്ച വിശ്വാസം. നിയമം കൊണ്ട് പരിഹാരം ലഭിക്കുമെങ്കിലും നിയമത്തെപ്പറ്റിയുള്ള അറി വാണ് ഏറ്റവും പ്രധാനം.

**നീതിപീഠത്തിലെയും പൊതുജീവിതത്തിലെയും അറിവും അനുഭവവും വച്ച് എന്ത് ഉപദേശമാണ് സ്ത്രീകൾക്ക് നൽകാനുള്ളത്?**

സ്ത്രീധനത്തിനെതിരെ ഓരോ സ്ത്രീയും ഉറച്ച നിലപാട് എടു ക്കുക. സ്നേഹത്തിലായിരിക്കുമ്പോൾ ഭർത്താവിനെ ഏല്പിച്ച സർട്ടിഫിക്കറ്റുകൾ പിണങ്ങുമ്പോൾ കത്തിച്ചു കളഞ്ഞ എത്രയോ അനുഭവങ്ങളുണ്ട്. അതുകൊണ്ട് വിവാഹശേഷം സ്ത്രീ അവ ളുടെ ആഭരണങ്ങളും പണവും ഭർത്താവിന്റെ മാത്രം യഥേഷ്ട ഉപയോഗത്തിന് വിട്ടുകൊടുക്കാതിരിക്കുക. സർട്ടിഫിക്കറ്റ് സ്വയം സൂക്ഷിക്കുക.

**അപ്പോൾ പരസ്പര വിശ്വാസം വേണ്ടെന്നാണോ?**

തീർച്ചയായും വേണം. വിശ്വാസം ഇല്ലാത്തതുകൊണ്ടാണ് ബന്ധങ്ങളിൽ പഴയ ഊഷ്മളത ഇല്ലാതായത്. സ്നേഹവും ഗുരു ത്വവും പങ്കുവയ്ക്കലും ഇല്ലാതായി. സ്ത്രീയെ സ്നേഹിക്കുന്ന തുതന്നെ പണത്തിനു വേണ്ടിയാണ്. സ്ത്രീയെ അല്ല, അവളുടെ സ്വത്തും പണവുമാണ് പല പുരുഷന്മാർക്കും വേണ്ടത്. മദ്യപാ നവും സ്ത്രീധനവുമാണ് കുടുംബങ്ങളെ നശിപ്പിക്കുന്ന കൊടിയ വിപത്തുകൾ. ഇതു മാറി പരസ്പരവിശ്വാസവും സ്നേഹവും ഉള്ള ദാമ്പത്യത്തിന് പുരുഷന്മാരും മുന്നോട്ടുവരണം.■

കൾ, സമാജങ്ങൾ തുടങ്ങിയവയിൽ നിന്നും ഓരോ വനിതാ പ്രതിനിധി വീതം, രാഷ് ട്രീയ പാർട്ടികളിൽ നിന്നും ഓരോ പ്രതി നിധി ഇവരെല്ലാം അടങ്ങുന്നതാണ് ജാഗ്രതാ സമിതികൾ. ഇതുപോലെ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും സമിതികൾക്കും സഹായസമിതികൾക്കും നിർവാഹക സമിതിക്കും രൂപം നൽകി ക്കൊണ്ടുള്ളതാണ് ജാഗ്രതാസമിതികൾ പുന:സംഘടിപ്പിച്ചു കൊണ്ടുള്ള ഉത്തരവ്.

പ്രശ്നങ്ങൾ പരിഹരിക്കാനും ഉണ്ടാ കാതിരിക്കാനും ഉതകുന്ന ജനകീയ പങ്കാ ളിത്തം, സംഘടനയുടെ പങ്കാളിത്തം, രാഷ്ട്രീയ പാർട്ടികളുടെ പങ്കാളിത്തം, കൂട്ടായ്മ ഇവ ഉറപ്പുവരുത്തണം. ഇതിന്റെ സംഘടനാ സംവിധാനം. ഇത്തരത്തിൽ പഞ്ചായത്തുതലത്തിലുള്ള സംഘടനാ പ്രവർത്തനം കാഴ്ചവച്ച പഞ്ചായത്തുക ളാണ് തൃശ്ശൂരിലെ പാണംചേരിയും ഇടുക്കി യിലെ അഴുത ബ്ലോക്കിലെ ആറ് പഞ്ചായ ത്തുകളും. പ്രാദേശിക ഭരണ സ്ഥാപന ങ്ങൾക്ക് ആ പ്രദേശത്തെ സ്ത്രീകളെ സംര ക്ഷിക്കാൻ വളരെ എളുപ്പമാണ്. പഞ്ചായത്ത് പ്രസിഡന്റ് സമിതിയുടെ ചെയർമാൻ എന്ന നിലയിൽ പരാതികൾ സ്വീകരിക്കുകയും പരാതിക്കാരെ സന്ദർശിക്കുകയും ചർച്ച ചെയ്യുകയും ചെയ്താൽ വളരെവേഗം പരാ തികൾക്ക് പരിഹാരമുണ്ടാകും. നിറഞ്ഞ കണ്ണുകളുടെ സ്ഥാനത്ത് പുഞ്ചിരിക്കുന്ന കണ്ണുകളുണ്ടാകും. സന്തുഷ്ടിയും സമാധാ നവും നടമാടും. അതുപോലെ കോടതി കളെ സമീപിക്കേണ്ടി വരുമ്പോൾ അതി ലേക്ക് നിയമോപദേശവും സൗജന്യമായി കിട്ടാനുള്ള അവകാശവുമുണ്ട്. സംശയ രോഗിയും മദ്യപനുമായ പുരുഷന്റെ പൈശാചികമായ പീഡനങ്ങൾക്കിരയാ കുന്ന സ്ത്രീകൾ പലപ്പോഴും ആത്മഹത്യാ പ്രവണതയുള്ളവരായിട്ടാണ് കണ്ടുവരുന്ന ത്. ഈ പ്രവണത ചികിത്സിച്ച് ഭേദമാക്കാവു ന്നതാണെന്നാണ് വിദഗ്ധ ഡോക്ടർമാരുടെ അഭിപ്രായം. ജാഗ്രതാസമിതികളെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും എന്തെങ്കിലും സംശയമുണ്ടെങ്കിൽ വനിതാ കമ്മീഷൻ ഓഫീസുമായി ബന്ധപ്പെടാം. കേരള വനിതാ കമ്മീഷൻ ഓഫീസ്, തിരുവനന്ത പുരം, ഫോൺ: 2320509.■

> പഞ്ചായത്ത് അതിർത്തിക്കകത്തുള്ള സ്ത്രീകളുടെ പരാതികൾ ജാഗ്രതാ സമിതിയുടെ മുന്നിൽ സമർപ്പിക്കാം. ഈ സമിതി രണ്ടു കക്ഷികളെയും വിളിച്ചുവരുത്തി അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്.

*വനിതാ കമ്മീഷൻ പി.ആർ.ഒ ആണ് ലേഖകൻ*

ഫീച്ചർ

■ ആർ.എസ്. സിന്ധു

സ്ത്രീപക്ഷ കാഴ്ചകൾ

# ലഘുസംരംഭ ശാക്തീ

**ദാരിദ്ര്യ നിർമാർജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ട് 1997 ൽ ആരംഭിച്ച പദ്ധതിയാണ് കുടുംബശ്രീ. പ്രാദേശിക തലങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകളുടെ സ്വയം സഹായസംഘങ്ങൾ രൂപീകരിച്ച് ലഘുസമ്പാദ്യവും വായ്പയും ലഭ്യമാക്കുക, സൂക്ഷ്മതല സംരംഭങ്ങൾ വഴി സാമ്പത്തിക വരുമാനം ഉയർത്തുക, സാമൂഹികമായ കൂട്ടായ്മയിലൂടെയും സാമ്പത്തിക ഉന്നതയിലൂടെയും സ്ത്രീശാക്തീകരണത്തിന് സഹായിക്കുക എന്നീ ലക്ഷ്യങ്ങളാണ് കുടുംബശ്രീക്കുള്ളത്. അടിസ്ഥാനതലത്തിലുള്ള കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ, ഇത്തരത്തിലുള്ള 8 – 10 സംഘങ്ങളെ ഏകോപിപ്പിക്കുന്ന വാർഡുതല ഏരിയാ ഡവലപ്മെന്റ് സൊസൈറ്റി അതിനുമുകളിൽ പഞ്ചായത്തുതലത്തിൽ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത**

## ആയുർവേദവും വഴങ്ങും

വൈദ്യകുടുംബത്തിലാണ് ഓമന പിറന്നത്. സഹോദരൻ സത്യന്റെ ഒപ്പം ആയുർവേദ ഫാർമസിയിൽ കുറെക്കാലം ജോലി ചെയ്ത പരിചയവും ഓമനയ്ക്കുണ്ടായിരുന്നു. അങ്ങനെയാണ് പുരുഷൻമാർ പോലും പെട്ടെന്ന് കടന്നു ചെല്ലാൻ ധൈര്യപ്പെടാത്ത ഹെർബൽ ഉത്പന്ന നിർമാണത്തിന് ഓമനയ്ക്ക് പ്രചോദനം ലഭിച്ചത്. ഓമന വിവിധ അയൽക്കൂട്ടങ്ങളിലെ ഒൻപത് സ്ത്രീകളെ സംഘടിപ്പിച്ചു. 2004 ലെ കേരളപ്പിറവി ദിനത്തിൽ *യോഗസിദ്ധ ഹെർബൽ പ്രോഡക്ട്* നിലവിൽ വന്നു. കോഴിക്കോട് ജില്ലയിലെ കായണ്ണ പഞ്ചായത്തിൽ *യോഗസിദ്ധ* നാൾക്കുനാൾ വളരുന്നു. മൂന്നു കൊല്ലം കൊണ്ട് സ്വന്തം കെട്ടിടവും വാഹനവും. ലാഭം വീതിച്ചെടുക്കുന്ന പതിവ് വിട്ട്, ആസ്തി വർദ്ധിപ്പിക്കുകയും



അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയുമാണ് *യോഗസിദ്ധ.*

തുടക്കം ദന്തശ്രീ പൽപ്പൊടി ആയിരുന്നു. പുറമെ, യവം, തിന, ചാമ, മുത്താറി തുടങ്ങി നവധാന്യങ്ങളും ഏഴിനം ആയുർവേദ ഔഷധങ്ങളും ചേർത്ത് നിർമിക്കുന്ന ഓജസി എന്ന പോഷകാഹാരവും ഇവരുടെ സവിശേഷ ഉത്പന്നമാണ്. കൂടാതെ, അമൃതശ്രീ ദാഹശമനി, ശ്രീസുഗന്ധി സ്നാന ചൂർണം, ഉണ്ണിയാർച്ച ഹെർബൽ ഓയിൽ എന്നിവയും *യോഗസിദ്ധ* ഉത്പാദിപ്പിക്കുന്നു.

മനോഹരമായ പാക്കിങ്ങും ആകർഷകമായ ലേബലും ഉത്പന്നങ്ങൾക്ക് വിപണിയിൽ മത്സരശേഷി നൽകുന്നു. ഡൽഹിയിൽ ഉൾപ്പെടെയുള്ള മേളകളിൽ *യോഗസിദ്ധ* ഉത്പന്നങ്ങൾ ധാരാളമായി വിറ്റഴിക്കപ്പെടുന്നു.

ഇതിനിടെ 800 ഓളം പേർക്ക് ഇവർ പരിശീലനവും. ഇന്ത്യയിലെവിടെയും വിപണി നേടാനുള്ള ശ്രമത്തിലാണവർ.



## ഉണങ്ങിയ പൂക്കളും വരുമാനം

പുഷ്പാലങ്കാരം സൂസന് ഏറെ ഇഷ്ടമാണ്. ചെറുപ്പം മുതൽക്ക് പുല്ലും കാട്ടുപൂക്കളും കൊണ്ട് പൂച്ചെണ്ടുണ്ടാക്കിയും പൂക്കൂടയിൽ ഭംഗിയായി അടുക്കിവച്ചും സൂസൻ സമയം ചെലവഴിച്ചു. പ്രീഡിഗ്രി കൊണ്ട് പഠനം തീർന്നു. വിവാഹം കഴിഞ്ഞ് വീട്ടമ്മയായി കഴിയുമ്പോഴാണ് ഫ്ളവർ മേക്കിങ് കല ആദായകരമായ ബിസിനസ്സ് കൂടിയാണെന്ന് മനസിലാക്കിയത്. വയനാട്ടിലെ 'ഉറവ്' സന്നദ്ധ സംഘടനയുടെ ഓഫീസിൽ വെറുതെ ഒന്നു കയറിയ സൂസൻ തന്റെ കഴിവുപയോഗിച്ച് ഒരു പൂക്കൂട ചെയ്തത് വഴിത്തിരിവായി. *ഉറവി*ന്റെ പ്രവർത്തകർ സൂസനെ പ്രോത്സാഹിപ്പിച്ചു. എന്തെങ്കിലും തൊഴിൽ ചെയ്യണമെന്നോ തൊഴിൽ സംരംഭം തുടങ്ങണമെന്നോ ചിന്തിക്കുക പോലും ചെയ്യാത്ത സൂസൻ പത്തു സ്ത്രീകളെ സംഘടിപ്പിച്ച് സ്വയം സഹായ സംഘമായി പ്രവർത്തിച്ചു തുടങ്ങി. ഒരു ഓണംവിപണന മേളയിൽ ഉത്പന്നങ്ങളുമായി സൂസനും കൂട്ടരും എത്തിയപ്പോഴാണ് കുടുംബശ്രീയുടെ സാധ്യതയെക്കുറിച്ച് അറിഞ്ഞത്. രണ്ടു വർഷം കൊണ്ട് തൃക്കൈപ്പറ്റയിലെ ഫാത്തിമാ ഡ്രൈഫ്ളവേഴ്സ് ചുവടുറച്ച സ്ഥാപനമായി മാറി. സൂസൻ പ്രസിഡന്റ്, ഷറീഫ സെക്രട്ടറി എട്ട് അംഗങ്ങളും. കൂടാതെ 6 സ്ത്രീകൾ കാട്ടിലും വയലിലും പോയി പൂക്കളും പുല്ലും വിത്തുകളും ശേഖരിച്ച് സ്വന്തം ഭാവനയ്ക്കനുസരിച്ച് പൂക്കൂടകൾ ഉണ്ടാക്കുന്നു. മഞ്ചാടിയും കുന്നിക്കുരുവും പയർമണികളും ഉപയോഗിച്ച് ആഭരണങ്ങൾ ഉണ്ടാക്കുവാനും ഇവർ വിദഗ്ധരാണ്.

സ്വന്തം കെട്ടിടം വേണമെന്നും ഡ്രൈഫ്ളവർ മേക്കിങ്ങിൽ കൂടുതൽ വൈദഗ്ധ്യം നേടണമെന്നും കേരളത്തിനകത്തും പുറത്തുമുള്ള വിപണിയിൽ പ്രവേശിക്കണമെന്നും ഈ സ്ത്രീകൾ ആഗ്രഹിക്കുന്നു. നിശ്ചയദാർഢ്യം ഉണ്ടെങ്കിൽ ഒന്നും അസാധ്യമല്ലെന്ന് ഫാത്തിമ ഡ്രൈഫ്ളവേഴ്സിന്റെ പ്രവർത്തകർ തെളിയിക്കുന്നു.

# ഭങ്ങളിലൂടെ
# കരണം

**കമ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി എന്നിവയാണ് കുടുംബശ്രീയുടെ പ്രവർത്തന ഘടകങ്ങൾ. ജില്ലാമിഷൻ കോർഡിനേറ്റന്മാർ, സംസ്ഥാനതല മിഷൻ ഓഫീസ് എന്നിവയാണ് ജില്ലാ സംസ്ഥാനതലങ്ങളിൽ ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ 1,84,435 സ്വയം സഹായ സംഘങ്ങളിലായി 36.33 ലക്ഷം സ്ത്രീകൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പ്രവർത്തനം കൂടുതൽ ചിട്ടപ്പെടുത്തി ലഘുസംരംഭങ്ങളുടെ വിപുലീകരണവും കൂട്ടായ വിപണനവും മറ്റു സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും ഏറ്റെടുത്തു മുന്നേറുകയാണ് കുടുംബശ്രീ. മാതൃകാപരമായ അത്തരം ചില സംരംഭങ്ങളെ ഇവിടെ പരിചയപ്പെടുത്തുന്നു.**

## ഇടവെട്ടിയിലെ ധവളവിപ്ലവം

ഇക്കഴിഞ്ഞ ഒക്ടോബർ 27-ന് തൊടുപുഴയിൽ ആരംഭിച്ച നേച്ചർ ഫ്രഷ് മിൽക്ക് പദ്ധതി കുടുംബശ്രീയുടെ തൊപ്പിയിൽ ഒരു തൂവൽ കൂടി ചാർത്തുന്നു.

കലർപ്പില്ലാത്തതും ഗുണമേന്മ നഷ്ടപ്പെടാത്തതുമായ ശുദ്ധമായ പശുവിൻ പാൽ നാട്ടുകാർക്കെത്തിച്ചു കൊടുക്കുന്നതാണീ പദ്ധതി. ഇടവെട്ടി ഗ്രാമപഞ്ചായത്തിലെ 28 സ്ത്രീകൾ ആണിതിന് മുൻകൈ എടുത്തിരിക്കുന്നത്.

പശുപരിപാലനം, തൊഴുത്തു നിർമാണം, പശുവളർത്തൽ, കറവ , പാൽശേഖരണം തുടങ്ങി എല്ലാ മേഖലയിലും ഇവർക്ക് ശാസ്ത്രീയ പരിശീലനം ലഭിച്ചു. കാർഷിക സർവകലാശാലയിലെയും മൃഗസംരക്ഷണ വകുപ്പിലേയും വിദഗ്ധർ ആവശ്യമായ സഹായങ്ങൾ നൽകി. തൊഴുത്തു നിർമാണം മുതൽ ഓരോ ഘട്ടവും ഏറ്റവും ശാസ്ത്രീയമായി തയ്യാറാക്കി. ഒരു ദിവസം 300 ലിറ്റർ പാൽ ഉത്പാദിപ്പിക്കും. ഒരു സ്ത്രീ ഒരു പശുവിനെ വളർത്തുക എന്നതാണ് രീതി. അതുകൊണ്ട് വൃത്തി ഉറപ്പ്. 24 സ്ത്രീകൾ പശുവിനെ വളർത്തി പാൽ ഉത്പാദിപ്പിക്കുമ്പോൾ അതു വീടുകളിൽ ചില്ലു കുപ്പികളിൽ എത്തിക്കുന്നത് ഇരുചക്ര വാഹനങ്ങളിൽ വരുന്ന മറ്റ് നാല് സ്ത്രീകൾ. കറന്നെടുക്കുന്ന പാൽ താമസം കൂടാതെയും പോഷകാംശം നഷ്ടപ്പെടാതെയും വീടുകളിൽ എത്തിക്കുന്നതാണ് ഇവരുടെ പ്രത്യേകത. ഏത് പശുവിന്റെ പാൽ ആണ് ലഭിക്കുന്നതെന്ന് ഓരോ വീട്ടുകാർക്കും തിരിച്ചറിയുവാൻ സാധിക്കും. ഓരോ പശുവിനും പ്രത്യേക നമ്പറും നൽകിയിട്ടുണ്ട്. ഇതിന്റെ അർഥം, ഗുണഭോക്താക്കൾക്ക് വേണമെങ്കിൽ നേരിട്ടുപോയി തങ്ങൾക്ക് പാൽ നൽകുന്ന പശുവിനെ കാണും എന്നതാണ്. എത്രമാത്രം ശുചിത്വത്തോടെയും ശാസ്ത്രീയമായും ആണ് പശു പരിപാലിക്കപ്പെടുന്നതെന്ന് മനസ്സിലാക്കാൻ കഴിയും.

ഇടുക്കിയിലെ ഇടവെട്ടിയിൽ തുടങ്ങി വച്ച ധവളവിപ്ലവം മറ്റു പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശ്യം.



# വേണമെങ്കിൽ ഐ.ടിയും കായ്ക്കും

കുടുംബശ്രീയുടെ ശ്രദ്ധേയമായ സംരംഭമാണ് ഐ.ടി യൂണിറ്റുകൾ. ഐ.ടി. ഉൾപ്പെടെ എന്തും അയൽക്കൂട്ട സഹോദരിമാർക്ക് ഏറ്റെടുത്തു നടത്താൻ കഴിയുമെന്നിവർ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. കേരളത്തിലാകെ 98 ഡാറ്റാ പ്രോസസ്സിങ് യൂണിറ്റുകളും ആറ് ഹാർഡ് വെയർ അസംബ്ലിങ് യൂണിറ്റുകളും ഐ.ടി. രംഗത്ത് വിജയകരമായി പ്രവർത്തിച്ചു വരുന്നു. നാൽപ്പതു വയസ്സിൽ താഴെയുള്ള +2 വിദ്യാഭ്യാസമുള്ളവർക്കാണ് കംപ്യൂട്ടർ സെന്ററുകൾ ആരംഭിക്കുവാൻ യോഗ്യതയുള്ളത്. ഇത്തരത്തിൽ 1500 ലേറെ സ്ത്രീകൾ ഐ.ടി. രംഗത്ത് പ്രവർത്തിക്കുന്നു.

അത്തരം ഒരു യൂണിറ്റാണ് തൃശ്ശൂർ മുനിസിപ്പാലിറ്റിയിലെ കുടുംബശ്രീ ഐ.ടി. യൂണിറ്റ്. 2000 മുതൽ പ്രവർത്തിച്ചു വരുന്ന ഈ യൂണിറ്റ് അഞ്ചു സ്ത്രീകൾ ആണ് നടത്തുന്നത്. തുടക്കത്തിൽ പത്തുപേരുണ്ടായിരുന്നെങ്കിലും പലരും വിവാഹം കഴിച്ചുപോവുകയും മറ്റും ചെയ്തതോടെ അഞ്ച് പേരായി ചുരുങ്ങുകയായിരുന്നു.



തൃശ്ശൂർ മുനിസിപ്പാലിറ്റി വിവിധ അയൽക്കൂട്ടങ്ങളിലെ 33 സ്ത്രീകൾക്ക് ഒരു പ്രത്യേക പദ്ധതി പ്രകാരം കമ്പ്യൂട്ടർ പരിശീലനം നൽകിയിരുന്നു. അതിൽ നിന്നും തെരഞ്ഞെടുത്ത 10 പേരാണ് സെന്റർ ആരംഭിച്ചത്.

സർക്കാർ സ്ഥാപനങ്ങളുടെയും മുനിസിപ്പാലിറ്റികളുടെയും ഡേറ്റാ പ്രോസസിങ് ജോലികൾ ഏതാണ്ട് മുഴുവനായും ഇവർ ഏറ്റെടുത്ത് നടപ്പാക്കുന്നു. സബ് രജിസ്ട്രാർ ഓഫീസ്, ആർ.ടി ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങൾ തൊട്ടടുത്ത് തന്നെയുള്ളത് സഹായകമായി. റേഷൻ കാർഡിന്റെയും ബി.പി.എൽ. സർവെയുടെയും ഡേറ്റാ ടൈപ്പിങ് ഇവർ ചെയ്തു. കൂടാതെ ജനന-മരണ രജിസ്ട്രേഷന് വേണ്ട ഡേറ്റാ ഫീഡിങ്ങും കുടുംബശ്രീ യൂണിറ്റാണ് പൂർത്തിയാക്കിയത്. സംസ്ഥാന സർക്കാരിന്റെ ഐ.ടി അറ്റ് സ്കൂൾ പദ്ധതി പ്രകാരം കുന്നംകുളം ഗേൾസ് ഹൈസ്ക്കൂളിൽ കംപ്യൂട്ടർ പരിശീലനം നൽകാനും ഇവർക്കു കഴിഞ്ഞു. എങ്കിലും പരിശീലന കേന്ദ്രം എന്ന നിലയിൽ വേണ്ടത്ര പുരോഗമിക്കുവാൻ കഴിഞ്ഞിട്ടില്ല. സർക്കാർ പരിശീലന കേന്ദ്രങ്ങളോട് മത്സരിക്കാനുള്ള പ്രാപ്തി കൈവരിക്കാൻ കഴിയാത്തതാണ് പ്രശ്നം.



# ഐശ്വര്യത്തോടെ ഐശ്വര്യ

കുടുംബശ്രീയുടെ അഭിമാനമാണ് ഐശ്വര്യ കേരശ്രീ വെളിച്ചെണ്ണ. മലപ്പുറം ജില്ലയിലെ മേൽമുറിയിൽ മൂന്നു വർഷമായി വിജയകരമായി പ്രവർത്തിക്കുന്ന ഈ യൂണിറ്റിന് പറയാൻ നേട്ടങ്ങളേയുള്ളൂ. 2003ൽ രൂപീകരിച്ച അയൽക്കൂട്ടം ഒരു തൊഴിൽ സംഘമായി മാറിയത് പെട്ടെന്നാണ്. ഐശ്വര്യയുടെ സെക്രട്ടറി രത്നവല്ലിക്കാണ് വെളിച്ചെണ്ണ യൂണിറ്റ് എന്ന ആശയം തോന്നിയത്. അങ്ങനെ സുമയ്യ, മൈമുന, അസ്മാബീവി, ഫാത്തിമ, ഖദീജ, സുഭദ്ര, വിലാസിനി എന്നിവരോട് ചേർന്ന് 2004 ഒക്ടോബറിൽ

# തഴവയുടെ മഹിമ

കൊല്ലം ജില്ലയിലെ തഴവ ഗ്രാമത്തിന് ആ പേര് ലഭിച്ചത് അവിടെ കൈത എന്ന തഴ ധാരാളമായി ഉള്ളതുകൊണ്ടാണ്. പണ്ട് തഴപ്പായയും മെത്തപ്പായയും വിവിധ സ്ഥലങ്ങളിൽ എത്തിയിരുന്നത് ഇവിടെ നിന്നാണ്. അവിടെയുള്ളവർ പരമ്പരാഗതമായി




ഐശ്വര്യ കേരശ്രീ യൂണിറ്റ് ആരംഭിച്ചു. പഴയ രീതിയിൽ പ്രവർത്തിച്ചിരുന്ന ഒരു കൊപ്രാക്കളം പാട്ടത്തിനെടുത്തും. കർഷകരിൽ നിന്ന് നേരിട്ട് തേങ്ങ ശേഖരിച്ചുകൊണ്ടുവന്ന് കൊപ്രയാക്കുന്നു. ഉണക്കാനുള്ള യന്ത്രം വാങ്ങിയിട്ടുണ്ട്. പുറത്തുകൊടുത്ത് ആട്ടിയെടുക്കും.

വെളിച്ചെണ്ണയ്ക്കു പുറമെ ധന്വന്തരി ഹെയർ ഓയിലും ഇന്ന് ഐശ്വര്യ ഉത്പാദിപ്പിക്കുന്നുണ്ട്. പച്ചമരുന്നുകൾ ചേർത്ത ഈ എണ്ണയ്ക്ക് ആവശ്യക്കാർ ഏറെ. കൂടാതെ ചമ്മന്തിപ്പൊടി, തേങ്ങാപ്പാൽ മിഠായി എന്നിവയും ഇവർ ഉണ്ടാക്കുന്നുണ്ട്. മുളകുപൊടി, മല്ലിപ്പൊടി, അരിപ്പൊടി തുടങ്ങി സമയത്തിന്റെ ലഭ്യത അനുസരിച്ച് പലതും ഇന്ന് ഐശ്വര്യയിൽ ഉണ്ടാക്കുന്നു. മക്കളെ പഠിപ്പിക്കുവാനും കുടുംബം പുലർത്തുവാനും തങ്ങൾക്കു കൂടി കഴിയുന്നതിൽ ഇവർക്കുള്ള ചാരിതാർഥ്യം ചെറുതല്ല. അറിവിന്റെയും അനുഭവത്തിന്റെയും നറുവെട്ടം തങ്ങളുടെ ജീവിതം മാറ്റിത്തീർത്തുവെന്ന് പറയുവാൻ ഇവർക്ക് രണ്ടാമത് ആലോചിക്കേണ്ടി വരുന്നില്ല.





പായ്നെയ്ത്തുകാരുമാണ്. എന്നാൽ എല്ലാ പരമ്പരാഗത തൊഴിലും പോലെ പായ്നെയ്ത്തും തകർച്ചയിലായി. അങ്ങനെയിരിക്കെയാണ് മൂന്നരക്കൊല്ലം മുൻപ് സുജയുടെ നേതൃത്വത്തിൽ മഹിമ ഹാന്റിക്രാഫ്റ്റ് യൂണിറ്റ് ആരംഭിച്ചത്. അതുവരെ സ്വന്തം വീട്ടിലിരുന്ന് പായനെയ്തിരുന്ന പത്തുപേർ ഒരുമിച്ച് ഒരു വാടകക്കെട്ടിടത്തിലിരുന്ന് സുന്ദരമായ നിരവധി വസ്തുക്കൾ നിർമിയ്ക്കുന്നു. തഴ ഉത്പന്നങ്ങൾ നിർമിക്കുവാനും വിൽക്കുവാനും ശാസ്ത്രീയമായ പരിശീലനം ലഭിച്ചതുകൊണ്ട് അധ്വാനത്തിനനുസരിച്ച് വിലയും ഇവർക്ക് കിട്ടുന്നുണ്ട്. 60 ഉം 70 ഉം രൂപയ്ക്ക് തഴപ്പായ വിറ്റിരുന്ന സ്ഥാനത്തിന് 130 രൂപ കിട്ടുന്നു. മാത്രമല്ല, വിവിധതരം ബാഗുകൾ, തൊപ്പി, പെൻബോക്സ്, ചെരുപ്പ്, മൊബൈൽ ഫോൺ സ്റ്റാന്റ്, ടേബിൾ മാറ്റ്, പൂപ്പാത്രങ്ങൾ, ആഭരണപ്പെട്ടികൾ, കുഷ്യൻ കവർ, ഫയലുകൾ തുടങ്ങി നിരവധി ഉത്പന്നങ്ങൾ ഇവർ ഉണ്ടാക്കി ധാരാളമായി വിറ്റഴിക്കുന്നു.



തഴ വെട്ടിക്കൊണ്ടു വന്ന് ചീകി മുള്ളുകളഞ്ഞ് തിളപ്പിച്ച് ഉണക്കിയെടുക്കുന്നതുമുതൽ വിവിധ നഗരങ്ങളിലെ പ്രദർശന മേളകളിൽ കൊണ്ടുപോയി വിൽക്കുന്നതുവരെ ചെയ്യണമെന്ന് മഹിമയിലെ പത്തു സ്ത്രീകൾ തന്നെയാണ്. ഇതുതന്നെയാണ് തങ്ങളുടെ സവിശേഷമായ ശക്തിയെന്ന് സുജ പറയുന്നു. വളരെ ലാഭകരമായിത്തന്നെയാണ് മഹിമ പ്രവർത്തിക്കുന്നതെങ്കിലും നേരിട്ട് വിപണിയിൽ ഉത്പന്നങ്ങൾ എത്തിക്കാനായാൽ കുറേക്കൂടി മെച്ചമായിരുന്നുവെന്ന് ഇവർ കരുതുന്നു. അതിനുവേണ്ട സഹായം എവിടെ നിന്നെങ്കിലും കിട്ടുമോ എന്നുള്ള അന്വേഷണത്തിലാണ് സുജയും കൂട്ടുകാരും.

# അമൃതത്തിന്റെ തേജസ്

കൊല്ലത്ത് പെരുമ്പുഴയിൽ തേജസ് ന്യൂട്രിമിക്സ് യൂണിറ്റ് ഉത്പാദിപ്പിക്കുന്നത് അമൃതം എന്ന പൂരകപോഷകാഹാരമാണ്. അംഗൻവാടികളിലെ കുട്ടികൾക്ക് നൽകാനായി സാമൂഹ്യക്ഷേമ വകുപ്പുമായി ചേർന്ന് കുടുംബശ്രീ ആരംഭിച്ചതാണ് അമൃതം. ശുദ്ധമായ ധാന്യങ്ങൾ പോഷകാംശം നഷ്ടപ്പെടാതെ അമൃതം ആക്കി മാറ്റുന്നു. വിവിധ അയൽക്കൂട്ടങ്ങളിൽ ചില്ലറ കച്ചവടങ്ങൾ നടത്തി വന്ന 12 പേരാണ് തേജസ്സ് ആരംഭിച്ചത്. പൂരകപോഷകാഹാരം ഉണ്ടാക്കുന്നതിനുള്ള പരിശീലനം കോഴിക്കോട്ടെ കായെണ്ണയിലെ യോഗസിദ്ധ യൂണിറ്റാണ് നൽകിയത്. ആദ്യം ഓജസ്സി എന്നായിരുന്നു പേര്. കുടുംബശ്രീ ഉത്പാദനം ആരംഭിച്ചപ്പോൾ തേജസ്സ് ആ പ്രോജക്ടിലേക്ക് മാറുകയായിരുന്നു. 1.15 ലക്ഷം രൂപ വീതം ബാങ്ക് വായ്പയും 50000 രൂപ വീതം സബ്സിഡിയും മൂന്നു സംഘങ്ങൾക്കും ലഭിച്ചു. പഞ്ചായത്തംഗവും കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിലെ പ്രധാന ഘടകമായ എ.ഡി.എസ്സും സി.ഡി.എസ്സും ധാന്യങ്ങൾ വാങ്ങുവാനും ഉണക്കുവാനും പൊടിക്കുവാനും ഉള്ള യന്ത്രങ്ങൾ വാങ്ങി ഇവർ പത്തുസെന്റ് ഭൂമി സ്വന്തമാക്കി. കെട്ടിടം പണി ഉടൻ പൂർത്തിയാകും.

സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ കൊച്ചുമക്കൾക്ക് പോഷകാഹാരം നൽകുന്നതിന്റെ സംതൃപ്തി ചെറുതല്ലെന്ന് തേജസ് പ്രവർത്തകർ പറയുന്നു. അതുവഴി സ്വന്തം കുടുംബത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താനും കഴിയുന്നു.



# ബ്രിക്സ് തന്നെ ശക്തി

സ്ത്രീയാണ് ശക്തി. പാലക്കാട് ജില്ലയിലെ അയലൂർ പഞ്ചായത്തിലെ *ശക്തി ഹോളോബ്രിക്സ്* യൂണിറ്റ് കാണുന്നവർക്ക് മറിച്ച് ഒരഭിപ്രായം ഉണ്ടാവാൻ ഇടയില്ല. സ്ത്രീകൾ സാധാരണമായി കടന്നുവരാൻ ധൈര്യപ്പെടാത്ത മേഖലയാണിത്. ആറ് അയൽക്കൂട്ടങ്ങളിലെ ആറ് സുഹൃത്തുക്കൾ ചേർന്ന് 2003 നവംബറിൽ സിമന്റ് ഹോളോബ്രിക്സ് യൂണിറ്റ് ആരംഭിച്ചു. സ്ഥാപനം വളർന്നപ്പോൾ പത്തു സെന്റ് ഭൂമി സ്വന്തമായി വാങ്ങി. തകരം കൊണ്ട് ഷെഡ് കെട്ടി. ദിവസം 300-350 ഹോളോബ്രിക്സ് ഉണ്ടാക്കുന്നുണ്ട്. ക്വാറിയിൽ നിന്ന് പാറപ്പൊടിയും ചല്ലിയും വരുത്തുന്നതും ബ്രിക്സ് ടിപ്പറിൽ കയറ്റി ആവശ്യക്കാർക്കെത്തിക്കുന്നതും ഇവർ തന്നെ. പഞ്ചായത്തിന്റെ ധനസഹായവും പിന്തുണയും 'ശക്തി'ക്കുണ്ട്. ഒഴിവു സമയങ്ങളിൽ ഭർത്താക്കന്മാരുടെ സഹായവും ഇവർക്കു കിട്ടുന്നുണ്ട്. കെട്ടിടനിർമാണത്തിന്റെ മറ്റു ചില മേഖലകളിലേക്കു കൂടി കടക്കാനാണ് ഇവർ ഉദ്ദേശിക്കുന്നത് - കോൺക്രീറ്റ് കട്ടള നിർമാണം പോലെ. ശക്തി ഇനിയും ശക്തിപ്പെടുമെന്ന് പ്രത്യാശിക്കാം.




ഡോ. ടി.കെ. ആനന്ദി

**സ്ത്രീകളെ തിരസ്കരിച്ചുകൊണ്ടുള്ള ചരിത്രമെഴുത്ത് പക്ഷപാതപരമാണ്; അപൂർണവും. സ്ത്രീചരിത്രത്തിന് സഹായകമാകും വിധം പുതിയ രീതിശാസ്ത്രം ഉണ്ടാവേണ്ടതുണ്ട്.**

ചരിത്രത്തിലെ സ്ത്രീസാന്നിധ്യം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടതാണ്. 'അദൃശ്യരായിരുന്ന സ്ത്രീകൾ' ചരിത്രത്തിലും, സാഹിത്യത്തിലും തത്ത്വശാസ്ത്രത്തിലും, ശാസ്ത്രരംഗത്തുമൊക്കെ ചർച്ചാവിഷയമായത്, അന്താരാഷ്ട്ര വനിതാദശകത്തിന്റെ കാലഘട്ടത്തിൽ അനേകം പഠനങ്ങൾ നടന്നതിന്റെ പശ്ചാത്തലത്തിലാണ്. ചരിത്രത്തിന്റെ ആംഗലേയപദമായ ഹിസ്റ്ററി (History) പോലും പ്രശ്നവത്കരിക്കപ്പെട്ടു, ബദലായി 'Herstory' എന്ന പദവും ചരിത്രവും കുറിക്കപ്പെട്ടു.[1] ജോൺ വാല്ലാസ്കോട്ട് (Joan wallahscott) സ്ത്രീ ചരിത്രത്തിന്റെ ആവശ്യകത, പുതിയ രീതിശാസ്ത്രത്തിന്റെ സാധ്യതകൾ, ചരിത്രത്തിന്റെ തന്നെ പുനർ വായന എന്നിവയുടെ സൈദ്ധാന്തിക തലങ്ങൾ ശക്തമായി അവതരിപ്പിച്ചു. 'ഞങ്ങളും ചരിത്രത്തിലുണ്ട്' എന്ന് വിളിച്ചറിയിക്കുന്ന രീതിയിലുള്ള ബോധപൂർവമായ ദൃശ്യതയാണ് ആദ്യകാലങ്ങളിലെ പഠനങ്ങൾ സാധ്യമാക്കിയത്.

സാമൂഹിക-രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ സ്ത്രീകളുടെ സാന്നിധ്യത്തെ വെളിച്ചത്ത് കൊണ്ടുവന്നു കൊണ്ടാണ് ഇത് സാധ്യമാക്കിയത്. മേരി വോൾസ്റ്റൺക്രാഫ്ട് തുടങ്ങിവച്ച വോട്ടവകാശ സമരങ്ങൾ തൊട്ടുള്ള മുഖ്യ പ്രസ്ഥാനങ്ങളിൽ സ്ത്രീകൾ സജീവമായിരുന്നു എന്നും, ലോകമഹാ വിപ്ലവങ്ങളിൽ സ്ത്രീകൾ അവരുടേതായ പങ്ക് വഹിച്ചിരുന്നു എന്നും പഠനങ്ങൾ തെളിയിച്ചു. ഇതുവരെ എഴുതിവന്ന ചരിത്രം പുരുഷ കേന്ദ്രീകൃത (andro centric) മായിരുന്നു എന്ന ആക്ഷേപങ്ങളുമുണ്ടായി; പല ചരിത്ര പണ്ഡിതന്മാരും ഇത്തരം വാദങ്ങൾ കേട്ട് പുരികമുയർത്തി- "സ്ത്രീകൾ പങ്കെടുത്തിരുന്നു എന്നതുകൊണ്ട് വിപ്ലവങ്ങൾക്കു വല്ല നേട്ടമോ, കോട്ടമോ സംഭവിച്ചിട്ടുണ്ടോ? അതോ സ്ത്രീകൾക്കു വല്ലതും സംഭവിച്ചോ?" എന്നീ രീതിയിൽ അസഹ്യതയുടെ ചോദ്യങ്ങൾ അവരുയർത്തി.

മനുഷ്യ സമൂഹത്തിന്റെ ഭാഗമായ സ്ത്രീകളെ തിരസ്കരിച്ചുകൊണ്ടുള്ള ചരിത്രമെഴുത്ത് പക്ഷപാതപരമാണെന്നും, പൂർണമല്ല എന്നും, ചില വ്യക്തികളുടെ മാത്രമല്ല, സമൂഹത്തിലെ എല്ലാ ജനങ്ങളുടെയും പങ്കാളിത്തം രേഖപ്പെടുത്തുമ്പോൾ മാത്രമെ ചരിത്രരചന പൂർണതയിലെത്തു എന്നും സാറ ഇവാൻസ്, ബാർബാറ സിഷർമാൻ, ഷീലാ റൗഹോത്തം, ജെ. ഡബ്ള്യു സ്കോട്ട്, ബൗമി യു.എസ്. സ്മിത്ത് തുടങ്ങിയ ചരിത്ര പണ്ഡിതകൾ വാദിച്ചു. പ്രസ്ഥാനങ്ങളിലെ ദൃശ്യതയിലാണ് ആദ്യകാലങ്ങളിൽ ഊന്നിയിരുന്നതെങ്കിലും, നവോത്ഥാനമുൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾ, സ്ത്രീകളെ പരിഗണിച്ചിരുന്നോ എന്നത് സംശയമാണെന്ന് ജോൺ കെല്ലി ചൂണ്ടിക്കാട്ടുന്നു. ജനാധിപത്യ വിപ്ലവങ്ങൾ നടന്നുവെങ്കിലും, അവ പലതും സ്ത്രീകളെ അവഗണിച്ചിരുന്നു. (ലിൻഡാ കർബർ) ഇത്തരത്തിലുള്ള അന്വേഷണങ്ങൾക്കിടയിൽ വിഷയം അനുക്രമമായി വർധിക്കാനും വ്യാപിക്കാനും തുടങ്ങി. അധ്വാന ചരിത്രം (Labour History), സാമൂഹിക ചരിത്രം (Social History), കുടുംബ ചരിത്രം (Family Hostory), എന്നിങ്ങനെ ചരിത്രത്തിന്റെ വിവിധ ശാഖകളിലെ സ്ത്രീസാന്നിധ്യം കണ്ടെത്തുന്ന പ്രക്രിയ തുടരുകയും ചെയ്തു. ഇവയെല്ലാംതന്നെ 1980 നും 2000 നും ഇടക്ക് വളരെ ധൃതഗതിയിൽത്തന്നെ ചർച്ച ചെയ്തിരുന്നു.

ഇത്തരത്തിലുള്ള ചർച്ചകൾ ഇന്ത്യയിലുമുണ്ടായിരുന്നു. സ്ത്രീപക്ഷ ചരിത്രരചന എന്ന രീതീയില്ലെങ്കിലും, 1938ൽത്തന്നെ ഇതിനുള്ള ശ്രമങ്ങൾ മറ്റൊരു രീതിയിൽ തുടങ്ങിയിരുന്നു. (Altekar) ഹിന്ദു സംസ്കാരത്തിൽ പ്രാക്ചരിത്രം മുതൽ 1938 വരെ സ്ത്രീകളുടെ സാമൂഹ്യാവസ്ഥ എന്തായിരുന്നു എന്ന അന്വേഷണമാണ് ഇവർ നടത്തിയത്. സാഹിത്യം, സംഖ്യാശാസ്ത്രം, ശിലാരേഖകൾ, ഛായാചിത്രങ്ങൾ, ശില്പവിദ്യ എന്നിങ്ങനെ ലഭ്യമായ എല്ലാ ഗവേഷണസാമഗ്രികളുമുപയോഗിച്ച പഠനമായിരുന്നു അത്. സ്ത്രീചരിത്രരചന എന്ന നൂതനാശയത്തിൽ നിന്നുത്ഭവിച്ചതല്ല ഈ പഠനമെങ്കിലും, സ്ത്രീസാന്നിധ്യത്തെ ചരിത്രത്താളുകളിൽ സന്നിവേശിപ്പിക്കുവാൻ ഈ പഠനത്തിനു കഴിഞ്ഞിട്ടുണ്ട്. സ്ത്രീചരിത്രരചന എന്ന രീതിയിലുള്ള ചരിത്രത്തിന്റെ പുനർവായന 1975കൾക്കുശേഷമാണ് ഇന്ത്യയിലും നടന്നത്. ദേവിക ജെയിൻ രചിച്ച *ഇന്ത്യൻ സ്ത്രീ* എന്ന ലേഖനസമാഹാരം സ്ത്രീകളുടെ അനുഭവങ്ങളും, സ്ത്രീ ജീവിതത്തിന്റെ ചരിത്രപരമായ പശ്ചാത്തലവും പല ലേഖനങ്ങളിലായി പ്രതിപാദിച്ചിരുന്നു. സാമൂഹിക പരിഷ്കരണത്തിലൊതുങ്ങി നിൽക്കാതെ, ദേശീയപ്രസ്ഥാനം, ഭക്തിപ്രസ്ഥാനം, ജാതി-മതപ്രസ്ഥാനങ്ങൾ, പരിസ്ഥിതി പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിങ്ങനെ മാറ്റത്തിന്റെ പ്രക്രിയകൾ നടന്ന ഇടങ്ങളിലെല്ലാം തന്നെ സ്ത്രീകളുടെ സാന്നിധ്യം കണ്ടെത്തി,

ചരിത്ര രേഖകളാക്കാനുള്ള ശ്രമം തുടർന്നുകൊണ്ടിരുന്നു.

ഈ ശ്രമങ്ങൾ, പഠനത്തിന്റെ വ്യാപ്തി മറ്റു മേഖലകളിലേക്ക് വ്യാപിക്കാനിടയാക്കി. പുരാണകഥാപാത്രങ്ങളുടെ പുനർവായന[2] ചരിത്രരചനയെ കൂടുതൽ സഹായിച്ചു. രാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമായി ഇന്ത്യാ വിഭജനത്തെ സ്ത്രീകൾ നോക്കിക്കണ്ടതുപോലും ചർച്ച ചെയ്യപ്പെട്ടു.[3] വിവധ മതസംഹിതകളിലും ജാതി നിയമങ്ങളിലുമുള്ള പുരുഷവീക്ഷണം വിമർശിക്കപ്പെട്ടു.[4] വിവിധ മതസംഹിതകൾ സ്ത്രൈണത, പുരുഷത്വം എന്നിവയെ കണ്ടിരിക്കുന്ന രീതി തുറന്നു കാട്ടപ്പെട്ടു. പ്രസ്ഥാനങ്ങളിൽ സ്ത്രീകൾ വഹിച്ച പങ്കിനെ ശ്ലാഘിച്ചുകൊണ്ട്, വ്യക്തി ചരിത്രങ്ങങ്ങൾ രൂപപ്പെട്ടു.[5] ഇവയുടെയൊക്കെ തുടർച്ചയായി പല ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. സ്ത്രീ ചരിത്രരചനയുടെ രണ്ടാം ഘട്ടമായി ഇതിനെക്കാണാം.

നവോത്ഥാനപ്രസ്ഥാനങ്ങളിൽ സ്ത്രീപ്രശ്നം ഉന്നയിക്കാനുള്ള കാരണമെന്ത്? എന്തിന് വേണ്ടിയായിരുന്നു? ആരുടെ ഗുണത്തെ കാംക്ഷിച്ചാണ്? ആരുടെ നിലപാടുതറയിൽ നിന്നാണ് സ്ത്രീകൾക്ക് പ്രസ്ഥാനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞത്? ഈ പ്രസ്ഥാനങ്ങളെ കുറിച്ച് സ്ത്രീകളുടെ കാഴ്ചപ്പാടുകൾ എന്തായിരുന്നു? പ്രസ്ഥാനത്തിലെ പങ്കാളിത്തത്തെ മറ്റു അംഗങ്ങൾ എങ്ങനെ നോക്കിക്കണ്ടു? സമൂഹം എങ്ങനെ നോക്കിക്കണ്ടു? അവർ സ്വയം പ്രസ്ഥാനത്തെ കണ്ടിരുന്നതെങ്ങനെ ? സ്ത്രീകൾ പങ്കെടുത്തതുകൊണ്ട് പ്രസ്ഥാനങ്ങളുടെ സ്വഭാവത്തിന് മാറ്റം ഉണ്ടായിട്ടുണ്ടോ, എന്നിങ്ങനെ പലതും.

ദേശീയ പ്രസ്ഥാനത്തിലെ സ്ത്രീ പങ്കാളിത്വത്തെതുടർന്ന് ഗാന്ധിജിയുടെ സമരമുറകൾ സ്ത്രീപക്ഷത്ത് നിന്നു വിമർശിക്കപ്പെട്ടു.[6] ഗാന്ധിജി സ്ത്രീകൾക്കായി മാറ്റിവച്ച സമരമുറകൾ, ഖാദി പ്രചരണം, മദ്യഷാപ്പ് പിക്കറ്റിങ്, വ്യക്തിസത്യാഗ്രഹം എന്നിവ സ്ത്രീസ്വഭാവത്തെയോ സ്ത്രീയുടെ സാമൂഹിക ഇടത്തെയോ സ്പർശിക്കാത്തതാണെന്നത് ശ്രദ്ധയിൽ കൊണ്ടുവന്നു.[7] നവോത്ഥാന കാലഘട്ടത്തിലെ ചർച്ചകൾ ഇവിടേക്കു തന്നെയാണ് നയിച്ചത്. നവോത്ഥാന മൂല്യങ്ങളിലോ പുരുഷകേന്ദ്രീകൃത വ്യവസ്ഥയിലോ മാറ്റം വരുത്താതെ അതിനുള്ളിൽ നിന്നു കൊണ്ടുള്ള ചർച്ചകളാണ് നടന്നത്.[8]

കേരളത്തിൽ സ്ത്രീ ചരിത്രരചന ഇപ്പോഴും ശൈശവദിശയിലാണ്. 30 കളിൽ കേരളത്തിലുണ്ടായ പ്രസ്ഥാനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന്, പ്രത്യേകിച്ച് ബംഗാളിൽ നിന്ന് വ്യത്യസ്തമായിരുന്നു. ഭദ്രലോകിനെക്കുറിച്ചുള്ള ചർച്ചകൾ മാത്രമാണ് ബംഗാളിൽ നടന്നിരുന്നത്. മറിച്ച് കേരളത്തിൽ സാമുദായിക പരിഷ്കരണം, കർഷക സമരം, ദേശീയ സമരം എന്നിവ ഒത്തിണങ്ങിയതിനാൽ സമൂഹത്തിലെ എല്ലാ വർഗത്തിലുമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടു. സ്ത്രീപ്രശ്നമെന്നത് മുഖ്യധാരയിൽ ഒറ്റ പ്രശ്നമായി കാണുവാൻ കഴിഞ്ഞു.[9] 30 കളിൽ തുടങ്ങിയിരുന്ന പ്രസ്ഥാനങ്ങളും, തുടർന്ന് സ്വാതന്ത്ര്യാനന്തര കേരളത്തിൽ സ്ത്രീപ്രശ്നം ഏറ്റെടുത്ത മേഖലകളെക്കുറിച്ചും പ്രതിപാദിക്കയുണ്ടായിട്ടുണ്ട്. (സി.എസ്.ചന്ദ്രിക)

സ്ത്രീകളായ എഴുത്തുകാർ, മാറിവരുന്ന സാമൂഹികക്രമത്തെ അതത് കാലങ്ങളിൽ വിലയിരുത്തിയിരുന്നു. സ്ത്രീത്വം, പുരുഷത്വം എന്നത് പരമ്പരാഗത ആശയങ്ങളിൽ നിന്നും ആധുനിക ആശയങ്ങളിലേക്ക് പറിച്ചുനടുകയും വിദ്യാസമ്പന്നയായ ആധുനിക സ്ത്രീ എത്രമാത്രം നിലനിൽക്കുന്ന പുരുഷാധീശത്വത്തെ അംഗീകരിച്ചിരിക്കുന്നു എന്നതും വിശകലനം ചെയ്യുകയുണ്ടായി[10]. ശാരദ, മഹിള, വിദ്യാ വിനോദിനി, ലക്ഷ്മിഭായ് തുടങ്ങിയ പഴയ കലാമാസികകളിലെ സ്ത്രീകളുടെ ലേഖനങ്ങൾ സമാഹരിച്ച്, തർജമ ചെയ്ത് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചതാണീ പുസ്തകം? അതുപോലെ വ്യക്തികളെ കൃത്യമായി ലിംഗപദവികളിലേക്ക്-ആണായും പെണ്ണായും-പ്രതിഷ്ഠിക്കുന്നതിൽ സാമൂഹിക പരിഷ്കാരങ്ങൾ ഉപയോഗിച്ച രീതി-ഭാഷാ പ്രയോഗങ്ങൾ-പ്രസ്ഥാനത്തിന്റെ പ്രവർത്തനരീതി എന്നിവ വിശകലനം ചെയ്തുകൊണ്ട് ചരിത്രപരമായ ഒരന്വേഷണം നടത്തിയിട്ടുണ്ട്.[11]

മലബാർ കലാപം കേരളചരിത്രത്തിൽത്തന്നെ സുപ്രധാന ചരിത്രസംഭവമായിരിക്കെ, പലപ്പോഴും സ്ത്രീകൾ അന്യമായ ഒരു സംഭവമായിത്തന്നെയാണ് കണക്കാക്കിയിരുന്നത്. അതിനർത്ഥം, മലബാർ കലാപത്തെക്കുറിച്ച് സ്ത്രീകൾക്കൊരു അഭിപ്രായവുമുണ്ടായിരുന്നില്ല എന്നല്ല ആ കാലഘട്ടത്തിലൂടെ ജീവിച്ച സ്ത്രീകൾക്ക് ഒരിക്കലും നിസ്സംഗമായി ഈ കാലത്തെ കാണാനും കഴിയില്ല എന്നത് കൊണ്ടുതന്നെ, അവരുടെ കാഴ്ചപ്പാട് വാമൊഴി ചരിത്രത്തിലൂടെ പുറത്തുകൊണ്ടു വന്നിട്ടുണ്ട്.[12]

> സ്ത്രീചരിത്രരചന എന്ന് കേൾക്കുമ്പോൾ പുരികം ചുളിച്ചിരുന്നവർ സ്ത്രീകളുടെ ദൃശ്യത ചരിത്രത്തിൽ അത്യാവശ്യമാണെന്നും അംഗീകരിച്ചിരിക്കുന്നു. സ്ത്രീചരിത്രത്തിന് സഹായകമാകും വിധം പുതിയ രീതിശാസ്ത്രം ഉണ്ടാവേണ്ടതുണ്ട്.

ഇവ പുതിയ ചർച്ചകൾ ഉയർത്തുന്നു, പുതിയ ചോദ്യങ്ങൾ സൃഷ്ടിക്കുന്നു. ചർച്ചകൾ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ചില സത്യങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലും പരമ്പരാഗതമായ ചിന്തകൾക്ക് മാറ്റം വന്നിരിക്കുന്നു. സമൂഹം മാറ്റത്തിനു വിധേയമാകുമ്പോൾ, സ്ത്രീകളും സ്വാഭാവികമായി മാറ്റത്തിനു വിധേയരാവുന്നു എന്നത് തിരുത്തിക്കുറിച്ചു കൊണ്ട്, സാമൂഹിക ക്രമത്തിൽ സ്ത്രീകൾ തനതായ രീതിയിൽ തനതായ വീക്ഷണത്തിൽ പങ്കാളിത്തം വഹിച്ചിരുന്നു എന്നത് ചരിത്രകാരൻമാർ അംഗീകരിക്കുന്നു. സ്ത്രീചരിത്രരചന എന്ന് കേൾക്കുമ്പോൾ പുരികം ചുളിച്ചിരുന്നവർ സ്ത്രീകളുടെ ദൃശ്യത ചരിത്രത്തിൽ അത്യാവശ്യമാണെന്നും അംഗീകരിച്ചിരിക്കുന്നു.

സ്ത്രീചരിത്രത്തിന് സഹായകമാകും വിധം പുതിയ രീതിശാസ്ത്രം ഉണ്ടാവേണ്ടതുണ്ട്. വാമൊഴിചരിത്രമാണ് ഭൂരിപക്ഷം രചനക്കുപയോഗിക്കുന്നതെങ്കിലും, സ്ത്രീകളെക്കുറിച്ച് പ്രതിപാദിക്കുന്ന 'സാമൂഹിക ഇടങ്ങളിൽ' ഇപ്പോഴും ശ്രേണീബന്ധം നിലനിൽക്കുന്നു. 'സ്വകാര്യഇടം' സ്ത്രീയുടെയും 'പൊതുഇടം' പുരുഷന്മാരുടേതുമായ സന്ദർഭത്തിൽ തന്നെയാണ് ഇന്നും ചർച്ചകൾ നടക്കുന്നത്.

ഇന്നത്തെ സൈദ്ധാന്തികരുടെ അധികാരഘടനയെക്കുറിച്ചുള്ള സങ്കല്പങ്ങൾ സ്വകാര്യവും പൊതുവുമായ ഇടയുമായ ചർച്ചകളെ ഒരു പോലെ തന്നെ സ്വാധീനിക്കുന്നുണ്ട്. അതേസമയം ഈ 'ഇട'ങ്ങളെ മാറ്റിമാറിക്കുന്നതിന് അധികാരഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള ചർച്ചകളിലേക്ക് അവ എത്താറുമില്ല. കാരണം, 'പൊതു'വും 'സ്വകാര്യ'വുമായ ഇടങ്ങൾ ഒരു പോലെ വ്യാപിക്കുന്ന സമൂഹബന്ധങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ തന്നെയാണ് പ്രധാനം. സമൂഹബന്ധങ്ങളെ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ കാണുന്നതു കൂടാതെ, ലിംഗപദവിയെ സാമൂഹികബന്ധങ്ങളുടെ അടിസ്ഥാനത്തിലും കാണേണ്ടതുണ്ട്. കാരണം, വ്യത്യസ്ത സമൂഹങ്ങളിൽ 'പൊതു'വും 'സ്വകാര്യ'വുമായ ബന്ധങ്ങൾ വ്യത്യസ്ത രീതികളിൽ വിന്യസിക്കപ്പെടുന്നുണ്ട്. ചരിത്രപരമായി ഇതിൽ മാറ്റവും സംഭവിക്കുന്നുണ്ട്. ഈ സാമൂഹികപ്രക്രിയകൾ എങ്ങനെ നടക്കുന്നു എന്നതിനെക്കുറിച്ചുള്ള ചരിത്രാന്വേഷണങ്ങൾ സ്ത്രീ ചരിത്രബന്ധങ്ങൾക്ക് കൂടുതൽ വെളിച്ചം വീശാൻ സഹായിക്കും.■

---

(1) 1840–50 കാലഘട്ടത്തിൽ അമേരിക്കയിലെയുണിവേഴ്സിറ്റികളിൽ കരിക്കുലത്തിൽ മാറ്റം ആവശ്യപ്പെട്ടുകൊണ്ട് വിദ്യാർഥിനികൾ കലാപം തുടങ്ങിയതിനെ തുടർന്ന് 'ഗതകാലസ്ത്രീകളുടെ ചരിത്രം' എന്ന രീതിയിൽ 'History' രചിക്കപ്പെടുകയും സിലബസിന്റെ ഭാഗമാക്കി പഠിപ്പിക്കുവാൻ നിർദേശിക്കുകയും ചെയ്തിരുന്നു.2 (Hiltebeital-A. “The cult of Draupadi- Mythologies from yingee to Kurukshetra; T.C.Coburn-Devi Mahatmya - Crystallisation of the Goddess tradition; Airi-R. Sarasawathi- is Vedic literatuo. Romila Thapar - Sakuntala etc) 3.(Urvashi Bhutalia- The Other Side of Silence-Voices from the Partition of India)4.(Julia Leslie; Roles & Rituals for Hindu women. I.B.Horner Women in Prirmitive Buddhism-L.Harlem, Religion & Rajput women)5.(Aparna Basu- Mridula Sarabhai- Rebel with a Cause; Uma Chakravarthy- Rewriting History the Life and Times of Pandita Rama Bhai)6. (Sujata Patel-Construction and Rconstruction of Woman in Gandhi)7.(Karuna Chanana-Gandhi, Womens' Roles & the Freedom Movement)8.(Partha Chatterjee)9.(ടി.കെ. ആനന്ദി)10.(ജെ.ദേവിക)11.(ജെ.ദേവിക-Engendering Individuals)1212 (ഷംഷാദ് ഹുസൈൻ)

സ്ത്രീപക്ഷ കാഴ്ചകൾ

■ എൻ. ഷൈലാ ബീഗം



# വാക്കിൽ ഒളിഞ്ഞതും തെളിഞ്ഞതും



"എന്നെ കൊണ്ടുവന്നത് കല്ലമ്പലത്താണ്."
"ങ്ഹേ! എന്താ കൊണ്ടുവന്നെന്നോ?"
"അതെ, കല്യാണം കഴിച്ച്...."
"ഓ, പിടികിട്ടി. അങ്ങനെ.... ഹ..ഹ..." (ചിരി)

എഫ്എം റേഡിയോയിൽ ചലച്ചിത്രഗാനം ആവശ്യപ്പെട്ട് വിളിച്ച ഒരു സ്ത്രീയുടെ നിഷ്കളങ്കമായ മറുപടിയിൽ അൽപം തമാശ കലർത്തി, പരിപാടിക്ക് അല്പം ലൈവ്നസ് വരുത്താൻ അവതാരകൻ ചോദിക്കുകയാണ്.

............................................................

ആ കോൾ കഴിഞ്ഞു; പാട്ടും തീർന്നു.

അടുത്ത കോൾ.

അവിടെയും ഒരു പെൺകുട്ടി:

"ചേച്ചിയെ കല്യാണം കഴിച്ചുകൊടുത്തു."

അതിനും ഈ അവതാരകന്റെ കുസൃതിയോടെയുള്ള മറുചോദ്യം:

"അയ്യോ, കൊടുത്തോ?"

രാവിലെ ധൃതിപിടിച്ച അടുക്കള ജോലിക്കിടയിൽ എഫ്എം റേഡിയോയിൽനിന്ന് ശ്രവിച്ച നിഷ്കളങ്കമായ ഈ സംഭാഷണശകലങ്ങൾ നാം എന്നേ അംഗീകരിച്ചുകഴിഞ്ഞ ചില സാമൂഹിക യാഥാർത്ഥ്യങ്ങളെപ്പറ്റി എന്നെ ബോധവതിയാക്കുകയായിരുന്നു. ആ അവതാരകനും ആ സാമൂഹിക യാഥാർത്ഥ്യങ്ങൾക്കെതിരെ അറിഞ്ഞോ അറിയാതെയോ പ്രതികരിക്കുകയുമായിരുന്നു.

താലോലിച്ചു വളർത്തിയാലും തലയിലേറ്റി വളർത്തിയാലും ഇനി അഥവാ തല്ലുകൊടുത്തു വളർത്തിയാലും പ്രായമായിക്കഴിഞ്ഞാൽ പെൺകുട്ടികളെ നാം 'കൊടുക്കുക'യാണ്. അല്ലെങ്കിൽ 'പറഞ്ഞയയ്ക്കുക'യാണ്. 'കൊണ്ടുപോകാൻ' വരുന്നവന്റെ കൈയിൽ, അല്ലേ?

സാധാരണ സംഭാഷണങ്ങളിൽ ഉപയോഗിക്കാറുള്ള

ഇത്തരം പ്രയോഗങ്ങളിൽ അനീതികളുടെ ചില വിത്തുകൾ നാം വൃത്തിയായി ഒതുക്കി വച്ചിരിക്കുന്നതായി കാണാം. ഒരു ചിന്തയുടെ, അല്ലെങ്കിൽ വിമർശനത്തിന്റെ കൂർത്ത മുന കൊണ്ട് ഒന്ന് ചികഞ്ഞാൽ വിചാരണീയമായ പല സംഗതികളും വെളിയിലാകും.

*കൊടുത്തുവിടുക, പറഞ്ഞയയ്ക്കുക, കൊണ്ടുപോകുക* തുടങ്ങിയ പ്രയോഗങ്ങളിലൂടെ പെൺകുട്ടികളെ ഒരു വിൽപ്പനച്ചരക്കാക്കി നാം മാറ്റുകയാണ്. താലോലിച്ചു വളർത്തിയ അച്ഛനും അമ്മയും മാത്രമല്ല, പെൺകുട്ടികൾ തന്നെയും ഈ സത്യം അംഗീകരിക്കുന്നു എന്നല്ലേ ഇതിലൂടെ അർത്ഥമാക്കേണ്ടത്?

ഇത്തരം വാക്കുകളിൽനിന്നുറവകൊള്ളുന്ന വിഷലിപ്തമായ ലായനി നുരഞ്ഞു പതഞ്ഞ് സമൂഹത്തിന്റെ മുക്കിലും മൂലയിലും വ്യാപിക്കുകയാണ്; സ്വാതന്ത്ര്യത്തിലേയ്ക്ക് നടന്നു കയറിക്കൊണ്ടിരിക്കുന്ന സ്ത്രീകളുടെ കാലുകൾ വഴുതിവീഴുമാറ് അത് പടരുകയാണ്.

കുട്ടിക്കാലം മുതൽ ഏതിനും എന്തിനും നാം അവളെ ഓർമിപ്പിക്കും: 'മറ്റൊരു വീട്ടിൽ പോകേണ്ടവളാണ്.'

പൊരുത്തപ്പെടലുകളിലും കീഴടങ്ങലുകളിലും ജീവിതത്തെ മാറിമാറി മുക്കിയെടുക്കാൻ പരിശീലിപ്പിച്ച് മറ്റൊരു പറിച്ചുനടീലിന് നാം അവളെ സജ്ജയാക്കും. പറിച്ചുനടുന്ന മണ്ണിൽ അവൾക്ക് വളരാം, തളരാം, പന്തലിക്കാം. ഭാഗ്യനിർഭാഗ്യങ്ങൾക്ക് നാമത് വിട്ടുകൊടുക്കും. അല്ലെങ്കിൽ, *പെണ്ണിന്റെ മിടുക്കുപോലെ* എന്ന് നാം അതിനെ വ്യാഖ്യാനിക്കും.

തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് പകർന്നുകൊടുത്തതും അവൾ ഉരുവിട്ട് പഠിച്ചതുമായ പാഠങ്ങളെ (ക്ഷമ, സഹനശക്തി) പെണ്ണിന്റെ ഈ *മിടുക്കിന്* നാം കൂട്ടിനു വിടും.

പഠിച്ച പാഠങ്ങൾ ഹൃദിസ്ഥമാക്കി, ബാലൻസ് തെറ്റാതെ, പതിനെട്ടടവും പയറ്റി, ഒരഭ്യാസിയുടെ മെയ് വഴക്കത്തോടെ കൽപ്പിച്ചുകിട്ടിയ ഭൂഷണങ്ങൾ അഴിയാതെ നിലനിന്നുപോന്നാൽ *പെണ്ണിന് ഈ മിടുക്ക്* കൈവരും.

പ്രതികരണശക്തിയുടെ പൊള്ളുന്ന ചൂടിലും പാരമ്പര്യമെന്ന വിവേകം ഉൾക്കൊണ്ട് അവൾ തണുത്തുറയും. അങ്ങനെ അവൾ മനോഹരിയാകും. പ്രിയങ്കരിയുമാകും.

കലാരചനകളിലും കാവ്യസങ്കല്പങ്ങളിലും അവളുടെ ഈ ഭാവം വാഴ്ത്തപ്പെട്ടു.

സന്ധ്യകളിൽ സ്വീകരണമുറികളിലും പരമ്പരകളിൽ 'പാരമ്പര്യ'ത്തിന്റെ പര്യായമായും അവൾ നിറഞ്ഞു.

ആധുനീകരണത്തിന്റെ കുതിപ്പിനെയും ആഗോളീകരണത്തിന്റെ വെല്ലുവിളികളെയും വെല്ലി, പാമ്പൻ പാലത്തിന്റെ ബലത്തോടെ സ്ത്രീയുടെ മുഖമുദ്രയായി സമൂഹത്തിൽ ഈ ഭാവം പതിഞ്ഞു.

വീണുകിട്ടിയ അവസരം മുതലെടുത്ത് പുരുഷൻമാർ അത് ആഘോഷിച്ചു.

തലമുറകളിൽനിന്ന് തലമുറകളിലേയ്ക്ക് ഈ ആഘോഷപ്രക്രിയയും കൈമാറപ്പെടുന്നു.

ക്ഷമയുടെയും സഹനശക്തിയുടെയും പര്യായമായി ഇവൾ നീണാൾ വാഴുമോ?

അതോ, യുഗങ്ങളോളം പഴക്കമുള്ള ഒരു പ്രതിഷേധത്തിന്റെ ശക്തിയുൾക്കൊണ്ട്, സ്ഥൈര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പുതിയ ഭാവത്തോടെ ഉയിർത്തെഴുന്നേൽക്കുമോ?■

# ലേഖനങ്ങൾ അയയ്ക്കുമ്പോൾ

*ജനപഥ*ത്തിലേക്ക് ലേഖനങ്ങൾ അയയ്ക്കുമ്പോൾ കടലാസിന്റെ ഒരു പുറത്തു മാത്രം എഴുതുവാൻ ശ്രദ്ധിക്കുക. ഡി.റ്റി.പി. ചെയ്ത് അയയ്ക്കുന്നവർ ഐ.എസ്.എം സോഫ്റ്റ്വെയറിൽ എം.എൽ ഫോണ്ട് ഉപയോഗിച്ച് ടൈപ്പുചെയ്ത ഫ്ളോപ്പിയോ സി.ഡിയോ കൂടി അയയ്ക്കുന്നത് സൗകര്യമായിരിക്കും. ഇ-മെയിലിൽ Janapatham@rediffmail.com വിലാസത്തിൽ അറ്റാച്ച് ചെയ്ത് അയയ്ക്കണം. ആമുഖ കത്തിനു പുറമെ ലേഖനത്തിലും ലേഖകന്റെ പേരും പൂർണ വിലാസവും ഫോൺ നമ്പരും സൂചിപ്പിക്കണം. ഫോട്ടോകൾ ഒറിജിനലോ സി.ഡിയിലാക്കിയോ അയയ്ക്കണം. ഫോട്ടോഗ്രാഫറുടെ പേരും സൂചിപ്പിക്കണം. പഠനങ്ങളിലും വൈജ്ഞാനിക ലേഖനങ്ങളിലും റഫറൻസുകൾ ചേർക്കുന്നത് നന്നായിരിക്കും.

സർക്കാർ നടപടികൾ, സർക്കാരിന്റെയും വകുപ്പുകളുടെയും പ്രവർത്തനങ്ങൾ, പ്രത്യേക പദ്ധതികൾ, തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ശ്രദ്ധേയമായ ഇടപെടലുകൾ, സാമൂഹിക-സാംസ്കാരിക-സാമ്പത്തിക വിഷയങ്ങളിലുള്ള ഫീച്ചറുകൾ, ലേഖനങ്ങൾ, കുറിപ്പുകൾ, നിരീക്ഷണങ്ങൾ, പഠനങ്ങൾ, സാഹിത്യം, കാഴ്ചപ്പാടുകൾ, അപഗ്രഥനങ്ങൾ, പുസ്തകവിചാരം, ലേഖനങ്ങൾ, ഫോട്ടോഫീച്ചറുകൾ എന്നിവയാണ് *ജനപഥ*ത്തിൽ പ്രസിദ്ധീകരിക്കുന്നത്.

ലേഖകർ സൃഷ്ടികളുടെ ഓരോ കോപ്പി കൈവശം സൂക്ഷിക്കുന്നത് നന്നായിരിക്കും. പ്രസിദ്ധീകരിക്കാത്തവ മടക്കിനൽകുക പലപ്പോഴും സാധ്യമാകാതെ വന്നേക്കാം. ഫോട്ടോകൾ അയയ്ക്കുന്നത് മടക്കി വേണമെങ്കിൽ സ്റ്റാമ്പൊട്ടിച്ച കവർ കൂടി അടക്കം ചെയ്യണം.

'ജനപഥ'ത്തിൽ പ്രസിദ്ധീകരണത്തിനായി അയയ്ക്കുന്ന ലേഖനങ്ങൾ മറ്റു പ്രസിദ്ധീകരണങ്ങൾക്ക് അയയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം.

സ്ത്രീപക്ഷ കാഴ്ചകൾ

ആർ. പാർവതിദേവി

# മാധ്യമങ്ങളിലെ സ്ത്രീ



ലക്ഷ്യം ലാഭമാണെങ്കിലും പ്രവർത്തനങ്ങളിൽ സാമൂഹിക പ്രതിബദ്ധത കൂടി ഉൾപ്പെടുത്താൻ മാധ്യമങ്ങൾക്ക് കഴിയേണ്ടതുണ്ട്.

വാർത്താവിനിമയ ഉപാധി എന്നതിനുപരി ആധിപത്യം വഹിക്കുന്ന സംസ്കാരത്തെ നിലനിർത്തുന്ന അധികാരസ്ഥാപനങ്ങളായി ഇന്നു മാധ്യമം മാറിയിരിയ്ക്കുന്നു. 'ഫോർത്ത് എസ്റ്റേറ്റ്' എന്ന പദവിയിൽ നിന്നും മാധ്യമം വ്യവസായ സ്ഥാപനങ്ങളായി രൂപാന്തരപ്പെട്ടിരിക്കുന്നു. സമ്പത്തും അധികാരവുമുള്ള വിഭാഗങ്ങളുടെ ഉച്ചഭാഷിണിയായതോടെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വിമോചനവും മുന്നേറ്റവും മാധ്യമങ്ങളുടെ അജണ്ടയിൽ കടന്നുവരുന്നില്ല. ചൂഷണാധിഷ്ഠിത സമൂഹത്തിന്റെ വേർതിരിവുകൾ കൂടുതൽ പ്രബലമാക്കുവാനേ ഇത്തരം മാധ്യമപ്രവർത്തനത്തിനു കഴിയൂ. വളരെ വിദഗ്ധവും സൂക്ഷ്മവുമായ ശൈലി ഇതിനായി മുഖ്യധാരാമാധ്യമം സ്വീകരിച്ചിരിക്കുന്നു.

ചില പ്രത്യയശാസ്ത്ര രൂപങ്ങളെ ഉയർത്തിക്കാട്ടുന്നതിനും പ്രസക്തമാക്കുന്നതിനും മാധ്യമങ്ങൾ ശ്രദ്ധിയ്ക്കുന്നു. ആധിപത്യം പുലർത്തുന്ന പ്രത്യയശാസ്ത്രത്തിന്റെ ധാരണകൾക്കനുസൃതമായി മാധ്യമങ്ങൾ ബിംബങ്ങളെ വ്യാഖ്യാനിയ്ക്കുകയും കൂട്ടിയോജിപ്പിക്കുകയും ചെയ്യുന്നു. സമൂഹത്തെ സ്വാധീനിയ്ക്കുന്നതിന് ഈ രീതിയാണ് മാധ്യമങ്ങളെ സഹായിക്കുന്നത്. സ്വന്തം ജീവിതത്തിന്റെ അടിസ്ഥാന നിലപാടുകൾ മുതൽ ഒരു വ്യക്തിയുടെ രാഷ്ട്രീയബോധ്യത്തെ വരെ ഇത്തരത്തിൽ രൂപപ്പെടുത്തുവാൻ മാധ്യമങ്ങൾക്കു കഴിയുന്നു.

ഏത് ജീവിതപങ്കാളിയെ സ്വീകരിക്കണം എന്നതു മുതൽ ഒരു സമൂഹത്തിന്റെ ആക്രമണവാസനയെയും സ്ത്രീപക്ഷ നിലപാടിനെയും മാധ്യമങ്ങൾ സ്വാധീനിക്കുന്നുവെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

കഴിഞ്ഞ മൂന്നുപതിറ്റാണ്ടിനിടയിൽ മാധ്യമങ്ങളുടെ ദർശനത്തിൽ ഉൾപ്പെടെ വന്ന മാറ്റത്തിന്റെ പശ്ചാത്തലത്തിൽ വേണം 'മാധ്യമവും സ്ത്രീയും' എന്ന വിഷയം പരിശോധിക്കേണ്ടത്. ആഗോളമാധ്യമ രംഗത്തെ പുത്തൻ പ്രവണതകളിൽ നിന്നും കേരളത്തിലെ മാധ്യമവും വിമുക്തമല്ല. മൂന്നുകോടി ജനങ്ങൾ മാത്രമുള്ള കേരളം ഏറ്റവും കൂടുതൽ പ്രാദേശിക ചാലനുകളും ഏറ്റവും ഏറെ കേബിൾ സാന്ദ്രതയും ഉള്ള സംസ്ഥാനമെന്ന ബഹുമതി നേടിക്കഴിഞ്ഞു. ഏറ്റവും ആധികം പേർ പത്രം വായിക്കുന്ന സംസ്ഥാനം എന്ന പദവി മുൻപു തന്നെ കേരളം നേടിയിരുന്നു. മാധ്യമങ്ങളുടെ എണ്ണത്തിലുള്ള പെരുപ്പം എത്രമാത്രം സമൂഹത്തെ മുന്നോട്ടു നയിക്കുന്നു എന്നതു പരിശോധിയ്ക്കുമ്പോൾ അത്രതന്നെ പ്രതീക്ഷാനിർഭരമായ ചിത്രമല്ല തെളിഞ്ഞു വരുന്നത്.

ഇവിടെ വിഷയം സ്ത്രീ ആയതുകൊണ്ട് പരിശോധന അതിൽ മാത്രമായി കേന്ദ്രീകരിയ്ക്കാം. കേരളത്തിലെ സ്ത്രീപ്രശ്നം വളരെ സങ്കീർണമായ മാറ്റം ആണ് കൈവരിച്ചിക്കുന്നത്. സാക്ഷരത, ആയുർദൈർഘ്യം, ശിശുമരണനിരക്ക്, സ്ത്രീപുരുഷാനുപാതം തുടങ്ങിയവ സ്ത്രീയ്ക്കനുകൂലമായിരിയക്കുമ്പോൾത്തന്നെ ഗാർഹികാതിക്രമം, തൊഴിൽ പങ്കാളിത്തം, ദാരിദ്ര്യം തുടങ്ങിയവയുടെ സ്ഥിതി വിവരകണക്ക് സ്ത്രീയ്ക്കെതിരാണ്. ഗാർഹികാതിക്രമത്തിൽ കേരളം ഏഴാം സ്ഥാനത്താണത്രെ! തൊഴിൽ സ്ഥലത്തെ പീഡനത്തിലും കേരളത്തിന് ചെറുതല്ലാത്ത സ്ഥാനമുണ്ട്. സ്ത്രീധനം മൂലമുള്ള പ്രശ്നങ്ങൾ ദിനംപ്രതി വർദ്ധിച്ചു വരുന്നു. യാതൊരു വിധ തൊഴിൽ നിയമ സംരക്ഷണവും ഇല്ലാതെ കടുത്ത ചൂഷണത്തിനു വിധേയ

രായി പണിയെടുക്കുന്ന യുവതികളുടെ എണ്ണം വർധിച്ചു വരുന്നു. കേരളത്തിനു പുറത്ത് കുറഞ്ഞ വേതനത്തിന് തൊഴിൽതേടി പോകുന്ന പെൺകുട്ടികളും സ്ത്രീകളും കടുത്ത പീഡനത്തിനിരയാകുന്നതിന്റെ കഥകൾ വളരെ ചെറിയ രീതിയിൽ മാത്രമേ പുറത്തു വന്നുകൊണ്ടിരിക്കുന്നുള്ളു. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മലയാളി സ്ത്രീ കൈവരിച്ച നേട്ടങ്ങൾ ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വളരെ ഗുരുതരമായ സ്ഥിതി വിശേഷമാണ് കേരളത്തിൽ നിലനിൽക്കുന്നത്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം മെച്ചപ്പെട്ട സ്ഥിതിയിലാണെന്നു കാണിക്കാൻ നമ്മുടെ പക്കൽ കണക്കുകൾ ഉണ്ടാകും. എന്നാൽ സൂക്ഷ്മ പഠനങ്ങൾ അപകടകരമായ യാഥാർത്ഥ്യത്തിലേയ്ക്കാണ് നമ്മെ എത്തിയ്ക്കുന്നത്.

ഈ പശ്ചാത്തലത്തിൽ നമ്മുടെ പത്രങ്ങൾ പഠിക്കുമ്പോഴാണ് സമൂഹത്തെ താങ്ങിനിർത്തുന്ന നാലാം നെടുംതൂണ് എന്ന അലങ്കാരം മാധ്യമങ്ങൾ അഴിച്ചുവച്ചതായി ബോധ്യപ്പെടുന്നത്. പത്രങ്ങളും സ്ത്രീകളും എന്ന വിഷയം കൈകാര്യം ചെയ്യുമ്പോൾ ആദ്യം പരിശോധിക്കേണ്ടത് വാർത്താമാധ്യമങ്ങൾ സ്ത്രീകളുമായി ബന്ധപ്പെട്ടവിഷയങ്ങൾ എത്രമാത്രം കൈകാര്യം ചെയ്യുന്നുണ്ടെന്നാണ്. ലോകമെമ്പാടുമുള്ള മാധ്യമങ്ങൾ സ്ത്രീസംബന്ധമായ വാർത്തകൾക്ക് 4% ഇടമേ നൽകുന്നുള്ളൂ എന്ന് മാർഗരറ്റ് ഗല്ലഗർ ഒരു പഠനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ മലയാളം പത്രങ്ങളുടെ സ്ഥിതി ഇതിലും എത്രയോ താഴെയാണ്. 2007 ഡിസംബറിൽ മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങൾ എങ്ങനെയാണ് സ്ത്രീ വാർത്തകൾ പ്രസിദ്ധീകരിച്ചിരിക്കുന്നതെന്ന് ഒരു പഠനം സംസ്ഥാന വനിതാ കമ്മീഷന് വേണ്ടി നടത്തിയപ്പോൾ രസകരമായ വിവരങ്ങളാണ് ലഭിച്ചത്. ഒരു മാസത്തിൽ മലയാള മനോരമയിൽ ആകെ 44 സ്ത്രീ വാർത്തകളാണുണ്ടായിരുന്നത്. അതിൽ 26 ഉം പീഡനവാർത്തകൾ. മാതൃഭൂമിയിലെ 36 ൽ 20 ഉം ദേശാഭിമാനിയിലെ 28 ൽ 12 ഉം പീഡനവുമായി ബന്ധപ്പെട്ടവയാണ്. ആത്മീയനേതാക്കളുടെയും വനിതാ രാഷ്ട്രീയ നേതാക്കളുടെയും പ്രസ്താവനകളോ പ്രസംഗങ്ങളോ ആണ് ബാക്കിയുള്ളതിൽ ഏറെയും. ദേശാഭിമാനിയിൽ ഇടതുപക്ഷ വനിതാ സംഘടനകളുടെ സമര വാർത്തകൾ മറ്റ് പത്രങ്ങളിൽ ഉള്ളതിനെക്കാൾ ഉണ്ടെന്നു മാത്രം.

ഒരു ദിവസം ഒരു പത്രത്തിൽ ശരാശരി 150 വാർത്തയുണ്ടാകും. അതായത് 30 ദിവസത്തിൽ 4500 വാർത്ത ഇതിൽ എത്ര ശതമാനം ആണ് സ്ത്രീ വാർത്ത എന്ന് നാം കണ്ടു. ഉള്ളവ തന്നെ പീഡനങ്ങൾക്കു പ്രാമുഖ്യം കൊടുക്കുന്നവയും. മലയാള പത്രങ്ങളിൽ പൊതുവിൽ സ്ത്രീവിരുദ്ധ വാർത്തകൾ തീരെ ഇല്ലെന്നു തന്നെ പറയാൻ കഴിയും. എന്നാൽ മാധ്യമങ്ങളിൽ നിന്നും മനസ്സിലാക്കുന്നത് പീഡനത്തിന്റെ ഇര എന്നതിനപ്പുറത്തൊരു പദവി സ്ത്രീയ്ക്ക് ഇല്ലെന്നാണ്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും ശക്തവും ഫലപ്രദവുമായി ഇടപെടുന്ന മലയാളി സ്ത്രീയെ മാധ്യമങ്ങളിലൂടെ കാണാനാവില്ല. ഉത്പാദന മേഖലയിലും കാർഷിക, തൊഴിൽ മേഖലകളിലും പങ്കാളിത്തം കുറവാണെങ്കിലും സ്ത്രീ ഉണ്ട്. വിദ്യാഭ്യാസരംഗത്ത് സവിശേഷ നേട്ടങ്ങൾ അവൾക്കാണ്. കടുത്ത പുരുഷാധിപത്യ സമൂഹത്തിൽ എല്ലാത്തരം വെല്ലുവിളികളും നേരിട്ടുകൊണ്ടാണ് സ്ത്രീകൾ തങ്ങളുടെ ഇടം കണ്ടെത്തുന്നത്.

എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ മാധ്യമങ്ങൾ ഈ വശം തമസ്കരരിക്കുന്നു. വാർത്തയിൽ അദൃശ്യയായ സ്ത്രീ പരസ്യത്തിലും പരമ്പരകളിലും നിറഞ്ഞു നിൽക്കുന്നു. തികച്ചും തെറ്റായ സന്ദേശങ്ങൾ നൽകിക്കൊണ്ട് പുരുഷാധിപത്യ സമൂഹത്തിലെ സ്ത്രീ വിരുദ്ധ മൂല്യങ്ങൾ ഊട്ടി ഉറപ്പിയ്ക്കുവാൻ മാത്രമാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്. ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നും ഏറെ അകലെ നിലനിൽക്കുന്ന മാധ്യമങ്ങൾ 'അജണ്ടാ സെറ്റർ' എന്ന നിലയിൽ സമൂഹത്തെ മറ്റൊരു വഴിയ്ക്ക് നയിക്കുന്നു. സമത്വം, ജനാധിപത്യം, മനുഷ്യാവകാശം എന്നിവ മൂല്യങ്ങളാണ് എന്ന് പുരോഗമന സമൂഹം കണക്കാക്കുന്നു. എന്നാൽ ഈ മൂല്യങ്ങൾക്ക് മാധ്യമങ്ങൾ പ്രാധാന്യം കല്പിക്കുന്നില്ല. വികസനം, പരിസ്ഥിതിസംരക്ഷണം, സ്ത്രീപുരുഷ സമത്വം, ദളിത് പുരോഗതി തുടങ്ങിയവയ്ക്കൊന്നും മാധ്യമങ്ങളിൽ സ്ഥാനം ലഭിക്കുന്നില്ല.

വാർത്ത പുനർനിർവചിക്കേണ്ട സ്ഥിതിയാണ് കേരളത്തിൽ. ഓരോ ദിവസവും ഓരോ വാർത്തയാണ് മാധ്യമങ്ങൾ "ആഘോഷിക്കുന്നത്". ഈ ആഘോഷത്തിനിടയിൽ യഥാർത്ഥ പ്രശ്നങ്ങൾ മുങ്ങിപ്പോകുന്നു. സെൻസേഷണലൈസ് ചെയ്യാൻ കഴിയുന്ന നെഗറ്റീവ് സംഭവങ്ങൾ മാത്രമേ ഇന്ന് വാർത്തയാകുന്നുള്ളു. അതുകൊണ്ടാണ് സ്ത്രീകൾ നടത്തുന്ന അർത്ഥപൂർണമായ പ്രവർത്തനങ്ങൾ മാധ്യമങ്ങൾ തമസ്കരിക്കുന്നത്. ഒന്നാം പേജിലെ ലീഡ് വാർത്തയോ മുഖപ്രസംഗമായോ സ്ത്രീ സംബന്ധമായ വാർത്തകൾ ഉണ്ടാകാറേയില്ലെന്നു തന്നെ പറയാം. വനിതാ സംവരണത്തിനായി ശക്തമായ സമരങ്ങൾ നടക്കുകയും വനിതാ ബിൽ പാർലമെന്റിൽ കീറിപറത്തുകയും ചെയ്ത വേളയിലാണ് ഒന്നാം



പരസ്യത്തിലൂടെയും പരമ്പരകളിലൂടെയും പ്രത്യക്ഷത്തിലും വാർത്തയിലൂടെ പരോക്ഷമായും സ്ത്രീ വിരുദ്ധത പ്രചരിപ്പിക്കപ്പെടുന്നു. മലയാളമാധ്യമങ്ങൾ പലപ്പോഴും ഇക്കാര്യത്തിൽ അതിരുവിടുന്നു എന്നതാണ് സത്യം. അതുകൊണ്ടാണ് വനിതാ കമ്മിഷൻ ഒരു മീഡിയാ മോണിറ്ററിങ് സെൽ രൂപീകരിച്ചിരിക്കുന്നത്.

പേജിൽ ആ സംഭവത്തിന് സ്ഥാനം ലഭിച്ചത്. ബോക്സിനുള്ളിൽ കൗതുക വാർത്ത പോലെ ചില കദനകഥകൾ ഒന്നാം പേജിന്റെ 'സൗന്ദര്യ'ത്തിനായി കൊടുക്കുന്നതൊഴിച്ചാൽ ഗൗരവപൂർണമായി സ്ത്രീപ്രശ്നം ഒരു പത്രവും കൈകാര്യം ചെയ്യുന്നില്ല. 'ഏതുതരം സ്ത്രീ വാർത്തകൾ പ്രസിദ്ധീകരിക്കുന്നു എന്നതല്ല; ഏതുതരം വാർത്തകൾ വരുന്നില്ല' എന്നതാണ് പരിശോധിക്കേണ്ടതെന്ന് പറയുന്നത് അതുകൊണ്ടാണ്.

പരസ്യത്തിലൂടെയും പരമ്പരകളിലൂടെയും പ്രത്യക്ഷത്തിലും വാർത്തയിലൂടെ പരോക്ഷമായും




സ്ത്രീ വിരുദ്ധത പ്രചരിപ്പിക്കപ്പെടുന്നു. മലയാള മാധ്യമങ്ങൾ പലപ്പോഴും ഇക്കാര്യത്തിൽ അതിരുവിടുന്നു എന്നതാണ് സത്യം. അതുകൊണ്ടാണ് വനിതാ കമ്മിഷൻ ഒരു മീഡിയാ മോണിറ്ററിങ് സെൽ രൂപീകരിച്ചിരിക്കുന്നത്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ. എല്ലാ മാധ്യമങ്ങൾക്കും അടിയന്തരമായി ഒരു വനിതാസഹായം ഉണ്ടാക്കണമെന്ന ആവശ്യം ഈ കമ്മിറ്റി മുന്നോട്ടുവയ്ക്കുന്നുണ്ട്. ഈ നയം എങ്ങനെയാകണമെന്നത് മാധ്യമ മുതലാളിമാരുമായും പ്രമുഖ മാധ്യമ പ്രവർത്തകരുമായും ചർച്ച നടത്തിയ ശേഷമാകും തീരുമാനിക്കുക.

ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ ഉന്നമനത്തിനും അവരുടെ അഭിമാനപൂർണമായ ജീവിതത്തിനും ഉതകുന്ന മാധ്യമ പ്രവർത്തനം കാലഘട്ടത്തിന്റെ ആവശ്യമാണ്. ലാഭം മാത്രം ലക്ഷ്യമാക്കുമ്പോഴും ചില സാമൂഹിക പ്രതിബദ്ധതയാർന്ന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്താൻ നിശ്ചയമായും മാധ്യമങ്ങൾക്കു കഴിയും. അഭിരുചികളും താത്പര്യങ്ങളും ആശയങ്ങളും സങ്കല്പങ്ങളും രൂപീകരിക്കുവാൻ ശക്തിയുള്ള മാധ്യമങ്ങൾ ഈ ഉത്തരവാദിത്വം ഏറ്റെടുക്കണമെങ്കിൽ ജനാധിപത്യപുരോഗമന സമൂഹം കടുത്ത സമ്മർദം ചെലുത്തേണ്ടിവരും.■

*കുടുംബശ്രീ പി.ആർ.ഒ. ആണ് ലേഖിക*



വ്യവസായ സംരംഭങ്ങൾക്കുള്ള അനുകൂലാന്തരീക്ഷത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണെന്നു ചൂണ്ടിക്കാട്ടി ഒരു പഠനം കൂടി പുറത്തുവന്നിരിക്കുന്നു.

# മുന്നിൽ,

വ്യവസായ സംരംഭങ്ങൾക്കുള്ള അനുകൂലാന്തരീക്ഷത്തിൽ ഇന്ത്യയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണെന്നു ചൂണ്ടിക്കാട്ടി ഒരു പഠനം കൂടി പുറത്തുവന്നിരിക്കുന്നു. എസി നെൽസൺ ഗ്രൂപ്പിന്റെ പിന്തുണയോടെ ടി.ഐ.ഇയും കെ.പി.എം. ജി.ഗ്രൂപ്പും ചേർന്ന് നടത്തിയ, ഓരോ പ്രദേശത്തെയും ബിസിനസിന് അനുകൂലമായ പശ്ചാത്തല ഘടകങ്ങളെ കുറിച്ച് സംരംഭകർക്കുള്ള ആത്മവിശ്വാസമെത്ര എന്നു കണ്ടെത്തുന്ന പഠനത്തിലാണ് കേരളത്തിന് ഒന്നാം സ്ഥാനം. ഇതിനു മുമ്പ് 'ഫിക്കി' നടത്തിയ പഠനത്തിലും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഓരോ സംസ്ഥാനത്തിലെയും ധനകാര്യം, ഭരണനിർവഹണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, പ്രദേശത്തെ സർക്കാർ അന്തരീക്ഷം, മനുഷ്യ വിഭവവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, നിയന്ത്രണ നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് 300 സംരംഭകർക്കിടയിൽ നടത്തിയ അഭിപ്രായ സർവെയുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ ഓരോ സവിശേഷ ഘടകങ്ങൾക്കും പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത മൂല്യം നൽകി അതിൽ നിന്നും ഇന്ത്യയുടെ പൊതുവായുള്ള 'ആത്മവിശ്വാസഗുണത' (confidence index) വിലയിരുത്തുകയാണ് പഠനത്തിൽ. ഓരോ ഘടകത്തിന്റെയും താരതമ്യ വ്യതിയാനം സൂചിപ്പിക്കുന്നതിന് സ്റ്റാൻഡേർഡ് വ്യതിയാനം കണക്കാക്കുകയും തുടർന്ന് ഓരോ സംസ്ഥാനത്തിന്റെയും നിലവാരം വിലയിരുത്തുകയുമാണുണ്ടായത്.

ആത്മവിശ്വാസ ഗുണതയ്ക്ക് 5 പോയിന്റുകളുള്ള സ്കെയിലാണ് പഠനം കണക്കിലെടുക്കുന്നത്. സ്കോർ 1 ഏറ്റവും മോശപ്പെട്ട അവസ്ഥയെ സൂചിപ്പിക്കുന്നു. 3 താരതമ്യേന സ്വീകാര്യമായ അവസ്ഥയെയും 5 ഏറ്റവും മാതൃകാപരവും അഭിലഷണീയവുമായ അവസ്ഥയെയും സൂചിപ്പിക്കുന്നു. ഇന്ത്യയുടെ ശരാശരി നിരക്ക് 3.10 ആണ്.


അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ ശക്തി, പണം ഈ മൂന്നും വ്യവസായ സംരംഭം വിജയിപ്പിക്കുന്നതിനുള്ള പ്രധാന ഘടകങ്ങളായി പഠനം വിലയിരുത്തുന്നു. അടിസ്ഥാനസൗകര്യങ്ങളിലും തൊഴിൽ ശക്തിയിലും പൊതുവെ ഇന്ത്യൻ സംരംഭകർ സംതൃപ്തി രേഖപ്പെടുത്തുമ്പോൾ പണം കണ്ടെത്തുക ഇപ്പോഴും അല്പം ബുദ്ധിമുട്ടായ പ്രക്രിയയായിത്തന്നെ അവർ വിലയിരുത്തുന്നതായി പഠനം സൂചിപ്പിക്കുന്നു. ചെറുകിട-ഇടത്തരം സംരംഭകർക്കും മൂന്നാംതരം നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള സമ്പന്നർക്കും തുടക്കസംരംഭകർക്കും വേണ്ടത്ര മുതൽമുടക്കിനുള്ള ധനസഹായം ലഭ്യമാക്കാൻ കഴിയുന്നില്ലെന്ന അവസ്ഥയുണ്ടെന്നാണ് കണ്ടെത്തൽ.

## സംസ്ഥാനങ്ങൾ

സംസ്ഥാനങ്ങളിൽ കേരളമാണ് മുന്നിൽ. ഉത്തർപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട് എന്നിവ തുടർന്നുള്ള സ്ഥാനങ്ങളിൽ വരുന്നു. 3.80 എന്ന ഉയർന്ന സ്കോറാണ് കേരളത്തിനു ലഭിച്ചിരിക്കുന്നത്.

## സെക്ടർതല വിലയിരുത്തൽ

വിവിധതരം വ്യവസായങ്ങളെ പ്രത്യേകമായെടുക്കുമ്പോൾ നിർമാണ വ്യവസായങ്ങളാണ് ആത്മവിശ്വാസ ഗുണതയിൽ മുന്നിൽ(3.32). വ്യവസായം തുടങ്ങുന്ന ഘട്ടത്തിലാണ് (3.34) ഉയർന്ന ആത്മവിശ്വാസം സംരംഭകർക്കു കാണുന്നത്. വളർച്ചയുടെ




## സംസ്ഥാനതല ആത്മവിശ്വാസ ഗുണത *(STATEWISE CONFIDENCE INDEX)*

| പാരാമീറ്റർ | കേരളം | ഉത്തർ പ്രദേശ് | മഹാ രാഷ്ട്ര | തമിഴ് നാട് | പാൻ-ഇന്ത്യ | ആന്ധ്രാ പ്രദേശ് | ഡൽഹി | പശ്ചിമ ബംഗാൾ | രാജ സ്ഥാൻ | കർണാടക | ഗുജറാത്ത് |
|---|---|---|---|---|---|---|---|---|---|---|---|
| അടിസ്ഥാനസൗകര്യം | 3.81 | 3.29 | 3.51 | 3.59 | 3.20 | 3.23 | 3.34 | 3.37 | 3.43 | 2.99 | 3.05 |
| തൊഴിൽശക്തി | 3.74 | 3.65 | 3.27 | 3.41 | 3.03 | 3.25 | 2.99 | 3.30 | 2.71 | 2.82 | 2.07 |
| സാമ്പത്തികലഭ്യത | 3.76 | 3.19 | 3.31 | 2.43 | 2.31 | 2.82 | 2.94 | 2.30 | 2.77 | 2.87 | 2.55 |
| പ്രാദേശിക സാഹചര്യങ്ങൾ | 3.95 | 3.49 | 3.12 | 2.54 | 2.05 | 2.71 | 2.65 | 2.45 | 2.42 | 2.88 | 3.01 |
| ഭരണപരമായ പ്രശ്നങ്ങൾ | 3.78 | 3.44 | 2.85 | 3.24 | 2.00 | 2.65 | 2.72 | 2.77 | 2.44 | 2.46 | 3.01 |
| നിയന്ത്രണ നടപടികൾ | 3.75 | 3.18 | 3.08 | 3.31 | 3.05 | 3.05 | 2.97 | 2.93 | 2.65 | 2.74 | 2.81 |
| **ശരാശരി വെയ്റ്റേജ്** | **3.80** | **3.39** | **3.28** | **3.13** | **3.10** | **3.02** | **3.01** | **2.94** | **2.85** | **2.85** | **2.70** |
| **സ്റ്റാൻഡേർഡ് ഡീവിയേഷൻ** | **0.08** | **0.18** | **0.23** | **0.48** | **0.16** | **0.26** | **0.24** | **0.44** | **0.37** | **0.18** | **0.38** |

# കേരളം

**സംരംഭകത്വ ധാരണ – രേഖാചിത്രം**




ആദ്യഘട്ടങ്ങളിലുള്ളവരിൽ ഇത് 2.92 മാത്രം. വളർച്ചയുടെ തുടർന്നുള്ള ഘട്ടങ്ങളിലുള്ളവരിൽ 3.24 ആണ് സ്കോർ.

കേരളത്തിൽ സേവന മേഖലയിൽ വൻ വളർച്ചയുണ്ടെന്ന് പഠനം പറയുന്നു. ടൂറിസം, കാർഷികോത്പന്ന സംസ്കരണം, ഐ.ടി തുടങ്ങിയ മേഖലകളിൽ ശ്രദ്ധയൂന്നിയുള്ള നയങ്ങൾ സംസ്ഥാനത്തിനു ഗുണകരമാണെന്നാണ് സർവെ വിലയിരുത്തൽ. സി.ഡി.എസിലെ ശാസ്ത്രജ്ഞരായ കെ.സി.സക്കറിയയും ഇരുദയ രാജനും നടത്തിയ പഠനത്തിൽ കേരളത്തിലെ തൊഴിലില്ലായ്മ 2006-07 ൽ 9.4 ശതമാനമായി കുറഞ്ഞതായി കണ്ടെത്തിയ വസ്തുതയും റിപ്പോർട്ടിൽ വിശകലനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി എന്നിവ പ്രധാന ഐടി ലക്ഷ്യകേന്ദ്രങ്ങളായി മാറുന്നത്, നിർമാണമേഖലയിലെ വളർച്ച എന്നിവയോടൊപ്പം ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ എണ്ണത്തിലുള്ള വലിയ വർധനയും കേരളത്തിലെ സമീപകാല പ്രവണതകളായി പഠനം വിലയിരുത്തുന്നു. ഗൾഫ് നാടുകളിൽ നിന്നു വരുന്ന പണം പ്രത്യുത്പാദനപരമല്ലാത്ത സംരംഭങ്ങളിൽ മുടക്കുന്ന പ്രവണത കുറയുകയും അവ കൂടുതൽ വ്യവസായ സംരംഭങ്ങളിലേക്കു തിരിയുകയും ചെയ്യുന്നതായും പഠനം വിലയിരുത്തുന്നു. സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹജനകമായ നടപടികൾ, പ്രത്യേകിച്ചും ധനകാര്യം, ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലുള്ള നടപടികൾ കേരളത്തിന്റെ സവിശേഷതയാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.

സംരംഭകർക്കുള്ള ധാരണകളുടെ അടിസ്ഥാനത്തിലുള്ള പഠനമായതിനാൽ വ്യവസായ വളർച്ച നേടിയ സംസ്ഥാനങ്ങളെക്കുറിച്ച് സംരംഭകർക്ക് ഉയർന്ന പ്രതീക്ഷയും മറ്റു സംസ്ഥാനങ്ങളെക്കുറിച്ച് അത്ര ഉയർന്നതല്ലാത്ത പ്രതീക്ഷയും ഉണ്ടാവുക സ്വാഭാവികമാണെന്നും അതിന്റെ അടിസ്ഥാനത്തിൽ ആത്മവിശ്വാസ ഗുണതയിൽ വസ്തുനിഷ്ഠ വ്യതിയാനം വരുമെന്നും പഠനത്തിന്റെ പരിമിതിയായി കെ.പി.എം.ജി ചൂണ്ടിക്കാട്ടുന്നുണ്ട്.

നിക്ഷേപവും സംരംഭകത്വവും വളരുമ്പോൾ അതുവഴിയുണ്ടാകുന്ന സാമ്പത്തിക ഗുണം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിച്ചാലേ സുസ്ഥിരവും അസമത്വമില്ലാത്തതുമായ വളർച്ച ലഭിക്കൂ. കമ്പോളാധിഷ്ഠിത വികസനത്തെ പ്രോത്സാഹിപ്പിക്കുന്ന കെ.പി.എം.ജി പോലുള്ള സ്ഥാപനങ്ങൾ ഈ ഘടകത്തെ കണക്കിലെടുക്കുന്നുണ്ടാവണമെന്നില്ല. ഇതൊക്കെയാണെങ്കിലും 'ഫിക്കി'യുടെ സർവെയെപ്പോലെ കെ.പി.എം.ജി. സർവേക്കും പ്രാധാന്യമുണ്ട്. സമരോത്സുകതയും ട്രേഡ് യൂണിയൻ മിലിറ്റൻസിയും കാരണം ഇവിടെ നിക്ഷേപ സൗഹൃദാന്തരീക്ഷം ഇല്ലായെന്ന കുപ്രചരണങ്ങളുടെ പൊള്ളത്തരം തുറന്നുകാട്ടാനും വ്യവസായത്തിന്റെയും നിക്ഷേപത്തിന്റെയും മേഖലകളിൽ ഇടതുപക്ഷ സർക്കാർ പുലർത്തുന്ന ക്രിയാത്മക നയസമീപനങ്ങൾ ബോധ്യമാക്കാനും ഇത്തരം പഠനങ്ങൾ ഉപകരിക്കും. വ്യാവസായിക ലോകത്തിന്റെ ഉള്ളിൽ നിന്നുള്ള പഠനങ്ങൾക്ക് അവർ വിശ്വാസ്യത കൂടുതൽ കൽപ്പിക്കുമല്ലോ.■

**പി.എസ്.ആർ**

■ ഒ.എൻ.വി. കുറുപ്പ്



# ഓർമകളും ഓർമിപ്പിക്കലുകളും

മുക്കുവത്തരുണിയിൽ പിറന്ന വ്യാസനും ചക്കാലത്തരുണിയിൽ പിറന്ന എഴുത്തച്ഛനും മുതലിങ്ങോട്ട് ഇന്ത്യയിലെ കവികൾ പാരതന്ത്ര്യത്തിനും അധിനിവേശത്തിനും എതിരെയാണ് കവിതയെഴുതിയത്. കവചകുണ്ഡലങ്ങൾ ഇരന്നുവാങ്ങാൻ ഇന്ദ്രൻ പോലും വരുമെന്നും ജീവിതപങ്കാളിയെ അപഹരിക്കാൻ കപടഭിക്ഷുക്കൾ വരുമെന്നും അവ നമ്മെ ഓർമിപ്പിക്കുന്നു

മലയാളകവിതയുടെ കുലപതിയായ എഴുത്തച്ഛന്റെ പേരിലുള്ള പുരസ്കാരം എന്റെ കാവ്യജീവിതയാത്രയിൽ എനിക്കു ലഭിക്കുന്ന ഏറ്റവും വിശിഷ്ടമായ പാഥേയമാണ്. "ഈ ബഹുമതിക്ക് നീയെന്തു പകരം നൽകും?" എന്ന് ഞാൻ എന്നോടുതന്നെ ചോദിക്കുന്നു. എന്നും ഈ ചോദ്യത്തിന് ഒരുത്തരമേ എനിക്കു കണ്ടെത്താനായിട്ടുള്ളൂ. 'ഒരു കവിയായിരിക്കാൻ ശ്രമിക്കാം."– വേണമെങ്കിൽ അല്പംകൂടി വിശദമാക്കാം. "സ്വന്തം ഉത്കണ്ഠകളാലും ഉത്തമബോദ്ധ്യങ്ങളാലും നയിക്കപ്പെടുന്ന ഒരു കവിയായിരിക്കാം."അത്രമാത്രം.

അരണി കടഞ്ഞ് അഗ്നിയുണ്ടാവും പോലെ, ഓരോ കാലത്തെയും മനുഷ്യാവസ്ഥയും കവിഭാവനയും തമ്മിലുരസിയുണ്ടാവുന്നതാണ് മഹിതമായ ഏതു കാവ്യവും. ഈ പാരസ്പര്യമോർത്തുകൊണ്ട് പറയട്ടെ, എന്റെ പൂർവികരായ കവികളിലൂടെ ഞാൻ കണ്ടെത്തുന്നത് മാനുഷ്യകത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഓരോരോ ഘട്ടങ്ങളെയാണ്; അവർ പിന്നിട്ടുപോയ വഴികളെയാണ്; അവർ അവശേഷിപ്പിച്ചുപോയ പൈതൃകത്തെയാണ്; നമ്മുടെ സംസ്കാരത്തെയും അതിന്റെ ചരിത്രത്തെയുമാണ്. ഇതിന്റെ പേരിൽത്തന്നെ എന്റെ പൂർവകാല കവികളോട് ഞാൻ കടപ്പെട്ടിരിക്കുന്നു. അവരുടെ മഹാസൗഭ്രാത്രത്തിലൊരംശമാണ് ഞാനെന്നോർക്കുമ്പോൾ, എന്റെ 'ലഘുത്വ'വും 'ഗുരുത്വം' കൈവരിക്കുന്നു. സമുദ്രത്തിന്റെ ഓരോ തുള്ളിയിലും സമുദ്രത്തിന്റെ ഉപ്പ് അതേ സാന്ദ്രതയിലുണ്ടാവുംപോലെ.

അതതു കാലത്തെ കാട്ടാളത്തത്തോട് "അരുതെ"ന്നുറക്കെപ്പറയാൻ വാല്മീകിയാണാദ്യം പറഞ്ഞുതന്നത്. അതിന്റെ ഫലമാണ് എന്റെ കൗമാരചാപല്യമായ 'കവിയും കാട്ടാളനും' എന്ന കവിതപോ

ലും. പിന്നെ വ്യാസൻ ഭീഷ്മരിലൂടെ പറഞ്ഞുതന്നു, "ന മാനുഷാൽ ശ്രേഷ്ഠതരം ഹി കിഞ്ചിത്" (മനുഷ്യനേക്കാൾ ശ്രേഷ്ഠതരമായൊന്നുമില്ല.) എന്ന്. "കരച്ചിലിനെ പിന്തുടരുന്ന കവി"യായി വാല്മീകിയെ ചൂണ്ടിക്കാട്ടിത്തന്നു, കാളിദാസൻ. എന്തും പരീക്ഷിച്ച് സ്വയം വിലയിരുത്തണമെന്നും പരപ്രത്യയനേയബുദ്ധിയാവരുതെന്നുംകൂടി കാളിദാസൻ മുന്നറിയിപ്പുതന്നു.

ഒരു മാതൃകാ റിപ്പബ്ലിക്കിനുവേണ്ടി കവിയെ പുറത്തുനിർത്തണമെന്ന നിഗമനത്തിലെത്തിയ പ്ലേറ്റോയ്ക്കല്ല, എല്ലാ പക്ഷിക്കും ഒരേ കൂടായിത്തീരുന്ന ലോകത്തെ സ്വപ്നം കാണാൻ പഠിപ്പിച്ച മനീഷിക്കാണെന്റെ മനസ്സ് ശിഷ്യപ്പെട്ടത്. "നിർഭയമായ മനസ്സുമായി ശിരസ്സുയർത്തിപ്പിടിച്ചു" നടക്കാൻ കഴിയുന്നിടത്താണ് "സ്വാതന്ത്ര്യത്തിന്റെ സ്വർഗ"മെന്നും "പാരതന്ത്ര്യം മൃതിയേക്കാൾ ഭയാനകമാണെന്നും" ഏതു പരിവർത്തനവും "സ്നേഹസുന്ദരപാതയിലൂടെയാവുകയാണ് അഭികാമ്യമെന്നും" "തത്വശാസ്ത്രങ്ങൾ ഉറങ്ങിപ്പോയാൽ ജീവിതം അതിന്റെ വഴിക്കുപോകു"മെന്നും "അധികാരം കൊയ്യാതെ പൊന്നാര്യൻ കൊയ്യാനാവില്ലെന്നു" മെല്ലാം പറഞ്ഞുതന്നത് പോയകാലത്തെ കവികളാണ്. അവരുടെ കൂട്ടത്തിൽ "പല ദേശത്തിൽ പലപല ഭാഷയിൽ" പാടിയവരുമുണ്ട്. ആലസ്യത്തിൽനിന്നെന്നെ വിളിച്ചുണർത്തി "ഈ തെരുവിലെ രക്തം കാണൂ" എന്ന് നെരൂദ ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു. മതിലുകളെല്ലാം തകർത്തുകൊണ്ട് മാനവികതയുടെ മഹിതസുന്ദരമായ ലോകത്തേക്ക് കുതിച്ചുകയറാൻ പണിപ്പെടുന്ന മനുഷ്യന്റെ രക്തം വീഴുന്നിടത്തേക്കെല്ലാം അത് കൈ ചൂണ്ടുന്നു. തടവറയിൽ കഴിയുന്ന തന്നിൽ ഹൃദയത്തിന്റെ നേർപകുതിഭാഗം മാത്രമേയുള്ളുവെന്നും മറുപാതി വിമോചനത്തിനായി പോരാടുന്നവരുടെ വിദൂരനഗരങ്ങളിലേക്ക് പാഞ്ഞുപോവുകയാണെന്നും നാസിം ഹിക്മത്ത് പറയുമ്പോൾ, ഒരു ഡോക്ടർക്കും രോഗനിർണയം ചെയ്ത് ചികിത്സിക്കാനാവാത്ത ഒരുതരം ഹൃദ്രോഗം സ്വാതന്ത്ര്യത്തെ സ്നേഹിക്കുന്ന കവിക്ക് ജന്മനാ വിധിക്കപ്പെട്ടിരിക്കുന്നു എന്ന സത്യം ഞാൻ മനസ്സിലാക്കുന്നു. ആ ഹൃദ്രോഗം ശമിക്കുമ്പോൾ കവി മരിക്കുന്നു എന്നുകൂടി അത് ധ്വനിപ്പിക്കുന്നു. ''സ്നേഹത്തെക്കരുതികഴിക്കിൽ നൂറാവൃത്തി ചത്തീടുവിൻ!" എന്നു പാടിയ ആശാനും "എന്റെ സ്നേഹത്തിനുവേണ്ടി ഞാനെന്റെ ജീവിതത്തെ ബലിനല്കാം" എന്നു പാടിയ ഹങ്കറിയിലെ 'സാൻദോർ പെറ്റോഫി'യും ഒരേ സൂര്യന്റെ രണ്ടു രശ്മികളായി എന്നിലെത്തുന്നു.

സംസ്കൃതത്തിന് "ദേവഭാഷ" എന്ന പര്യായം ചാർത്തിക്കൊടുത്തവർ, ഇവിടത്തെ വെറും മനുഷ്യരോട് "ഇത് നിനക്കുള്ളതല്ലാ"എന്നും "ഇതിലെഴുതപ്പെട്ടതൊന്നും നീ തൊട്ടശുദ്ധമാക്കരുത്" എന്നുമാവാം ഉദ്ദേശിച്ചത്. അതൊരു വിലക്കായിരുന്നെങ്കിൽ ആ വിലക്കിനെ ഉല്ലംഘിച്ച കവികൾ ഇന്ത്യയിലുണ്ടായി–ജ്ഞാനേശ്വർ, നാമദേവൻ, പമ്പൻ, കമ്പർ, നന്നയ്യ, തിക്കണ, സരളാദാസ്, ചൈതന്യ തുടങ്ങി നമ്മുടെ തുഞ്ചത്തെഴുത്തച്ഛൻവരെയുള്ള, വിവിധ ഭാരതീയഭാഷകളിലെഴുതിയ ഋഷിതുല്യരായ കവികൾ. സ്വർഗംഗയെ ഭൂമിയിലേക്കാവാഹിച്ച് മരിച്ച ആയിരങ്ങളെ ഉജ്ജീവിപ്പിച്ച ഭഗീരഥനെപ്പോലെ, അഗ്നി കവർന്ന് മനുഷ്യർക്കു നൽകിയ പ്രൊമിത്യൂസിനെപ്പോലെ ആദരണീയരാണവർ. ഇന്ത്യയുടെ ആദ്ധ്യാത്മികദർശനസമ്പത്ത് സാമാന്യജനങ്ങൾക്ക് പകർന്നുകൊടുക്കാനുള്ള ധീരമായ ആ പ്രസ്ഥാനത്തിന്റെ അങ്ങേത്തലയ്ക്കൽ പതിമൂന്നാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ജീവിച്ചിരുന്ന അല്പായുസ്സായ ജ്ഞാനേശ്വർ എന്ന മറാത്തി കവിയുണ്ട്. ഏതു ഭാഷയും ഒരു മാനുഷികോല് പന്നമാണെന്ന ശാസ്ത്രീയ വീക്ഷണത്തെ നിരാകരിക്കുന്ന വിശ്വാസമായിരുന്നു, സംസ്കൃതം ദൈവസൃഷ്ടിയാണെന്നത്. "ദൈവമാണ് സംസ്കൃതത്തെ സൃഷ്ടിച്ചതെങ്കിൽപ്പിന്നെ പ്രാകൃതം തിരുടന്മാരിൽനിന്നുണ്ടായതാണോ?'' എന്ന ചോദ്യമുയർന്ന കാലത്ത്, "ജ്ഞാനേശ്വരി" എന്ന പ്രസിദ്ധമായ ഭഗവത്ഗീതാഭാഷ്യത്തിലൂടെയാണ് ജ്ഞാനേശ്വറിന്റെ സഫലമായ പ്രതിരോധമുണ്ടായത്. സമകാലികനായ നാമദേവൻ ഭാഗവതപ്രസ്ഥാനത്തിലെ പ്രമുഖ കവിയാണ്. സംസ്കൃതാനഭിജ്ഞരായ സാമാന്യജനതയിൽ സ്വാഭിമാനം പ്രോജ്ജ്വലിപ്പിക്കുവാനും ദാർശനികമായ ഉണർവ് ഉളവാക്കുവാനും നാമദേവനു കഴിഞ്ഞു. ആർ.ഡി. റാനഡേ ജ്ഞാനേശ്വറിന്റെ കാലഘട്ടത്തെ "*The Age of Spriritual Democracy*" എന്നു വിശേഷിപ്പിക്കുകയുണ്ടായി. സാംസ്കാരികമായ ഏത് അധിനിവേശത്തെയും ചെറുത്തുനിൽക്കാൻ ഇന്ത്യയുടെ ആത്മാവിനെ (*The Indian Psyche*) ശക്തിപ്പെടുത്തണമെന്ന പൊതുവായ ലക്ഷ്യമാണന്നത്തെ കവികൾക്കുണ്ടായിരുന്നത്. ആ കവിപരമ്പരയിലാണ്, പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തുഞ്ചത്തെഴുത്തച്ഛൻ. എഴുത്തച്ഛനു മുമ്പും ഇതിഹാസ കഥാനുഗാനങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ടെങ്കിലും കവിത "ആത്മീയമായ ജനാധിപത്യ"ത്തിനുവേണ്ടിയുള്ള സർഗ്ഗാത്മകമായ അന്വേഷണമായി മാറിയത് തുഞ്ചന്റെ തിരുനാരായത്തുമ്പിലൂടെയാണ്.

ജനാധിപത്യമെന്നു കേൾക്കുമ്പോൾ, "ജനങ്ങൾക്കു വേണ്ടി ജനങ്ങൾ തിരഞ്ഞെടുക്കുന്ന ജനങ്ങളുടെ ഗവർമെണ്ട്" എന്ന നിർവചനമാണ് നമ്മുടെ ഓർമ്മയിൽ വരുന്നത്. ആ നിർവചനം പാശ്ചാത്യരുടേതാണെങ്കിലും, ജനാധിപത്യം തികച്ചുമൊരു പാശ്ചാത്യ സങ്കല്പമാണെന്ന ധാരണ ശരിയല്ല. മാത്രമല്ല, അതിനൊരു ആത്മീയതലം കൂടിയുണ്ടെന്ന ധാരണ പാശ്ചാത്യചിന്തയ്ക്ക് അന്യമാണ്;

ഒരുപക്ഷേ, അവർക്കതൊരത്ഭുതം തന്നെയാവാം. എന്നാൽ, ആ അത്ഭുതം സൃഷ്ടിച്ചത് ആദ്യനവോത്ഥാനശില്പികളായിത്തീർന്ന ഋഷിതുല്യരായ കവികളും ആചാര്യന്മാരുമായിരുന്നു. അവരിലേറെയും അവർണരായിരുന്നു; ശൂദ്രരായിരുന്നു. അവരിൽ സ്ത്രീകളും ഉണ്ടായിരുന്നു. ലാൽദേയെപ്പോലെ, അക്കമഹാദേവിയെപ്പോലെ. ഉർവ്വരമായ നിലങ്ങളിൽ വിതയും വിളവെടുപ്പുമായിക്കഴിഞ്ഞിരുന്ന കൃഷിക്കാരായിരുന്നു, ആ നവോത്ഥാനഗംഗയുടെ ഉറവിടം– *Agriculture* എന്ന പാവപ്പെട്ട അമ്മയുടെ വരിഷ്ഠസന്താനമായി പിറന്നതാണ് *Culture*. ഒരു ഗ്രാമീണമാതാവിന്റെ സുന്ദരിയായ മകളെ ഏതോ രാജകുമാരൻ മോഷ്ടിച്ചുകൊണ്ടുപോകുന്ന കഥയും അവളെ വീണ്ടെടുക്കുന്നതിന്റെ വീരഗാഥകളും നമുക്കു പരിചിതമാണ്. അതുപോലെയൊന്നാണിവിടെ സംഭവിച്ചതും സംസ്കാരകേദാരത്തിലെ ഏറ്റവും വിലപ്പെട്ട കതിർമണികൾ കൊ യ്തെടുത്ത് തങ്ങളുടെ ഇല്ലവും വല്ലവും മാത്രം നിറച്ചവരിൽ നിന്ന് അതിന്റെ യഥാർത്ഥ ഉടമകൾക്ക് വീണ്ടെടുത്തുകൊടുക്കാനുള്ള ധർമ്മപ്രചോദിതമായ പ്രവർത്തനങ്ങളായിരുന്നു നവോത്ഥാനകവികളും ആചാര്യന്മാരും നടത്തിയത്; എഴുത്തച്ഛനുമതെ. വർണാശ്രമ വ്യവസ്ഥ കെടുത്തിയ കേരളീയ ജനതയുടെ ഐക്യവും അന്തശ്ചൈതന്യവും വീണ്ടെടുക്കാനുള്ള സർഗാത്മക പ്രവർത്തനമായിരുന്നു എഴുത്തച്ഛന്റേത്.

"ഏഴുകടലോടി വന്ന പട്ടി"നെപ്പറ്റിയും "ഏഴു കടൽ താണ്ടിവന്ന മുത്തി"നെപ്പറ്റിയും നമ്മുടെ പഴയ പാട്ടുകളിൽ പറയുന്നുണ്ട്. ഓരോരോ കാലത്ത് കടലിന്നക്കരെയുള്ള ഏതൊക്കെയോ നാടുകളുമായുള്ള വാണിജ്യബന്ധങ്ങളെയും സാംസ്കാരികവിനിമയങ്ങളെയും ആ പാട്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. പടിഞ്ഞാറ് റോം, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കിഴക്ക് ചൈനയിൽനിന്നും നമ്മുടെ പ്രാചീനതുറമുഖങ്ങളിൽ വന്നടുത്ത നൗകകൾ ഇവിടെനിന്ന് കയറ്റിക്കൊണ്ടുപോയത്

> സംസ്കാരകേദാരത്തിലെ ഏറ്റവും വിലപ്പെട്ട കതിർമണികൾ കൊ യ്തെടുത്ത് തങ്ങളുടെ ഇല്ലവും വല്ലവും മാത്രം നിറച്ചവരിൽ നിന്ന് അതിന്റെ യഥാർത്ഥ ഉടമകൾക്ക് വീണ്ടെടുത്തുകൊടുക്കാനുള്ള ധർമ്മപ്രചോദിതമായ പ്രവർത്തനങ്ങളായിരുന്നു നവോത്ഥാനകവികളും ആചാര്യന്മാരും നടത്തിയത്; എഴുത്തച്ഛനുമതെ.



**സംസ്ഥാനസർക്കാരിന്റെ 2007ലെ എഴുത്തച്ഛൻ പുരസ്കാരം മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദനിൽ നിന്ന് ഒ.എൻ.വി കുറുപ്പ് സ്വീകരിക്കുന്നു.**

നമ്മുടെ വിലപ്പെട്ട സുഗന്ധദ്രവ്യങ്ങളായിരുന്നു. പകരം തന്നുപോയത് പൊൻനാണ്യങ്ങൾ മാത്രമല്ല, കിഴക്കിന്റെ നേർമയേറിയ പട്ടും കൂറ്റൻ ഭരണികളും പടിഞ്ഞാറിന്റെ തിടവും തിളക്കവുമുള്ള മുത്തും അങ്ങനെ വിശിഷ്ടമായ പലതുമായിരുന്നു. അത് വിപണനം മാത്രമായിരുന്നില്ല, ഒരർത്ഥത്തിലൊരു സാംസ്കാരികവിനിമയം തന്നെയായിരുന്നു. ആ രാജ്യാന്തരബന്ധങ്ങളിൽ അധിനിവേശമോഹത്തിന്റെ മുള്ളും മുനയുമൊന്നും അന്നുണ്ടായിരുന്നില്ല. എന്നാൽ 1498–ൽ കാപ്പാട് കടപ്പുറത്ത് ഗാമ വന്നിറങ്ങിയപ്പോൾ ആ നാവികന്റെ രൂപത്തിൽ ഇവിടെ കാൽകുത്തിയത് അധിനിവേശമോഹമെന്ന ദുർഭൂതമായിരുന്നു. പാശ്ചാത്യ ശൈലിയിൽ പറഞ്ഞാൽ, "മറ്റൊരാളിന്റെ പാൽക്കട്ടി കവർന്നെടുക്കാനുള്ള" നീചവാസനയായിരുന്നു. ആദ്യം അധികാരം കൊയ്തെടുത്താലേ നമ്മുടെ പൊന്നാര്യൻ കൊയ്തുകൊണ്ടുപോകാനാവൂ എന്ന് ഇടശ്ശേരിക്കും മുമ്പേ അറിഞ്ഞവരായിരുന്നു ഗാമയും പിൻഗാമികളും. സാമൂതിരിയും കൊച്ചിരാജാവും വേണാട്ടരചനും അവരുടെ പിന്നിലോ കീഴിലോ ആയി നിരവധി കൂറുകളും സ്വരൂപങ്ങളും പല തുണ്ടുകളാക്കി അധികാരം നടത്തിപ്പോന്ന കേരളത്തിലാണ് പറങ്കികൾ അധിനിവേശത്തിന് വളക്കൂറുള്ള നിലങ്ങൾ കണ്ടെത്തിയത്– "തമ്മിലടിപ്പിച്ച് ഇടപെടുക; വിഭജിച്ച് ഭരിക്കുക'' എന്ന തന്ത്രം ഇവിടത്തെ അന്തഃഛിദ്രത്തിൽ നിന്നവർ കടഞ്ഞെടുത്തതാണ്. കേരളത്തിന്റെ സ്വത്വപരമായ ഏകീകരണവും ശാക്തീകരണവുമെന്നത് പരോക്ഷമായ പ്രതിരോധമായിരുന്നു. എഴുത്തച്ഛൻ നിർവഹിച്ചതും മറ്റൊന്നായിരുന്നില്ല.

'മുമ്പോട്ടുകാലം കടന്നുപോയീടാതെ
മുമ്പേ സ്മൃതികളാൽ കോട്ടകെട്ടി
വൻപാർന്നനാചാരമണ്ഡലച്ഛത്രരായ്
നമ്പൂരാർ വാണരുളി"യിരുന്ന

അന്നത്തെ കേരളം "ആഴ്‌വാഞ്ചേരി തമ്പുരാനെ താങ്ങിനിന്ന ഒരു താമര"യായിരുന്നു. ഏതു ശ്രീരാമനെയും വരുതിക്കു നിർത്താൻ കഴിയുന്ന വസിഷ്ഠന്മാരായിരുന്നു അവർ. ഒരൊറ്റയക്ഷരം ആ ഭൂദേവന്മാർക്കെതിരെ പറയാതെ, ഇടയ്ക്കൊക്കെ ഒരു സ്തുതിപുഷ്പമെറിഞ്ഞുകൊടുത്തുകൊണ്ട്, അവർ സ്വകാര്യമായി വച്ചനുഭവിച്ച വിലപ്പെട്ട ചിലത് മലയാളിയുടെ പൊതുസ്വത്താക്കി മാറ്റുകയാണ് എഴുത്തച്ഛൻ ചെയ്തത്. സ്നേഹസുന്ദരപാതയിലൂടെ ആ കവികുലപതി നടത്തിയ പരിവർത്തനത്തിന്റെ ഉൾപ്പൊരുളുകൾ നാം മറന്നുകൂടാ.

കാവ്യഭാഷയെ സംബന്ധിച്ചും എഴുത്തച്ഛൻ എന്ന പെരുന്തച്ചന്റെ പണിപ്പുരയിൽനിന്ന് കണക്കു പഠിച്ചവരാണ് പിൽക്കാല കവികൾ.

"പുളിയിലനേർകരമുണ്ടു മടക്കി
പൂവുനിറച്ചാളമ്മാളു" എന്ന നാടൻ പദവിന്യാസരീതി തനിക്കേറെ പത്ഥ്യമെന്നു പറഞ്ഞ വൈലോപ്പിള്ളി,

"നഷ്ടവസന്തസ്ഥലികളിൽനിന്നു സ-
മൃദ്ധ വസന്തതടങ്ങളിലേക്കിള-
വറ്റുപറക്കും പക്ഷികൾ പോലിരു-
സന്ധ്യതൊടുക്കും താരകൾ
പോലെ....."

എന്നു മലയാളത്തിന്റെ തനിമ നഷ്ടപ്പെടാതെ സംവേദനക്ഷമമായ സംസ്കൃതപദങ്ങളെ സമന്വയിച്ചുകൊണ്ട് പുതിയ പൊലിമ തോറ്റിയത് എഴുത്തച്ഛന്റെ കണക്ക് ശരിക്കും പഠിച്ചിട്ടുതന്നെയാണ്.

ഖനിയിൽനിന്നെടുത്ത സ്വർണവും അഗ്നിയിലുരുക്കിയാണ് പത്തര മാറ്റിന്റെ ശുദ്ധി കൈവരിക്കുന്നത്. ഉദാത്ത ദുഃഖങ്ങളുടെ അഗ്നിയിലാണ് കവിമനസ്സ് ശുദ്ധിതേടുന്നത്. 'ആഴ്‌വാഞ്ചേരിസനാഥമായ' അന്നത്തെ കേരളത്തിലെ ചാതുർവർണ്യം കല്പിച്ച വിധിനിഷേധങ്ങൾ എഴുത്തച്ഛന്റെ മനസ്സിൽ കൊളുത്തിയ ദുഃഖങ്ങൾ നമ്മുടെ അനുമാനങ്ങൾക്കതീതമല്ല. പരിത്യജിക്കപ്പെടുന്ന ഭൂമിപുത്രിയുടെയായാലും അപമാനിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെയായാലും ചതിക്കപ്പെടുന്ന ധർമത്തിന്റെയായാലും, രാജനീതി പുലർത്താൻ വേണ്ടി നിസ്സംഗം ധർമ്മനീതി ലംഘിക്കാൻ വിധിക്കപ്പെട്ടവന്റെയായാലും ദുഃഖങ്ങൾ ആ നാരായത്തുമ്പിലൂടൊഴുകിവന്നത് സുഗേയവും സുഗമ്യവുമായി ഒരു ജനതയ്ക്കാകെ അനുഭവപ്പെട്ടു. എന്നാൽ ആ വരികൾക്കിടയിൽ എഴുത്തച്ഛന്റെ ആത്മാവിൽ നിന്നടർന്നുവീണ കണ്ണീർത്തുള്ളികളുണ്ട്. തന്റെ നാടിന്റെ അഭിശപ്തമായ അന്തഃഛിദ്രത്തിനൊരൗഷധം അന്വേഷിക്കുന്ന കവിയുടെ ഉൽക്കണ്ഠകളും ആ കുലതകളുമുണ്ട്. അദ്ദേഹം ഇന്നു ജീവിച്ചിരുന്നെങ്കിലോ? –തനിക്ക് സ്നാനസുകൃതം തന്ന പുഴ മരിക്കുന്നതിന്റെ ദുഃഖം, ഒരു പെരുവഴിയമ്പലവും കാണാത്ത പാന്ഥന്റെ ദുഃഖം, നിഷാദൻ നാഗരികനായി ഒരു പക്ഷിയെയല്ല, കാടിനെത്തന്നെ കൊല്ലുന്ന ദുഃഖം; ഇനിയും നിലയ്ക്കാത്ത പെൺജന്മദുഃഖങ്ങൾ–അങ്ങനെ എത്രയെത്ര ദുഃഖ

ങ്ങൾ ഏറ്റുവാങ്ങി പാടുവാൻ വിധിക്കപ്പെട്ടവനായേനെ. അധികാരത്തിനുവേണ്ടിയുള്ള ആക്രാന്തത്തോടെ, രാമനെയും കരുവാക്കി ചൂതുകളിക്കുന്നവർ കേൾക്കാൻ, രാമന്റെ മൊഴികളിലൂടെ ആചാര്യൻ പറയുന്ന ഈ വാക്കുകൾ ഇന്നേറെ പ്രസക്തമാണ്:

"രാജ്യത്തെ രക്ഷിപ്പതിന്നുമതിയവൻ;
രാജ്യമുപേക്ഷിപ്പതിന്നു ഞാനും മതി"

ഈ വരികളിന്നു വനരോദനമാണ്.

'വൈശികതന്ത്ര'ത്തിൽനിന്ന് അദ്ധ്യാത്മരാമായണത്തിലേക്കും 'ചന്ദ്രോൽസവ'ത്തിൽനിന്ന് മഹാഭാരതത്തിലേക്കുമുള്ള ദൂരം മുഴുവൻ മലയാളകവിതയെ കൈക്കുപിടിച്ചു നടത്തിയത് മുക്കുവത്തരുണിയിൽ വ്യാസനെന്നപോലെ ചക്കാലത്തരുണിയിൽ പിറന്ന എഴുത്തച്ഛനായിരുന്നു.

സ്വാതന്ത്ര്യം കിട്ടിയിട്ട് അറുപത് വർഷമായിരിക്കുന്നു. ഈ കാലയളവിലും സ്വാതന്ത്ര്യത്തിനു നേരെയുണ്ടായ അതിക്രമങ്ങൾക്കതിരില്ല. അടിയന്തിരാവസ്ഥ എന്ന പേരിൽ നമ്മുടെ സ്വാതന്ത്ര്യം ശ്വാസം മുട്ടിക്കഴിഞ്ഞതും കവിത പ്രതിരോധമുഖത്തുനിന്നതും നമുക്കറിയാം. "നാവടക്കൂ പണിയെടുക്കൂ"എന്ന അനുശാസനത്തെ ചെറുത്തുകൊണ്ട് മലയാളകവിതയിൽ ഒരു 'നാവുമരം' തന്നെയുണ്ടായതും "ഞാനൊരു വെറും സൗന്ദര്യാത്മകകവി" എന്നു പറഞ്ഞ വൈലോപ്പിള്ളി കാർട്ടൂൺ കവിതകളെഴുതിയതും ഇന്ന് ചരിത്രം. ഉമാശങ്കർ ജോഷിയെപ്പോലുള്ള വന്ദ്യവയോധികനായൊരു കവി മൗനത്തെയും പ്രതിഷേധമാക്കി മാറ്റി. സ്വാതന്ത്ര്യാനന്തരഭാരതത്തിന്റെ ചരിത്രത്തിലെ ആ അശാന്തിപർവം, സ്വാതന്ത്ര്യം നിതാന്തജാഗ്രതയോടെ സംരക്ഷിക്കപ്പെടേണ്ടതാണെന്ന് നമ്മെ പഠിപ്പിച്ചു. അധിനിവേശം എവിടെയായാലും മനുഷ്യത്വരഹിതവും സ്വാതന്ത്ര്യത്തെ ധ്വംസിക്കുന്നതുമാണ്- ഗ്ലോബലൈസേഷന്റെ പേരിലും മറ്റും ഇന്നത്തെ ഇന്ത്യയിൽ വളർന്നുവരുന്ന പല ധാരണകളും ശീലങ്ങളും നമ്മുടെ സ്വത്വത്തെ കാർന്നുനശിപ്പിക്കുംവിധമാണെന്നു പറയാതെ വയ്യ! കൊളോണിയൽ ഇന്ത്യയിൽ ജനങ്ങൾക്ക്, വിശേഷിച്ച് യുവജനങ്ങൾക്ക്, 'ഇന്ത്യ' എന്നതൊരു വികാരമായിരുന്നു. എന്നാൽ സ്വാതന്ത്ര്യം കൈവന്ന കാലത്ത്, "ഇന്ത്യ വിട്ടു പുറത്തു പോവുക" എന്നത് യുവാക്കളുടെ സ്വപ്നമോ അഭിനിവേശമോ ആയി മാറിയിരിക്കുന്നു. അതങ്ങനെ മാറ്റിയെടുത്തത് മുഖംമൂടിവച്ച അധിനിവേശമോഹത്തിന്റെ തന്ത്രമാണ്. ആധുനിക ഭാരതീയകവിത ഇന്ത്യ എന്ന വികാരത്തിന്റെ ഈ എരിഞ്ഞടങ്ങലിനെ തിരിച്ചറിയാനും, തീക്ഷ്ണമായി പ്രതികരിക്കാനും ബാദ്ധ്യസ്ഥമാണ്. എങ്കിലും സാധാരണ പൗരന്റെ ഹൃദയത്തിൽ ഇന്ത്യയെന്ന വികാരം കെട്ട കനലിന്റെ നനഞ്ഞ ചാരമായി മാറുന്നുവോ എന്ന സംശയംപോലും പേടിപ്പെടുത്തുന്നതാണ്.

"കരളിന്റെയുള്ളിൽ കനലെരിവീല!
കനലിരുന്നേടം മലിനമാക്കിക്കൊ-
ണ്ടവിടെയുണ്ടിപ്പോളൊരുപിടിച്ചാരം!
നനഞ്ഞിരുണ്ടതാമൊരുപിടിച്ചാരം!"

എൻ.വി.പതിറ്റാണ്ടുകൾക്കു മുമ്പേ ചൂണ്ടിക്കാട്ടിയ ഈ കറുത്ത സത്യം ഇന്ത്യയിലെ പല ഭാഷകളിലെയും കവികൾ താന്താങ്ങളുടെ ശൈലിയിൽ വിളിച്ചുപറഞ്ഞിട്ടുണ്ട്.

പ്രണയകവിതകൾ പോലും ഇന്ന് രക്തക്കറ പുരണ്ടതാകുന്നു. പ്രേമം ഇവിടെ *red red rose* അല്ലാതായിരിക്കുന്നു. അധിനിവേശം തന്റെ പ്രിയപ്പെട്ട കാശ്മീരിനെ "*A country without a Post Office*" ആക്കിയിരിക്കുന്നു എന്ന് അഞ്ചുവർഷം മുമ്പ് അന്തരിച്ച 'ആഗാഷാഹിദ് അലി' വിലപിക്കുകയുണ്ടായി. തന്റെ കവിതയിൽ ആകാശത്തിന്റെ ഒരു കീറ് നീലിമയും ഭൂമിയിലെ ഇത്തിരി പച്ചയും കാത്തുസൂക്ഷിക്കുന്ന ഷീമസ് ഹേയ്നിക്ക് സ്വീഡിഷ് അക്കാദമി സമ്മാനം നൽകിയതിൽ നമുക്ക് സന്തോഷമേയുള്ളൂ. എന്നാൽ, അടിയേറ്റ് ചതഞ്ഞിഴയുന്ന കരിഞ്ചേരയെപ്പോലെയായ ചാലിയാറിനെ കണ്ട് മനംനൊന്ത് പാടിയ കുഞ്ഞിരാമൻനായരെപ്പോലൊരു കവിയെ അറിയാൻ സ്വീഡിഷ് അക്കാദമി ഇനിയും വളർന്നിട്ടില്ല.



ഗാമയുടെ കപ്പലിനെ കൈകാട്ടി വിളിച്ചത് തീരത്തെ 'തെങ്ങുകളുടെ വിഡ്ഢിത്ത'മെന്ന് അതേ പേരിലുള്ള ഒരു കവിതയിൽ ചങ്ങമ്പുഴ പറയുന്നു. ആ തെങ്ങുകളെത്തന്നെയാണ് ഗാമയുടെ കൂട്ടർ ഒരിക്കൽ വെട്ടിവെട്ടിവീഴ്ത്തിയതെന്ന് ചരിത്രം ചൂണ്ടിക്കാട്ടുന്നു. അനർഹരെ വിളിച്ചു കയറ്റുന്നതാപത്താണെന്ന് കവിതയും ചരിത്രവും കൂട്ടിവായിക്കുമ്പോൾ നാം തിരിച്ചറിയുന്നു.

എത്രയെത്ര അധിനിവേശങ്ങളെയും സംസ്കാരഹത്യകളെയും നമുക്കഭിമുഖീകരിക്കേണ്ടിവന്നിട്ടില്ല! എത്രയെത്ര കരൾ പിളർക്കും കാലങ്ങളെ നാം കടന്നുപോയിട്ടില്ല! എന്നിട്ടും നമ്മുടെ നാഗരികത, അതിന്റെ സങ്കീർണതകളോടും അനന്തവർണരാജിയോടും കൂടി അതിജീവിച്ചു നിൽക്കുന്നു. നമ്മുടെ കവിതയും സ്വാഭിമാനവും അതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട് - ബംഗാളിൽ രാജാക്കന്മാരെയും നവാബുമാരെയും ചതുരംഗക്കരുക്കളാക്കി വെള്ളക്കാർ ചൂതുകളിച്ച് ജനങ്ങളെ ദ്രോഹിച്ച കാലത്ത്, അധികാരചിഹ്നങ്ങളുടെ നേർക്ക് ഉദാത്തമായ ഉദാസീനത ഭാവിച്ച ബാവുൽഗായകർ അവരുടെ പാട്ടിലൂടെ അതിജീവനം തേടുകയും മതാതീതമായ മാനവികതയുടെ അനന്തവിഹായസ്സിലേക്ക് പറന്നുയരുകയുമായിരുന്നു. അവരിൽ ചിലർ എഴുതാനറിയാത്തവർ പോലുമായിരുന്നു. എന്നാൽ, ആ വാമൊഴിക്കവിതകളിൽ ജീവിതത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമൊരു ദർശനമുണ്ടായിരുന്നു. ഇന്ത്യയിലെ നാടോടിക്കവിയിൽപ്പോലും ഒരു ദാർശനികനും ഏതു ദാർശനികനിലും ഒരു കവിയുമുണ്ടായിരുന്നു എന്നു പറഞ്ഞാലത് ആലങ്കാരികമായ ഒരു ചൊല്ലല്ല! ഗാമയുടെ കപ്പലിനെ കൈകാട്ടി വിളിച്ചത് തീരത്തെ "തെങ്ങുകളുടെ വിഡ്ഢിത്ത'മെന്ന് അതേ പേരിലുള്ള ഒരു കവിതയിൽ ചങ്ങമ്പുഴ പറയുന്നു. ആ തെങ്ങുകളെത്തന്നെയാണ് ഗാമയുടെ കൂട്ടർ ഒരിക്കൽ വെട്ടിവെട്ടിവീഴ്ത്തിയതെന്ന് ചരിത്രം ചൂണ്ടിക്കാട്ടുന്നു. അനർഹരെ വിളിച്ചുകയറ്റുന്നതാപത്താണെന്ന് കവിതയും ചരിത്രവും കൂട്ടിവായിക്കുമ്പോൾ നാം തിരിച്ചറിയുന്നു. ആ തിരിച്ചറിവ് നൽകുന്നത് ഓർമകളാണ്-ഓർമകളില്ലാതായാൽ അത് മേധാക്ഷയമെന്ന രോഗമാണ് - മേധാക്ഷയമുള്ളവർ പാർക്കുന്ന വീട്ടിൽ ആർക്കും കയറി എന്തും കവർന്നുപോകാൻ കഴിയും-അതിനാണ് അന്യാധീനപ്പെടുക എന്നു പറയുന്നത്- അത് പാരതന്ത്ര്യമാണ്. ജീവാധാരമായ കവചകുണ്ഡലങ്ങൾ ഇരന്നുവാങ്ങാൻ ഇന്ദ്രൻ പോലും വരുമെന്നും ജീവിതപങ്കാളിയായ സ്ത്രീരത്നത്തെ അപഹരിക്കാൻ കപടഭിക്ഷുക്കൾ വരുമെന്നും നമ്മുടെ കുലപതിയുടെ കവിത തന്നെ നമ്മെ ഇന്നും ഓർമിപ്പിക്കുന്നു. കവിത ഓർമയും ഓർമിപ്പിക്കലുമാണ്-ഓർമ നഷ്ടപ്പെട്ടവന്റെ സ്വത്തും സ്വത്വവുമെല്ലാം അന്യാധീനപ്പെട്ടുപോകുന്നു എന്ന ഓർമ നമുക്കുണ്ടാവട്ടെ!■

*2007-ലെ എഴുത്തച്ഛൻ പുരസ്കാരം സ്വീകരിച്ചുകൊണ്ട് ചെയ്ത പ്രഭാഷണം*

ചരിത്രം

■ ജോയ് ബി

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിച്ചിട്ട് ഇക്കഴിഞ്ഞ ഫെബ്രുവരി 24 ന് എഴുപതു വർഷം തികയുന്നു.

# സ്റ്റേറ്റ് കോൺഗ്രസ്സും തിരുവിതാംകൂർ പൗരാവകാശ സമര ചരിത്രവും

തിരുവിതാംകൂറിൽ സ്വാതന്ത്ര്യസമരമെന്നത് ബ്രിട്ടീഷുകാരിൽ നിന്നുള്ള രാഷ്ട്രീയ സ്വാതന്ത്ര്യം എന്നതിനപ്പുറം സ്വന്തം നാട്ടിലെ ജന്മിമാരുടെയും നാടുവാഴികളുടെയും അധികാര കേന്ദ്രങ്ങളുടെയും എല്ലാ വിധത്തിലുമുള്ള ചൂഷണങ്ങളിൽ നിന്നുള്ള മോചനം ലക്ഷ്യമാക്കികൊണ്ടുള്ളതായിരുന്നു. തിരുവിതാംകൂർ സ്വാതന്ത്ര്യസമരം ആരംഭിക്കുന്നത് അറിയാനുള്ള അവകാശവും അഭിപ്രായസ്വാതന്ത്ര്യവും ഉൾപ്പെടെയുള്ള പൗരാവകാശങ്ങൾ നിഷേധിച്ച് അടിച്ചമർത്തലിനെതിരെ പ്രതികരിക്കാൻ ഇടം അനുവദിക്കാതിരുന്ന തലത്തിൽ നിന്നാണ്.

തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ അധീശത്വത്തിൽ വരുന്ന കൊല്ലം പ്രവിശ്യയിലെ രാജാവ് 1501 ൽ പോർട്ടുഗീസുകാരുമായി കച്ചവടബന്ധം സ്ഥാപിക്കുന്നതോടെയാണ് യൂറോപ്യൻ അധിനിവേശത്തിന് ഈ നാട്ടുരാജ്യത്തിൽ ആരംഭമാകുന്നത്. 1644 ൽ വിഴിഞ്ഞത്ത് തിരുവിതാംകൂർ രാജാവ് ഫാക്ടറി സ്ഥാപിക്കാൻ ഇംഗ്ലീഷുകാർക്ക് അധികാരം നല്കിയതിലൂടെ യൂറോപ്യൻ അധികാരത്തിന് ഈ നാട്ടുരാജ്യത്ത് ചുവടുറച്ചു. അന്നു തുടങ്ങിയ യൂറോപ്യൻ ആധിപത്യത്തിന് അവസാനം കുറിക്കുവാനുള്ള ശ്രമം 1721 ലെ ആറ്റിങ്ങൽ ലഹളയിലൂടെ ലക്ഷ്യം കണേണ്ടതായിരുന്നു. 140 ൽ അധികം ഇംഗ്ലീഷുകാരുടെ മരണവും അനവധി നാശനഷ്ടവും വിതച്ച ഈ ലഹള വിജയമായി വർത്തിച്ച ഘട്ടത്തിൽ രാജാധികാരം യൂറോപ്യൻ ശക്തിക്ക് സകല പിന്തുണയുമായി നിലകൊണ്ടു. ആറ്റിങ്ങൽ റാണി പ്രഖ്യാപിച്ച വിളംബരത്തിൽ ഈ സംഭവത്തിൽ ഖേദം അറിയിക്കുകയും ഇംഗ്ലീഷുകാർ ആവശ്യപ്പെടുന്ന എന്തു നഷ്ടപരിഹാരവും നല്കാം എന്നു മാത്രമല്ല, ലഹളക്കാരെ കണ്ടെത്തി അവർ ആവശ്യപ്പെടുന്ന തരത്തിൽ ശിക്ഷ നല്കാമെന്നും ഉറപ്പുനൽകി.. 1723 ആഗസ്റ്റ് 23 ൽ ഇംഗ്ലീഷുകാരനായ ഡോ: അലക്സാണ്ടർ ഓമിന് തിരുവിതാംകൂർ രാജാവ് നൽകിയ എഴുത്തിലും ഈ ഉറപ്പ് ആവർത്തിച്ചു. 1723 ൽ ആഗസ്റ്റ് 25 ൽ നെയ്യാറ്റിൻകരയിലെ രാജകുമാരൻ എന്ന അഭിസംബോധനയോടെ മാർത്താണ്ഡവർമ്മ അലക്സാണ്ടർ ഓമിന് നൽകിയ എഴുത്തിൽ ലഹളക്കാരായ പിള്ളമാരെയും മാടമ്പിമാരെയും മറ്റും ഉന്മൂലനാശം ചെയ്യാമെന്ന് ഉറപ്പു നൽകിയതായി കാണുന്നു. അങ്ങനെ തിരുവിതാംകൂറിൽ യൂറോപ്യൻ ആധിപത്യത്തിന് അവസാനം കുറിക്കാനുള്ള സംഘടിത ശ്രമത്തിന് നാട്ടു രാജാക്കന്മാർ വിലങ്ങായിത്തീർന്നു. മാത്രമല്ല രാജാക്കന്മാരുടെ ഭാഗത്തു നിന്നോ ജനങ്ങളുടെ ഭാഗത്തു നിന്നോ ആറ്റിങ്ങൽ ലഹളപോലെ ശക്തവും ആസൂത്രിതവുമായ ഒരു നീക്കം ബ്രിട്ടീഷുകാർക്കെതിരായി പിന്നെ ഉണ്ടായിക്കണ്ടില്ല.

തിരുവിതാംകൂർ ഭരണ കർത്താക്കൾ അല്പകാലത്തെ ലാഭത്തിനായി ദീർഘവീക്ഷണമില്ലാതെ ബ്രിട്ടീഷുകാർക്കു വിധേയമായി അവരുടെ താത്പര്യത്തിനനുസരിച്ച് പ്രവർത്തിച്ചപ്പോൾ , ദിവാന്മാർ അവരുടെ സ്ഥാനം നിലനിർത്തുന്നതിലേക്കായി ആവതു വിധേയത്വത്തോടുകൂടി രാജാക്കന്മാരോടൊപ്പം ചേർന്നുനിന്നു. ഫലമോ, തിരുവിതാംകൂറിന്റെ പരമാധികാരം ബ്രിട്ടീ

ഷുകാർക്ക്, അടിയറ വയ്ക്കുകയും 1805 ലെ സൈനിക സഹായ ഉടമ്പടിയിലൂടെ ബ്രിട്ടീഷുകാരുടെ സംരക്ഷിത നാട്ടുരാജ്യമായി തിരുവിതാംകൂർ മാറുകയും ചെയ്തു. 1805 ലെ ഈ ഉടമ്പടിയാണ് 1947 വരെയുള്ള തിരുവിതാംകൂർ - ബ്രിട്ടീഷ് ബന്ധത്തെ നിയന്ത്രിച്ചത്.

അറിയപ്പെടുന്ന കാലം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയുടെ അവസാനം വരെ തിരുവിതാംകൂർ ജനതയ്ക്ക് ഭരണ വ്യവസ്ഥയ്ക്കും ആചാരമത വിശ്വാസത്തിനുമെതിരെ പൗരാവകാശങ്ങൾക്കായി സംഘടിക്കേണ്ടി വന്നതിനാൽ ബ്രിട്ടീഷുകാർക്കെതിരായി

സംഘടിത സമരം വിഭാവനം ചെയ്യാൻ അവസരം ഉണ്ടായതുമില്ല. ആറ്റിങ്ങൽ ലഹളയ്ക്കു ശേഷം തിരുവിതാംകൂറിൽ ബ്രിട്ടീഷുകാർക്കെതിരായി ജനകീയമായൊരു പ്രക്ഷോഭണം ഉയർന്നു കാണാത്തതിനും വേലുത്തമ്പിയുടെ കീഴിൽ ബ്രിട്ടീഷുകാർക്കെതിരായി അണിനിരക്കാൻ ജനം മുന്നോട്ടു വരാത്തതിനും രണ്ടു കാര്യങ്ങൾക്ക് പ്രഥമ പരിഗണന കൊടുക്കേണ്ടതാണ്.

1. യൂറോപ്യന്മാരുടെ വരവിന് മുമ്പും പിമ്പും പൗരസമത്വം എന്നതിന് തിരുവിതാംകൂർ ഭരണ വർഗം മാർഗതടസ്സമാണ് എന്ന തിരിച്ചറിവ്.

2. വേലുത്തമ്പി സമരം അപകടസ്ഥിതി നേരിടുന്ന ദിവാൻ പദവി സംരക്ഷിക്കുന്നതിനാണ് എന്ന തിരിച്ചറിവ്.

ഇതിൽ ബ്രിട്ടീഷുകാർക്കെതിരായിട്ടുള്ള സമരം വേലുത്തമ്പിസമരത്തോടെ അവസാനമാകുന്നതിനാൽ ബ്രിട്ടീഷ് വിരുദ്ധ സമരത്തെക്കുറിച്ച് മുന്നോട്ട് ചർച്ച ചെയ്യേണ്ടതില്ല. എന്നാൽ 1809 മുതൽക്കോ അതിനു മുന്നെയോ പൗരസമത്വ വാദ പ്രസ്ഥാനങ്ങൾ തിരുവിതാംകൂറിൽ നടത്തിയ അവകാശ സമരങ്ങളുടെയും സാമൂഹിക സമത്വം സ്ഥാപിച്ചുകിട്ടുന്നതിലേയ്ക്കായുള്ള പ്രക്ഷോഭണങ്ങളുടെയും അനന്തര ഫലമാണ് തിരുവിതാംകൂറിലെ ആദ്യത്തെ സമ്പൂർണ രാഷ്ട്രീയ സംഘടനയായ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്. ഇപ്പോൾ കേരള ജനത അനുഭവിക്കുന്ന സാമൂഹിക സമത്വത്തെയും കൂടുതൽ വിശദീകരണത്തിനായി തിരുവിതാംകൂറിൽ പൗരസമത്വവാദത്തെയും അന്നത്തെ രാഷ്ട്രീയ സാമൂഹിക സ്ഥിതിയെയുംകുറിച്ച് ഇവിടെ പരാമർശിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു.

തിരുവിതാംകൂറിലെ പരമ്പരാഗത ഹിന്ദു സമൂഹം(ക്രിസ്തുമതവും ഇസ്ളാം മതവും തിരുവിതാംകൂറിൽ 16,17 നൂറ്റാണ്ടുകളിൽ ശക്തമായ സാന്നിദ്ധ്യമായിരുന്നെങ്കിലും ഒരു കൂട്ടായ്മയായി രൂപപ്പെട്ടുവന്നത് 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്) അനേകം ജാതിയും ഉപജാതിയുമുള്ള അടിയാള - മേലാള വ്യവസ്ഥയിൽ അധിഷ്ഠിതമായ ചാതുർവർണ്യ മാതൃകയിലുള്ളതായിരുന്നു. തിരുവിതാംകൂറിൽ നിലനിന്നിരുന്ന ഈ ഹിന്ദു സാമൂഹികഘടന ഒരു ന്യൂനപക്ഷത്തിന് അനർഹമായ വളർച്ച സാധ്യമാകത്തക്ക രീതിയിലും അതേ സമയം ബഹുഭൂരിപക്ഷത്തിനും സാമാന്യമായ പൗരാവകാശം പോലും ലഭിക്കാൻ പാടില്ലാത്ത വിധത്തിലും ആസൂത്രിതമായിരുന്നു എന്നു കാണാം. ഇതിനെതിരെയുണ്ടായ പ്രതികരണങ്ങളെ മൂന്നു ഘട്ടങ്ങളായി തിരിയ്ക്കാം. ഒന്നാം ഘട്ടം പൗരാവകാശ സമരത്തിന്റെ ആരംഭം, 1721 മുതൽ 1859 വരെ നീണ്ടു നിൽക്കുന്നു. (വാസ്തവത്തിൽ ഒന്നാം ഘട്ടം പത്രവിപ്ലവത്തിന് തുടക്കമാകുന്ന 1847 വരെയാണ്. എന്നാൽ 1700 കളിൽ തുടങ്ങിയ നവോത്ഥാന പൗരാകാശ, അധിനിവേശ വിരുദ്ധ സമരങ്ങൾ പരിസമാപ്തിയിലെത്തുന്നത് 1859 ൽ ആകയാൽ പ്രഥമ ഘട്ടം അവിടെവരെ നീട്ടുന്നതാണുചിതം). രണ്ടാംഘട്ടം, പൗരാവകാശ സമരങ്ങളുടെ വ്യാപനം 1859 മുതൽ 1938 വരെ. മൂന്നാം ഘട്ടം, ജാതിമത സംഘടനകളിൽ നിന്നും രാഷ്ട്രീയ പ്രസ്ഥാനത്തിലേയ്ക്കുള്ള എത്തിച്ചേരൽ 1938 ൽ തുടങ്ങി ഇന്നും തുടരുന്നു.

ഒന്നാം ഘട്ടത്തിൽ നടന്ന സാമൂഹിക നവോത്ഥാന പൗരാവകാശ പ്രക്ഷോഭങ്ങളെ കുറിച്ചുള്ള സമ്പൂർണമായ അറിവ് ഇന്നും നമുക്ക് അന്യമാണ്. ഇതിൽ പുറം ലോകം അറിയുന്നത് ആറ്റിങ്ങൽ കലാപവും മാറുമറയ്ക്കൽ കലാപവും വിവാഹാഘോഷങ്ങൾ, മരണാനന്തര ചടങ്ങുകൾ, തലക്കെട്ട് ധരിക്കൽ, വൃക്ഷങ്ങൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയിരുന്ന നികുതി നിയന്ത്രണങ്ങൾ എടുത്തുകളയുന്നതിലേയ്ക്കായി നടത്തിയ പ്രക്ഷോഭങ്ങൾ അടിമത്വത്തിനെതിരായി സംഘടിപ്പിച്ച സമരങ്ങൾ എന്നിവയാണ്.

ആറ്റിങ്ങൽ ലഹളയിൽ നാട്ടുരാജക്കന്മാർ ബ്രിട്ടീഷുകാർക്കൊപ്പം ചേർന്നപ്പോൾ മാടമ്പിമാരുടെയും പിള്ളമാരുടെയും നില പരുങ്ങലിലായി. പ്രത്യേകിച്ചും ഇക്കൂട്ടരുടെ നിലനിൽപ്പായിരുന്നു ആറ്റിങ്ങൽ ലഹളയിലെ ഹിഡൻ അജണ്ട എന്നതിനാലാവാം. 1721 ലെ അടിച്ചമർത്തലുകൾക്കു ശേഷം ഒരു മുറുമുറുപ്പു പോലും ബ്രിട്ടീഷുകാർക്കെതിരെ ഉയർന്നു കാണാത്തത്. ബഹുഭൂരിപക്ഷം വരുന്ന ജനത അവരുടെ പൗരാവകാശങ്ങളായ ഭക്ഷണം, വസ്ത്രം. കൂലി, മാനാഭിമാനം, വിവാഹം, അടിയന്തിരം എന്നിവയ്ക്കായി രാജാധികാരത്തോടും ചാതുർവർണ്യ മാതൃകയിൽ അധിഷ്ഠിതമായ സമൂഹത്തോടും നിരന്തരം പ്രക്ഷോഭണത്തിന് ഏർപ്പെടേണ്ടി വന്നതിനാൽ ബ്രിട്ടീഷ് ആധിപത്യം സാധാരണക്കാരനെ ബാധിക്കുന്ന ഒന്നായി അനുഭവപ്പെട്ടില്ല. ഈ ഘട്ടത്തിൽ തന്നെ 1814, 1821, 1829, 1859 തുടങ്ങിയ വർഷങ്ങളിൽ മാറു മറയ്ക്കുന്നതിനെ ചൊല്ലി പുറപ്പെടുവിച്ച വിളംബരങ്ങളും 1812 ലെ അടിമക്കച്ചവട നിരോധന നിയമവും 1855 ലെ അടിമ നിയന്ത്രണ നിയമവും അടിച്ചമർത്തലുകളിൽ നിന്ന് കൂടുതൽ കരുത്താർജിച്ച് പൗരാവകാശങ്ങൾക്കായി നിലകൊണ്ട തിരുവിതാംകൂറിലെ ജനതയുടെ വിജയത്തെയാണ് സൂചിപ്പിക്കുന്നത്. ശീല വഴക്ക്, മേൽമുണ്ട് വഴക്ക്, മുലമാറാപ്പ് വഴക്ക്, ചാന്നാൻ ലഹള എന്നാക്കെ അറിയപ്പെടുന്ന കേരളീയ നവോത്ഥാനത്തിന് തുടക്കം കുറിച്ച ഈ




വേലുത്തമ്പി ദളവ




ശ്രീനാരായണഗുരു



മാർത്താണ്ഡവർമ



സി.വി. കുഞ്ഞിരാമൻ



അയ്യൻകാളി

ശീല വഴക്ക്, മേൽമുണ്ട് വഴക്ക്, മുലമാറാപ്പ് വഴക്ക്, ചാന്നാൻ ലഹള എന്നാക്കെ അറിയപ്പെടുന്ന കേരളീയ നവോത്ഥാനത്തിന് തുടക്കം കുറിച്ച സമരം നയിച്ചത് ചാന്നാൻമാരല്ല. മറിച്ച്, ആചാരം തെറ്റിച്ച് അവർ വസ്ത്രം ധരിച്ചതിൽ അസഹിഷ്ണുക്കളായ സവർണരും അധികാര വർഗവും തന്നെയാണ്.

സമരം നയിച്ചത് ചാന്നാൻമാരല്ല. മറിച്ച് ആചാരം തെറ്റിച്ച് അവർ വസ്ത്രം ധരിച്ചതിൽ അസഹിഷ്ണുക്കളായ സവർണരും അധികാര വർഗവും തന്നെയാണ്. അടിമകൾ സംഘടിക്കപ്പെട്ടതിനും കാരണക്കാർ ഇക്കൂട്ടർ തന്നെ. ഈ ഘട്ടത്തിൽ എടുത്തുപറയേണ്ട മഹദ്വ്യക്തിയാണ് മുത്തുക്കുട്ടി സ്വാമി എന്ന വൈകുണ്ഠ സ്വാമികൾ. അദ്ദേഹത്തെ തിരുവിതാംകൂർ പൗരസമത്വവാദ പ്രസ്ഥാനത്തിന്റെ പിതാവ് ആയി പരിഗണിക്കുന്നതിലും തെറ്റില്ല. ശുചീന്ദ്രം ക്ഷേത്രത്തിനു ചുറ്റും വലിക്കുന്ന കയറിൽ പിടിച്ചു വലിച്ച് 1830 ൽ ജാതി നിയമത്തെ ലംഘിക്കുകയും തലക്കെട്ട് ധരിക്കുന്നതിന് ആഹ്വാനം ചെയ്യുകയും നാഞ്ചിനാട് കുടിയാന്മാരുടെ മേൽ ഏർപ്പെടുത്തിയ വൃക്ഷകരത്തിനെതിരെ തിരുവനന്തപുരത്തേക്ക് ജാഥ നടത്തി വൃക്ഷക്കരം റദ്ദാക്കിക്കുകയും 1833 ൽ മാറുമറയ്ക്കൽ ജാഥ തിരുവനന്തപുരത്തേക്ക് സംഘടിപ്പിക്കുകയും 1851 ൽ സ്വാമിത്തോപ്പ് ക്ഷേത്രത്തിൽ കണ്ണാടി പ്രതിഷ്ഠ നടത്തുകയും ആരാധന സ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊള്ളുകയും ഒരു ജാതി, ഒരു മതമാണ് തന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്തതു വഴി തിരുവിതാംകൂറിൽ അദ്ദേഹം പൗരാവകാശ സമരങ്ങൾക്ക് ഒരു സംഘടിത രൂപം നൽകി. പൗരാവകാശങ്ങൾക്കായി ഇത്തരം സമരങ്ങൾ നടന്നത് 1847 ന് മുമ്പാണ്. അതായത്, കേരളത്തിൽ പത്രവിപ്ലവം ഉണ്ടാകുന്നതിനു മുമ്പും അതിന്റെ ശൈശവ ഘട്ടത്തിലും ആയിരുന്നു എന്നും സ്മരിക്കുക. ഇവിടെ അഞ്ചലോട്ടക്കാരന്റെ ജോലി അടിച്ചമർത്തപ്പെട്ട ഓരോ പൗരനും തന്റെ ഉത്തരവാദത്തിന്റെ ഭാഗമായി കണ്ടിരുന്നിരിക്കണം.

രണ്ടാംഘട്ടം എന്നു വിശേഷിപ്പിക്കുന്ന 1859 നു ശേഷം നടന്ന പൗരാവകാശ സമരങ്ങളിൽ ആദ്യം സ്മരിക്കേണ്ട നാമധേയം ആറാട്ടുപുഴ വേലായുധപ്പണിക്കരുടേതാണ്. മാറു മറച്ച് വഴിനടന്ന ഈഴവ സ്ത്രീയെ അപമാനിച്ചതിനെതിരെ സമരം നടത്തി വിജയം കണ്ടതും മൂക്കുത്തി ധരിച്ച സ്ത്രീയുടെ മൂക്കുത്തി വലിച്ച് പറിച്ചതിനെതിരെ സമുദായത്തെ സംഘടിപ്പിച്ചതും ഇടതു വശത്ത് ചായ്ച്ച് തലമുടി സവർണ്ണ സ്ത്രീയെ പോലെ കെട്ടുവാൻ ആഹ്വാനം ചെയ്തതും ഇദ്ദേഹമായിരുന്നു. ചുട്ടിവച്ച് ചന്തത്തിൽ ഈഴവ സ്ത്രീ നെയ്തെടുത്ത അച്ചിപുടവ ആ സമുദായത്തിൽ പെട്ട സ്ത്രീക്ക് ഉടുത്തുകൂടായിരുന്നു. അത് അച്ചിമാർക്ക് ധരിക്കാനുള്ളതായിരുന്നു, മുട്ടിനു താഴെ എത്തത്തക്ക വണ്ണം മുണ്ടു നിവർത്തി ഉടുക്കുന്നതിനും ഈഴവ സ്ത്രീകൾക്ക് വിലക്കുണ്ടായിരുന്നു. കായംകുളത്തിന് വടക്ക് പത്തിയൂർ ദേശത്ത് അച്ചിപുടവ നീട്ടിനിവർത്തി ഉടുത്ത് വയൽവരമ്പ് വഴി പോയ ഈഴവ സ്ത്രീയെ അപമാനിച്ചതിനെ ചൊല്ലി ഉണ്ടായ ലഹളയ്ക്ക് നേതൃത്വം കൊടുത്തും കഥകളി ഈഴവ സമുദായത്തിന് കാണുവാനോ കെട്ടിയാടുവാനോ വിലക്ക് കല്പിച്ചിരുന്നപ്പോൾ അതിനെ ലംഘിച്ചും വേലായുധ പണിക്കർ മധ്യതിരുവിതാംകൂറിന്റെ അമരക്കാരനായി നിലകൊണ്ടു. 1858 ൽ ശ്രീ നാരായണ ഗുരു നിർവഹിച്ച ഈഴവശിവ പ്രതിഷ്ഠ നവോത്ഥാനത്തിന്റെ രണ്ടാം ഘട്ടം അരക്കിട്ടുറപ്പിച്ചു. രാജ്യസമാചാരം – 1847, പശ്ചിമോദയം – 1847, ജ്ഞാന നിക്ഷേപം 1848, പഞ്ചിമ താരക – 1864 , വിദ്യാസംഗ്രഹം 1864, കേരളം 1866, സത്യനാഥകാഹളം 1876, കേരള ചരിത്രം 1876, മലയാള മിത്രം 1876, തിരുവിതാംകൂർ ദേശാഭിമാനി 1876, കേരള ദീപകം 1878, കേരള ചന്ദ്രിക 1879 വിദ്യാവിലാസിനി 1881, കേരള മിത്രം 1881, കേരള പത്രിക 1884, മലയാളി 1886, കേരളീയ സുഗുണ ബോധിനി, 1886, കഥാവദിനി 1887 കേരള സഞ്ചാരി 1888, നസ്രാണി ദീപിക 1888 തുടങ്ങിയ പത്രങ്ങളിൽ വലിയൊരു വിഭാഗം ഈഴവ ശിവ പ്രതിഷ്ഠ ചരിത്രസംഭവമാക്കുന്നതിൽ അവിസ്മരണീയമായ പങ്കാണു വഹിച്ചത്.

വൈകുണ്ഠ സ്വാമികളിൽ തുടങ്ങി വേലായുധപ്പണിക്കരിലൂടെ ശ്രീനാരായണ ഗുരുവിൽ എത്തിച്ചേർന്ന പൗരാവകാശത്തിനായുള്ള പോരാട്ടം അയ്യങ്കാളിയിലൂടെയും സഹോദരൻ അയ്യപ്പനിലൂടെയും ചട്ടമ്പി സ്വാമികളിലൂടെയും മറ്റും പുതിയൊരു മുഖം കൈവരിച്ചു. ഇതിന്റെ പ്രത്യക്ഷ ഫലമായിരുന്നു മലയാളി മെമ്മോറിയലും(1891) ഈഴവ മെമ്മോറിയലും(1896). ഈ മെമ്മോറിയലുകൾ ഉദ്ദേശിച്ച ലക്ഷ്യം കണ്ടില്ല. മലയാളി മെമ്മോറിയൽ ഈഴവ സമൂഹത്തിന് അനുകൂലമായി ഭവിച്ചു. നിഷേധിക്കപ്പെട്ട അവകാശങ്ങൾ തങ്ങൾക്കു ലഭിച്ചപ്പോൾ അവകാശങ്ങൾക്കായി മുറവിളി കൂട്ടിക്കൊണ്ടിരുന്ന ഇതര സമുദായത്തെ അവർ ശ്രദ്ധിച്ചതുമില്ല.

മലയാളി ഈഴവ മെമ്മോറിയലുകൾ പരാജയപ്പെട്ടതിന്റെ ഫലമായി ഈഴവരിലും ക്രിസ്ത്യാനികളിലും മുസ്ലിമിലും ഒരേ വൈകാരിക വ്യവസ്ഥയാണ് ഉടലെടുത്തത്. 1932 ൽ തിരുവിതാംകൂർ സർക്കാർ നടപ്പിലാക്കിയ ഭരണ പരിഷ്കാരങ്ങൾ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ലഭിക്കുന്ന ഒന്നായിരുന്നില്ല. തുടർന്ന് തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യം നേടിയെടുക്കുന്നതിനായി 1932 ൽ ഡിസം:17 ന് ഈഴവ – ക്രിസ്ത്യൻ – മുസ്ലീം സംഘടനകൾ തിരുവനന്തപുരം എൽ.എം.എസ്.ഹാളിൽ സമ്മേളിച്ച് തിരുവിതാംകൂർ സംയുക്ത രാഷ്ട്രീയ സമിതി രൂപീകരിച്ചു. ഈ സംയുക്ത രാഷ്ട്രീയ സമിതിയുടെ പേരിൽ പൗരാവകാശങ്ങൾക്കായി സംഘടിച്ചു നടത്തിയ സമരമാണ് നിവർത്തന പ്രക്ഷോഭം എന്നറിയപ്പെടുന്നത്. സംയുക്ത രാഷ്ട്രീയ സമിതി 1937 ലെ തിരഞ്ഞെടുപ്പിൽ വിജയം കണ്ടു. ഈ വിജയം ജാതി മത അടിസ്ഥാനത്തിലുള്ള ഒരു സംഘടന ഇനി അപ്രസക്തമാണ് എന്ന വസ്തുത ജനിപ്പിച്ചു.

സാമുദായിക വാദത്തെ ഉപേക്ഷിച്ചുകൊണ്ട് സംയുക്ത രാഷ്ട്രീയ സമിതി 1938 ഫെബ്രുവരി 17 മുതൽ 23 വരെ തിരുവനന്തപുരത്ത് രാഷ്ട്രീയ ഹോട്ടലിൽ വച്ചു നടന്ന സമ്മേളനത്തിൽ തിരുവിതാംകൂറിൽ പൂർണമായ ഉത്തരവാദിത്ത ഭരണം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ രാഷ്ട്രീയ സമരം നയിക്കുന്നതിലേക്കായി രാഷ്ട്രീയ പാർട്ടിയായി പരിണമിച്ചു. ഈ സമ്മേളനത്തിൽ തന്നെ പുതിയ രാഷ്ട്രീയ പാർട്ടി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് പാർട്ടി എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

1938 ഫെബ്രുവരി 25 ാം തീയതി മദ്രാസിലെ ഹിന്ദു പത്രം ഇങ്ങനെ റിപ്പോർട്ട് ചെയ്തു:

തിരുവനന്തപുരം ഫെബ്രു:24. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് എന്ന പേരിലുള്ള ഒരു പുതിയ സംഘടനയിലെ അംഗങ്ങൾ ഇന്നലെ (ഫെബ്രു:23) മി. സി.വി. കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തു വച്ച് ചേർന്ന യോഗത്തിൽ വച്ച് അതിന്റെ ഭരണഘടന അംഗീകരിക്കുകയുണ്ടായി. പ്രായപൂർത്തി വോട്ടവകാശത്തോടും ന്യൂനപക്ഷ താത്പര്യങ്ങളുടെ സംരക്ഷണത്തിനാവശ്യമായ രക്ഷാവ്യവസ്ഥകളോടും കൂടി ഉത്തരവാദിത്ത ഭരണം സമ്പാദിക്കുവാൻ നിയമാനുസൃതവും സമാധാനപരവുമായ മാർഗങ്ങളിൽക്കൂടി പ്രക്ഷോഭം നടത്തുക എന്നുള്ളതാണ് സംഘടനയുടെ മുഖ്യലക്ഷ്യം. താലൂക്കു കമ്മിറ്റികളുടെയും പ്രൈമറി സൊസൈറ്റികളുടെയും പ്രതിനിധികൾ അടങ്ങിയ എട്ട് ഡിവിഷൻ കമ്മിറ്റികൾ സംഘടിപ്പിക്കുന്നതാണ്.

കൂണുകൾ പോലെ രാഷ്ട്രീയ സംഘടനകൾ ഉയരുകയും താഴുകയും ചെയ്തിട്ടുള്ള തിരുവിതാംകൂറിൽ ഒരു വലിയ വിഭാഗം ജനമോ കേരളത്തിനകത്തും പുറത്തുമുള്ള പത്രങ്ങളോ ഈ സംഘടനയുണ്ടാക്കുവാൻ മുന്നിൽ നിന്നു പ്രവർത്തിച്ചവർ പോലുമോ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രാജ്യമൊട്ടുക്ക് അനന്തര കാലങ്ങളിൽ ഉണ്ടാക്കിയ കോളിളക്കങ്ങളും കൊടുങ്കാറ്റു പോലെ ആഞ്ഞടിച്ച ആവേശവും പ്രക്ഷുബ്ധതയും കാട്ടുതീ പോലെ പടർന്നുപിടിച്ച പ്രക്ഷോഭങ്ങളും മുൻകൂട്ടി ഭാവനയിൽ പോലും സങ്കല്പിച്ചിരുന്നില്ലെന്ന് ഉറപ്പിച്ചു പറയാം.■

വൈകുണ്ഠ സ്വാമികളിൽ തുടങ്ങി വേലായുധപ്പണിക്കരിലൂടെ ശ്രീനാരായണ ഗുരുവിൽ എത്തിച്ചേർന്ന പോരാട്ടം അയ്യങ്കാളിയിലൂടെയും സഹോദരൻ അയ്യപ്പനിലൂടെയും ചട്ടമ്പി സ്വാമികളിലൂടെയും പുതിയൊരു മുഖം കൈവരിച്ചു.

പി.എം.മണി, വെള്ളറട

നൈസർഗിക പ്രാപഞ്ചികതയുടെ വർണരാജികൾ വാരിവിതറുന്ന കാനന ച്ചോലകൾ. എങ്ങുനിന്നോ വിരുന്നുവരുന്ന ഹിമവാഹിനികൾ. ക്ഷണിക്കാതെ കടന്നുവരുന്ന പൂമാരി. മനവും മേനിയും സുഗന്ധം പൂശുന്ന ഇളം തെന്നൽ. മാനസം പീലി വിടർത്തുന്ന പച്ചപ്പട്ടുടയാടകൾ. വിണ്ണിനെ ചുംബിച്ചുണർത്തുന്ന സഹ്യസാനുക്കൾ. വിശ്വം പുകൾപെറ്റ ജനിതകമേടുകൾ, സാവന്ന പുൽമേടുകൾ . ഇലപൊഴിയും ശുഷ്കവനങ്ങൾ, നിത്യഹരിതങ്ങളായ - ചോലക്കാടുകൾ, ഓറഞ്ചുകാടുകൾ, ഔഷധക്കാടുകൾ, രത്നങ്ങൾ, കണ്ണുചിമ്മുന്ന മാസ്മരിക വലയങ്ങൾ... ഇത് വർണങ്ങൾക്കും വരകൾക്കും അതീതമായ അഗസ്ത്യമല: അനന്തപുരിയുടെ അനന്തഹരിതവനം!!

കുഞ്ജരാദ്രികളുടെ സംഗമഭൂമിയായ അഗസ്ത്യമല ലോകത്ത് രണ്ടാമത്തെ ലക്ഷണമൊത്ത ജനിതക മേഖലയാണ്. 161 മഴക്കാടുകളിൽ പ്രമുഖസ്ഥാനം. 200 ൽ പരം ഓർക്കിഡുകളുടെ ആവാസകേന്ദ്രം. ഡ്യൂറി ആന്തൂറിയം പുഷ്പങ്ങൾ ലോകത്തിന് സംഭാവന നൽകിയതും ഈ മാമുനി മേടുകൾ തന്നെ. 2000ൽ പരം ഔഷധച്ചെടികളുടെ വിളനിലം. സിദ്ധ-മർമ്മ -ആയുർവേദ ആചാര്യനായ അഗസ്ത്യ മാമുനിയുടെ പാദസ്പർശങ്ങളേറ്റ് ധന്യമായ പുണ്യവനം. വൈഢൂര്യങ്ങളും രത്നങ്ങളും ചരിത്രമുറങ്ങുന്ന ഗുഹാമുഖങ്ങളും അഗസ്ത്യമലയ്ക്ക് സ്വന്തം.

സമുദ്രനിരപ്പിൽ നിന്നും 6832 അടി ഉയരമുള്ള അഗസ്ത്യമല ആനമുടി കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ്. നെയ്യാർ, കല്ലാർ, മീൻമുട്ടി, കരമനയാർ, അടയാർ, താമ്രപർണി, കോതയാർ എന്നിവയ്ക്കു ജന്മം നൽകുന്നു. തിരുവനന്തപുരം മുതൽ കന്യാകുമാരിയും തിരുനെൽവേലിയും വരെ വ്യാപിച്ചുകിടക്കുന്ന 2000 ചതുരശ്ര കിലോമീറ്റർ ദൈർഘ്യമുള്ള അഗസ്ത്യവനം എന്നും തളിർത്തും പൂത്തും കായ്ഫലങ്ങൾ വിളമ്പിയും സുഗന്ധങ്ങൾ പരത്തിയും നിത്യവസന്തത്തിന്റെ നൂറു മേനി നൽകുന്നു.

ലോകത്ത് മറ്റൊരിടത്തും കണ്ടെത്താനാകാത്ത ആരോഗ്യപ്പച്ച (ട്രികോപ്സ് സെയിലാനിക്സ്) എന്ന അത്യപൂർവ

# വസന്തം വാഴുന്ന മുനിമേടുകൾ

## വരകൾക്കും വർണങ്ങൾക്കും അതീതമായ അഗസ്ത്യമലയുടെ ചാരുദൃശ്യവിസ്മയങ്ങളിലൂടെ



ദാലു പരമേശ്വരൻ



ചിത്രങ്ങൾ : ദാലു പരമേശ്വരൻ

ആയുർവേദ ഔഷധച്ചെടി കണ്ടെത്തിയതും ഇവിടെത്തന്നെ. നിത്യയൗവനം, ശരീരകാന്തി, പ്രതിരോധം, ആരോഗ്യം എന്നിവ വർദ്ധിപ്പിക്കുന്നതോടൊപ്പം വിവിധ രോഗശമനിയായും ആരോഗ്യപ്പച്ച ആദിവാസികൾ ഉപയോഗിച്ചു വരുന്നു.

3000 ൽ പരം ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഓറഞ്ച് തോട്ടവും തേയിലക്കാടുകളും നിരവധി ഔഷധച്ചെടികളും ഇവിടെയുണ്ട്. രാമച്ചം, കച്ചോലം, കസ്തൂരിമഞ്ഞൾ, കൈതോന്നി, ആടലോടകം, നെച്ചി, ഇസങ്ക്, കറ്റാർവാഴ, കുപ്പമേനി, പുളിയാര, വെള്ളകുന്തിരിക്കം, അടപതിയൻ, ചുവപ്പ്, നീല, വെള്ളക്കൊടുവേലികൾ, ശതാവരി, ചിറ്ററത്ത, നീലാമരി, വിഷ്ണക്രാന്തി, ചെങ്ങനീർകിഴങ്ങ്, മഞ്ഞൾ, കിര്യാത്ത്, കഴഞ്ചി, തിപ്പലി, ഇടംപിരി, വലംപിരി, അതിവിടയം, പുഷ്കരമൂലം, പെരുംകുറുമ്പ, നാഗദന്തി, രോമവൃക്ഷം, കരുനാവി, പെരുമ്പന(മുസലി), ബ്രഹ്മദണ്ഡി, നീർമെയിൽനെരുപ്പ്, പുല്ലാവണക്ക്, ഐങ്കോല, കലപ്പക്കിഴങ്ങ്, ശിവനാർവേമ്പ്, ചെരിയാർനങ്ക, പെരിയാർനങ്ക, കോടാസ്യൂടികിലുകിലുപ്പ(നരിവിരട്ടി). പൂതാംകൊല്ലി, പാവെട്ട, ഐവിരലി, നിലംപുരണ്ടി, ആനവണങ്ങി, ചെമ്പൻ നെരിഞ്ഞിൽ തുടങ്ങി രണ്ടായിരത്തിൽപരം വരും അവയുടെ എണ്ണം.

മുനിമാരിൽ ശ്രേഷ്ഠനായ അഗസ്ത്യർ - കുംഭസംഭവൻ, കൂറുമുനി, മുണ്ടൻമുനി, ജ്ഞാനമുനി തുടങ്ങിയ വിശേഷനാമങ്ങളിൽ അറിയപ്പെട്ടു. 14- ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രശസ്ത തമിഴ് കവി വല്ലിപ്പുതാരന്റെ നിഗമനത്തിൽ അഗസ്ത്യർ ദാനം ചെയ്ത വാണിയാണ് തമിഴ് ഭാഷ.

ഭാഷാപണ്ഡിതനും ആയുർവേദമർമ്മശ്രേഷ്ഠനും ലോകജ്ഞാനിയുമായ അഗസ്ത്യർ തപമിരുന്നതും കാലങ്ങളോളം വസിച്ചിരുന്നതും ഈ മലമേടുകളിൽ തന്നെയായിരുന്നു. അദ്ദേഹം തപമിരുന്ന ഭാഗത്ത് ഒരു ശിലാരൂപമുണ്ട്. ഇതിന് കുറച്ചുമാറി കാണപ്പെടുന്ന ഗുഹയിൽ നിന്നും അതിശക്തമായ കാറ്റ് പുറത്തേയ്ക്ക് വീശാറുണ്ടെന്ന് പറയപ്പെടുന്നു. വർഷത്തിൽ രണ്ടോ മൂന്നോ തവണയുണ്ടാകുന്ന ഈ അസാധാരണ പ്രവാഹം കടന്നുപോകുന്ന പ്രദേശങ്ങൾ തരിപ്പണമാകുന്ന സംഭവങ്ങളും നിരവധി.

ഈർപ്പമുള്ള നിത്യഹരിതവനങ്ങളുടെ പ്രത്യേകതകളായ ആഞ്ഞിൽ, പോങ്ങ്, രുദ്രാക്ഷം, തെളിപ്പയാൻ, ചാമ്പ, മലങ്കൊമ്പ്, കാട്ടുതേയില, തരുശാഖികളിലും നീർച്ചാലുകളിലും പറ്റിപ്പിടിച്ചു വളരുന്ന പ്രത്യേകയിനം ഓർക്കിഡുകളും ഇവിടെ സമൃദ്ധം.

ചോലക്കാടുകൾ അഗസ്ത്യമേടിനെ വിശ്വത്തിന്റെ നെറുകയിലൂടെ സഞ്ചരിക്കാൻ നിർബന്ധിതമാക്കുന്നു. ഒരേ പൊക്കത്തിലും വണ്ണത്തിലും വളരുന്ന നിലഗറൻസ്, ബൈസോഫില്ലം തുടങ്ങിയവ മറ്റൊരു വനത്തിനും അവകാശപ്പെടാനാവില്ല. പൊങ്കാലപ്പാറയ്ക്കു സമീപം കാണുന്ന പുൽക്കാടുകൾ പ്രത്യേകതകളിൽ ചിലതുമാത്രം. സർപ്പരാജൻ, രാജവെമ്പാല, മലമ്പാമ്പ്, വില്ലൂന്നി മൂർഖൻ പാമ്പുകൾക്കു പുറമെ അനേകയിനം പുതുമയാർന്ന നാഗങ്ങളുള്ള നാഗഭൂമിയുമാണിവിടം.

കുള്ളൻ(കല്ലാന) ആനകളാണ് മറ്റൊരു സവിശേഷത. കല്ലാനകൾ നെയ്യാർ റിസർവോയ്ർ തീരങ്ങളിലും കാട്ടരുവി ഓരങ്ങളിലും അപൂർവതകളുടെ ചരിത്രം രചിക്കുന്നു. ആന, കടുവ, കരടി, പുലി, ആൾക്കരടി, കഴുതപ്പുലി, ചെന്നായ, സിംഹവാലൻകുരങ്ങ്, കരിങ്കുരങ്ങ്, മറ്റു കുരങ്ങുവർഗങ്ങൾ, പറക്കുന്ന അണ്ണാൻ, കീരി, മുയൽ, മാൻ, മ്ലാവ്, കാട്ടുപോത്ത്, നീലക്കാള, പന്നി, കുറുക്കൻ, കുറുനരികൾ, മുള്ളൻപന്നി തുടങ്ങി നിരവധി വന്യമൃഗങ്ങളുടെ സമ്പന്നമായ ആവാസകേന്ദ്രമാണിവിടം.

മയിൽ, വർണത്തത്തകൾ, മൈന, മറ്റു വിവിധയിനം വർണക്കിളികൾ, ഇരട്ടവാലൻപക്ഷികൾ, കടുവാചിലന്തി, പറക്കുന്ന




തവള, വരയൻതവള എന്നിവയുടെയും വൈവിധ്യമാർന്ന ചിത്രശലഭങ്ങളുടെയും പറുദീസ. വനത്തിൽ നായാട്ടുകാരെയോ മറ്റ് മനുഷ്യരെയോ കണ്ടാലുടൻ കരിങ്കുരങ്ങുകൾക്ക് അപകടസന്ദേശം നൽകുന്ന പക്ഷിയാണ് ഇരട്ടവാലൻ.

വിലമതിയ്ക്കാനാകാത്ത രത്നങ്ങളുടെയും ഗുഹകളുടെയും വിളഭൂമിയിൽ പുറംനാട്ടുകാർ കാലങ്ങളായി വൈഡ്യൂര്യ ശേഖരണം നടത്തിവരുന്നു. ഇവർക്ക് വഴികാട്ടുന്നത് ആദിവാസികൾ. നാഗർകോവിൽ, നെടുമങ്ങാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും എത്തുന്ന വിദഗ്ധ സംഘം തുരങ്കങ്ങൾ പണിത് അതിനുള്ളിൽ വസിച്ചാണ് വൈഡ്യൂര്യഖനനം നടത്തുക. ഈ സ്ഥലം വൈഡ്യൂര്യ മല എന്നറിയപ്പെടുന്നു.

അഗസ്ത്യമല സന്ദേശകർക്ക് ഹരം പകരുന്ന മറ്റ് കാഴ്ചകൾ ഒരുക്കാൻ 1991 ജനുവരി ഒന്നിന് ബയോളജിക്കൽ പാർക്കിന് തറക്കല്ലിട്ടു. നെയ്യാർ പേപ്പാറ വന മേഖലകളിലെ 23 ച.കി.മീ. ചുറ്റളവിൽ ജൈവ സംരക്ഷണ മേഖല സ്ഥാപിക്കുകയായിരുന്നു ലക്ഷ്യം. 10 കോടി രൂപ ചെലവിൽ ബഹുനില ഉല്ലാസ സദനങ്ങൾ ബയോളജിക്കൽ പാർക്ക്, മൃഗ സംരക്ഷിത പാർക്ക് എന്നിവയും ലക്ഷ്യമിട്ടിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈ പാർക്ക് വനസംരക്ഷത്തിനാണോ വനനശീകരണത്തിനാണോ വഴിയൊരുക്കുക എന്ന സംശയം പരിസ്ഥിതി പ്രസ്ഥാനങ്ങൾ ഉയർത്തിയിരുന്നു. ചോദ്യങ്ങൾ ബാക്കിയാക്കി പാർക്ക് ഓർമയായി. 50 ക്വോട്ടേഴ്സുകൾ പണിതത് മിച്ചം.

ഐക്യരാഷ്ട്ര സഭയുടെ പഠനങ്ങൾ വ്യക്തമാക്കുന്ന ചിത്രമിതാണ്. ആമസോൺ, കൊളംബിയ, ഇക്വഡോർ, പെറു, മധ്യ അമേരിക്ക, തായ്ലാന്റ്, മലേഷ്യ, ദക്ഷിണപൂർവേഷ്യ, വടക്കനേഷ്യ, സുമാത്ര, ന്യൂഗിനി, സാംബാ, ഓസ്ട്രേലിയ, ശ്രീലങ്ക തുടങ്ങിയ പ്രദേശങ്ങളിലായി വ്യാപിച്ചു കിടക്കുന്ന സംരക്ഷിത മഴക്കാടുകളിൽ ഉൾപ്പെട്ടതാണ് അഗസ്ത്യവനം എന്നാണ്. ഡോ: എം.എസ്. സ്വാമിനാഥൻ, എ. എൻ. ഹെന്റി, എൻ. സി. നായർ എന്നീ ശാസ്ത്രജ്ഞർ ലോകത്ത് ഏറ്റവും വലിയ ജനിതകമേഖലയായ അഗസ്ത്യവന മേഖല സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.



അഗസ്ത്യമലമടക്കുകൾ അമൂല്യതകളുടെ കലവറയാണെന്ന് കണ്ടെത്തിയത് ബ്രിട്ടീഷ് ഗവേഷകർ ആയിരുന്നു. ഓർക്കിഡുകളുടെ 200 ൽ പരം ഇനങ്ങൾ ഇവിടെ നിന്നും കണ്ടെത്തി ലോകരാജ്യങ്ങളിൽ വിതരണം നടത്തിയതും ബ്രിട്ടീഷുകാർ തന്നെയായിരുന്നു.

1730 കളിൽ അഗസ്ത്യമലയുടെ നെറുകയിൽ വ്യാപകമായ ഔഷധകൃഷി നടത്തി ചരിത്രം കുറിച്ച ഇംഗ്ളീഷുകാർ രാമച്ചം, കച്ചോലം, കസ്തൂരി മഞ്ഞൾ തുടങ്ങിയ സുഗന്ധ ആയുർവേദ ഔഷധങ്ങൾ സംസ്കരിച്ചെടുത്ത് വിതരണം നടത്തുന്നതിന് യന്ത്രോപകരണങ്ങളും സ്ഥാപിച്ചിരുന്നു. അവയുടെ അവശിഷ്ടങ്ങൾ കേടുകൂടാതെ മൺമറഞ്ഞ് കിടപ്പുണ്ട്. 1944 ൽ ഔഷധപഠനത്തിന് മലകയറിയ എട്ട് ജർമ്മൻ ശാസ്ത്രജ്ഞൻമാരിൽ പാമ്പിന്റെ ദംശനമേറ്റ് രണ്ടുപേർ മരിച്ചതോടെ ഉദ്യമത്തിൽ നിന്നും അവർ പിൻമാറി. പിന്നെയാരും പഠനത്തിന് മുനിമേടുകൾ സ്പർശിച്ചിട്ടില്ല.



അഗസ്ത്യമുനി

ബ്രിട്ടീഷിന്ത്യയിൽ മാർത്താണ്ഡവർമ്മയുടെ തിരുവിതാംകൂർ ഭരണത്തിനിടയിൽ ബ്രിട്ടീഷുകാർ അഗസ്ത്യമല താഴ്വാരങ്ങളിൽ വ്യാപകമായി ഓറഞ്ചുകൃഷി നടത്തിയിരുന്നു. രാജ്യത്തിനകത്തും പുറത്തും ആവശ്യമായ ഓറഞ്ചുകൾ വിപണനം നടത്തിയത് ഇവിടെനിന്നായിരുന്നു. മാസങ്ങളോളം കേടുകൂടാതെ സൂക്ഷിക്കാൻ പോന്ന മുന്തിയതരം ഓറഞ്ചുകൾ ഇവിടത്തെ പ്രത്യേകതയായിരുന്നു. വാനനിരീക്ഷണത്തിനും സമീപസമുദ്രങ്ങളിലെ കപ്പൽ ഗതാഗതം കണ്ടെത്തുന്നതിനും നിരീക്ഷണ - ഗവേഷണ യന്ത്രങ്ങൾ സഹ്യാദ്രി നെറുകയിൽ സ്ഥാപിച്ചിരുന്നു. അവയുടെ നശീകരണം പൂർണമായത് രണ്ട് പതിറ്റാണ്ടുമുമ്പു മാത്രം.

**ജനുവരി മുതൽ മാർച്ച് വരെ തീർത്ഥാടകർക്ക് പ്രവേശനം അനുവദിക്കുന്നുണ്ട്. ബോണക്കാട് വഴി മാത്രമേ പ്രവേശനം ലഭിക്കൂ.തിരുവനന്തപുരം ഫോറസ്റ്റ് ഇൻഫർമേഷൻ ഓഫീസിൽ നിന്നും അനുമതിയും പാസും ലഭിക്കും.**

മാർത്താണ്ഡവർമ്മ 1714 ൽ അഗസ്ത്യസാനുക്കളിൽ ഒളിവിൽ കഴിഞ്ഞിരുന്നപ്പോൾ ഈ സാനുക്കളിൽ മൺകോട്ടയും കൊട്ടാരവും കളരിത്തറയും പണിതിരുന്നു. നെയ്യാർ അണക്കെട്ട് 1959 ൽ കമ്മീഷൻ ചെയ്തതോടെ അതെല്ലാം റിസർവോയർ വിഴുങ്ങി. വന്യജീവികളുടെ ആക്രമണങ്ങളിൽനിന്നും രക്ഷ നേടുന്നതിന് സഹ്യസൗധങ്ങൾ ആദിവാസികൾക്ക്, അഭയസങ്കേതങ്ങൾ പണിതിട്ടുണ്ട്. പത്തായപ്പാറ എന്നറിയപ്പെടുന്ന പാറയുടെ ഉൾവശം 20 ൽപരം ആളുകൾക്ക് ഒളിഞ്ഞിരിക്കാം. മുകൾഭാഗങ്ങളിലും വേണ്ടത്ര വിസ്തീർണമുണ്ട്. താരതമ്യേന ഉയർന്ന ഭാഗങ്ങളും വന്യമൃഗങ്ങളുടെ ശ്രദ്ധയിൽപെടാത്തതുമായതിനാൽ ഇവിടത്തെ അഭയം തീർത്തും സുരക്ഷിതം. കൊമ്പക്കു സമീപം ഉൾക്കാട്ടിലാണ് പത്തായപ്പാറ.

1980 ൽ സഞ്ചാരികൾക്കു വേണ്ടി അഗസ്ത്യമല കവാടം തുറന്നു. അന്നാരംഭിച്ച സന്ദർശക പ്രവാഹത്തിൽ കള്ളന്മാരും കൊള്ളക്കാരും ഉൾപ്പെട്ടിരുന്നു. വനംകൊള്ള, മൃഗവേട്ട, ഔഷധച്ചെടികളുടെ ഉന്മൂലനം, പാലായനം, കാട്ടുതീ തുടങ്ങിയവയ്ക്കും ഇതു നിദാനമായി. തുടർന്ന് വനംവകുപ്പ് കർശന നിയന്ത്രണം ഏർപ്പെടുത്തി. ഇപ്പോൾ ജനുവരി മുതൽ മാർച്ച് വരെ തീർത്ഥാടകർക്ക് പ്രവേശനം അനുവദിക്കുന്നുണ്ട്. ബോണക്കാട് വഴി മാത്രമേ പ്രവേശനം ലഭിക്കൂ.

ബോണക്കാടിൽ നിന്നും നാലുമണിക്കൂർ സഞ്ചരിക്കുമ്പോൾ ഒറ്റയടിപ്പാതയിലെത്താം. അഢയാറിൽ ചെല്ലാൻ വീണ്ടും രണ്ട് മണിക്കൂർ. വീണ്ടും മൂന്നു മണിക്കൂർ പിന്നിട്ടാൽ വനംവകുപ്പിന്റെ ഡോർമിറ്ററി സ്ഥിതി ചെയ്യുന്ന അതിരുമല. അവിടെ വിശ്രമവും ഭക്ഷണവും കഴിഞ്ഞ് പുലർച്ചെയിൽ യാത്ര തുടരാം. രണ്ട് മണിക്കൂറിനുള്ളിൽ പൊങ്കാലപ്പാറ നെറുകയിലേയ്ക്ക് വീണ്ടും നാല് മണിക്കൂർ. തിരുവനന്തപുരം വഴുതക്കാട് ഫോറസ്റ്റ് ഇൻഫർമേഷൻ ഓഫീസിൽ നിന്നും അനുമതിയും പാസും ലഭിക്കും.■



■ ദിനേശൻ കണ്ണപുരം

# ഈ കുളങ്ങളിൽ ചരിത്രം മുങ്ങിക്കുളിക്കുന്നു

## മാടായിപ്പാറയിലെ ജൂതക്കുളവും വടുകുന്ദ തടാകവും പറഞ്ഞുതരുന്ന ചരിത്രകഥകൾ

കേരളവുമായി വ്യാപാര ബന്ധം സ്ഥാപിച്ചിരുന്ന അനേകരിൽ ഒരു കൂട്ടരാണ് ജൂതന്മാർ. ഇവർ കേരളത്തിൽ ഏറെ സജീവമായത് എ.ഡി.68 നു ശേഷമാണ്. കൊടുങ്ങല്ലൂരിനെ ആദ്യ ആവാസ കേന്ദ്രമാക്കിയ ജൂതന്മാർ പിന്നീട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി സഞ്ചരിക്കുകയും ജൂതകോളനികൾ ഉണ്ടാക്കി താമസിക്കുകയും ചെയ്തു. ഇതിനു പ്രത്യക്ഷത്തിലുള്ള തെളിവുകളിൽ ഒന്നാണ് കണ്ണൂരിലെ ഏഴിമലയ്ക്ക് സമീപമുള്ള മാടായിപ്പാറയിലെ വിശാലമായ ഭൂപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ജൂതക്കുളം. ഈ ജൂതക്കുളത്തെക്കുറിച്ച് 1616 ൽ ഇവിടെ വന്ന പോർച്ചുഗീസ് സഞ്ചാരി ഡാർട്ടെ ബാർബോസ പരാമർശിച്ചിട്ടുണ്ട്.

കോട്ട പണിയാൻ ആവശ്യമായ തേക്കു പോലുള്ള മരങ്ങൾ ശേഖരിക്കാനാണ് ജൂതന്മാർ മാടായിൽ ജൂതത്താവളം ഉണ്ടാക്കി ഏറെക്കാലം താമസിച്ചതെന്ന് പറയപ്പെടുന്നു. മാടായിപ്പാറയിലെ ജൂതക്കുളം ഒരു വാൽക്കണ്ണാടിയുടെ രൂപത്തിൽ വളരെ ആഴത്തിൽ ഭംഗിയായി കൊത്തിയുണ്ടാക്കിയതാണ്. ഈ കുളത്തിലേക്കിറങ്ങാൻ പടിഞ്ഞാറു ഭാഗത്തു നിന്ന് കൊത്തിയിറക്കിയ പടവുകൾ കാഴ്ചയ്ക്ക് കൗതുകം ഉളവാക്കുന്നു.

ഒരു വലിയ പടിക്ക് ചെറിയ പടി എന്ന ക്രമത്തിലാണ് ജൂതക്കുളത്തിന്റെ പടവുകൾ കൊത്തിവച്ചിരിക്കുന്നത്. കൊച്ചുകുട്ടികൾക്ക് പോലും അനായാസം കുളത്തിൽ ഇറങ്ങുന്നതിനും കയറുന്നതിനും ഈ ചെറിയ പടികൾ ഏറെ സഹായകരമാണ്.



കൽക്കെട്ടല്ലാതെ പാറയിൽത്തന്നെ കൊത്തി രൂപപ്പെടുത്തിവച്ചതാണ് പടികൾ.

പാഴ്‌വസ്തുക്കളും മറ്റും നിക്ഷേപിക്കാനുള്ള വെറുമൊരു കുണ്ടുകുളമായി ഈ ജൂതക്കുളത്തെ കാണാതെ, ജൂതസംസ്കാരത്തിന്റെ തെളിമ നിറഞ്ഞുനിൽക്കുന്ന ഒരു സ്മാരകമായി ഇതിനെ ശുചീകരിച്ച് നിലനിർത്താൻ സുമനസ്സുകൾ തയ്യാറാകേണ്ടതുണ്ട്.

വടക്കേ മലബാറുകാരുടെ ഒരു പ്രധാന ഉത്സവമാണ് പൂരം. വീട്ടുമുറ്റത്ത് കാമരൂപമുണ്ടാക്കി പൂവിട്ടാരാധിക്കുകയും, കാവുകളിലും മറ്റും പൂരക്കളിയും മറത്തുകളിയും പൂരാട്ടുമൊക്കെയായി പൂരമഹോത്സവം സജീവമാകുന്ന മലയാള മാസമാണ് മീനമാസം.

പൂരോത്സവത്തിന്റെ ചടങ്ങിൽ പ്രധാനപ്പെട്ടത് പൂരക്കളിയാണ്. പൂരക്കളിക്ക് പ്രസിദ്ധി കേട്ട സ്ഥലമാണ് മാടായിപ്പാറയിലെ വടുകുന്ദ തടാകം. മാടായിക്കാവിലമ്മ പൂരം നാളിൽ പൂരംകുളിക്കുന്നത് ഈ തടാകത്തിലാണ്.

മാടായിക്കാവു പോലെ തന്നെ മാടായിപ്പാറയിലും ഉള്ള മറ്റൊരു അമ്പലമാണ് വടകുന്ദ ശിവക്ഷേത്രം. ഈ ശിവക്ഷേത്രം സ്ഥാപിച്ചത് മൂഷിക വംശ പരമ്പരയിലെ ഒൻപതാമത്തെ രാജാവായ വടുകർമ്മനാണ്.

കുന്നിൻമുകളിലുള്ള ഈ ക്ഷേത്രത്തിന്റെ വടക്കു പടിഞ്ഞാറായി ഒന്നര ഏക്കറോളം വിസ്തൃതിയിൽ കിടക്കുന്ന തടാകമാണ് വടുകുന്ദ തടാകം. സമീപ പ്രദേശങ്ങളിലൊക്കെ ജലക്ഷാമം രൂക്ഷമാവുമ്പോഴും മീനമാസത്തിലെ കത്തുന്ന ചൂടിലും കുന്നിൻമുകളിലെ ഈ തടാകം വറ്റാതെ തെളിഞ്ഞുതന്നെ കിടക്കാറുണ്ടെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത.■



കൽക്കെട്ടല്ലാതെ പാറയിൽത്തന്നെ കൊത്തി രൂപപ്പെടുത്തിവച്ചതാണ് പടികൾ.

പാഴ്‌വസ്തുക്കളും മറ്റും നിക്ഷേപിക്കാനുള്ള വെറുമൊരു കുണ്ടുകുളമായി ഈ ജൂതക്കുളത്തെ കാണാതെ, ജൂതസംസ്കാരത്തിന്റെ തെളിമ നിറഞ്ഞു നിൽക്കുന്ന ഒരു സ്മാരകമായി ഇതിനെ ശുചീകരിച്ച് നിലനിർത്താൻ സുമനസ്സുകൾ തയ്യാറാകേണ്ടതുണ്ട്.

വടക്കേ മലബാറുകാരുടെ ഒരു പ്രധാന ഉത്സവമാണ് പൂരം. വീട്ടുമുറ്റത്ത് കാമരൂപമുണ്ടാക്കി പൂവിട്ടാരാധിക്കുകയും, കാവുകളിലും മറ്റും പൂരക്കളിയും മറത്തുകളിയും പൂരാട്ടുമൊക്കെയായി പൂരമഹോത്സവം സജീവമാകുന്ന മലയാള മാസമാണ് മീനമാസം.

പൂരോത്സവത്തിന്റെ ചടങ്ങിൽ പ്രധാനപ്പെട്ടത് പൂരക്കളിയാണ്. പൂരക്കളിക്ക് പ്രസിദ്ധി കേട്ട സ്ഥലമാണ് മാടായിപ്പാറയിലെ വടുകുന്ദ തടാകം. മാടായിക്കാവിലമ്മ പൂരം നാളിൽ പൂരംകുളിക്കുന്നത് ഈ തടാകത്തിലാണ്.

മാടായിക്കാവു പോലെ തന്നെ മാടായിപ്പാറയിലും ഉള്ള മറ്റൊരു അമ്പലമാണ് വടകുന്ദ ശിവക്ഷേത്രം. ഈ ശിവക്ഷേത്രം സ്ഥാപിച്ചത് മൂഷിക വംശ പരമ്പരയിലെ ഒൻപതാമത്തെ രാജാവായ വടുകർമ്മനാണ്.

കുന്നിൻമുകളിലുള്ള ഈ ക്ഷേത്രത്തിന്റെ വടക്കു പടിഞ്ഞാറായി ഒന്നര ഏക്കറോളം വിസ്തൃതിയിൽ കിടക്കുന്ന തടാകമാണ് വടുകുന്ദ തടാകം. സമീപ പ്രദേശങ്ങളിലൊക്കെ ജലക്ഷാമം രൂക്ഷമാവുമ്പോഴും മീനമാസത്തിലെ കത്തുന്ന ചൂടിലും കുന്നിൻമുകളിലെ ഈ തടാകം വറ്റാതെ തെളിഞ്ഞുതന്നെ കിടക്കാറുണ്ടെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. ■



ഡോ: അനിത ജേക്കബ് ■



# ആയുർവേദം പകർച്ചവ്യാധികൾക്കെതിരെ

**പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി പകർച്ച വ്യാധിപ്രശ്നം പരിഹരിക്കുന്നതിന് നാട്ടുചികിത്സാ വകുപ്പിലെ 865 സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന രണ്ട് പദ്ധതികളെക്കുറിച്ച്.**

പണ്ടു മനുഷ്യരാശിക്ക് ഭീഷണിയായിരുന്ന രോഗങ്ങളിൽ നിന്ന് മുക്തിനേടി എന്ന് നാം ആശ്വസിച്ചിരിക്കുമ്പോഴാണ് അവയിൽ പലതും വീണ്ടും വരികയും പുതിയ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുകയും ചെയ്തത്. എല്ലാ അർത്ഥത്തിലും മനുഷ്യന്റെ ഉറക്കം കെടുത്തുന്ന പരാദജീവിയായി കൊതുകകൾ കണ്ടില്ലെന്നു നടിക്കാവില്ല. നാം തന്നെ വരുത്തിവച്ച ഒട്ടനവധി കാരണങ്ങളാൽ നമുക്കു ചുറ്റും ഉണ്ടായിരുന്ന മിത്രകീടങ്ങൾക്ക് നാശം വന്നു എന്നതാണ് സത്യം. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി ഈ പ്രശ്നം പരിഹരിക്കുന്നതിന് ആയുർവേദത്തിൽ പല വഴികളും സൂചിപ്പിക്കുന്നു. ഇതിനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് വകുപ്പിലെ 865 സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

### ജനപഥോദ്ധ്വംസനീയം

ഒരുമിച്ച് ഒട്ടനവധി പേർക്ക് നാശമോ മരണമോ സംഭവിക്കുന്ന അവസ്ഥയാണ് ഇത്. പലപ്പോഴും കീടങ്ങളാണ് ഇത്തരം

രോഗങ്ങൾ പകർത്തുന്നത്. എന്നാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാതെ അവയെ നശിപ്പിക്കേണ്ടതുണ്ട് . ജൈവകീടനാശിനികളിലൂടെ ഈ ലക്ഷ്യം നേടുന്നതിനുള്ളതാണ് ആദ്യ പദ്ധതി.

പഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും മാത്രം ഉത്തരവാദിത്തമാണ് ജനങ്ങളുടെ ആരോഗ്യ സംരക്ഷണം എന്ന് മാറിനിന്ന് ചിന്തിക്കാതെ വ്യക്തിശുചിത്വം പോലെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ് പരിസരശുചിത്വം എന്ന ബോധം വളർത്തുകയാണ് ഈ കീടനാശിനികളുടെ വീടുവീടാന്തരമുള്ള പ്രചാരത്തിലൂടെ നാം നേടുന്നത്.

### വേപ്പില-പുകയില കഷായ മിശ്രിതം

250 ഗ്രാം വേപ്പില 3 ലിറ്റർ വെള്ളത്തിൽ തിളപ്പിച്ച് അര ലിറ്റർ ആക്കി വറ്റിച്ച് ഒരു പാത്രത്തിൽ പകർന്ന് അതിൽ ഒരു ലിറ്റർ വേപ്പെണ്ണ ഒഴിക്കുക. അതിൽ 60 ഗ്രാം സോപ്പുപൊടി കൂടി ഇട്ട് നന്നായി ഇളക്കുക. ഇതിൽ 9 ലിറ്റർ വെള്ളം കൂടി സാവകാശം ചേർത്ത് പാത്രങ്ങളിൽ എടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ തളിക്കുക. ഈ മിശ്രിതം കെട്ടിക്കിടക്കുന്ന വെള്ളത്തിലെ കൂത്താടികളെ പാടെ നശിപ്പിക്കുന്നു.

(1) കൊച്ചു കുട്ടികൾക്കും മുതിർന്നവർക്കും തുളസിയില നീര് ദേഹത്ത് പുരട്ടാം. പാടത്തും പറമ്പിലും ജോലി ചെയ്യുന്നവർക്ക് വേപ്പെണ്ണ ദേഹത്തു പുരട്ടി കൊതുകുകടിയിൽ നിന്ന് രക്ഷ നേടാം.

> വ്യക്തിശുചിത്വം പോലെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ് പരിസരശുചിത്വം എന്ന ബോധം വളരേണ്ടിയിരിക്കുന്നു.



(2) ത്രിഫല, ചെഞ്ചല്യം, ഗുൽഗുലു, ഗന്ധകം, വെള്ളക്കൊട്ടം, വരട്ടുമഞ്ഞൾ, വയമ്പ്, കുന്തിരിക്കം ഇവ പൊടിച്ച് വീടും പരിസരവും പുകയ്ക്കാം.

(3) വീടിന് ചുറ്റും ആര്യവേപ്പില മാത്രം ഉണക്കിപ്പൊടിച്ച് ധൂമം നടത്താം.

(4) വേപ്പിൻകുരു പരിപ്പ് വെള്ളത്തിൽ കുതിർത്ത് ഞെരടിപ്പിഴിഞ്ഞ് വെള്ളം ചേർത്ത് നേർപ്പിച്ച് തളിക്കാം.

(5) തുറന്നിടുന്ന ജനലുകളിൽ തുമ്പച്ചെടി, ശീമക്കൊന്ന എന്നിവ ചതച്ച് കെട്ടിത്തൂക്കിയിടാം.

(6) കടുക്, വേപ്പില, ഇന്തുപ്പ് എന്നിവ ധൂപനം ചെയ്യാം.

(7) ഗുൽഗുലു, അകില്, ചെഞ്ചല്യം എന്നിവ പുകയ്ക്കാം.

(8) അപരാജിത ധൂമചൂർണം (ഔഷധി ഉപയോഗിക്കാം)

(9) വീട്ടുവളപ്പിൽ ആര്യവേപ്പ്, തുമ്പ, കാട്ടുതൃത്താവ് തുടങ്ങിയവ നട്ടു വളർത്തി കൊതുകിനെ അകറ്റാം.

മുകളിൽ പറഞ്ഞവ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കി, ആയുർവേദ സ്ഥാപനങ്ങളിലോ ചെറിയ തോതിൽ കുടുംബശ്രീ യൂണിറ്റിലോ ഉണ്ടാക്കി സ്ഥാപനത്തിൽ വരുന്ന രോഗികൾക്ക് വീട്ടിൽ പുകയ്ക്കുന്നതിന് നിർദേശിക്കാം. ആയുർവേദ സ്ഥാപനത്തിലൂടെ മാസത്തിൽ രണ്ടു ദിവസം പൊതുവായ ബോധവത്കരണ പരിപാടി വഴി പകർച്ച വ്യാധികളുടെ മൂലകാരണങ്ങൾ മുതൽ ആഹാര വിഹാരങ്ങൾ വരെ ജനങ്ങളെ അറിയിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.

### ദിനചര്യ /ഋതുചര്യ

ഓരോ കാലത്തും അനുഷ്ഠിക്കേണ്ട കാര്യങ്ങളെപ്പറ്റി വകുപ്പ് തയ്യാറാക്കിയ സി.ഡി.കൾ സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്നതാണ് മറ്റൊരു പദ്ധതി.

പല രോഗങ്ങളേയും ഒരല്പം ചിന്തിച്ചാൽ അകറ്റി നിർത്താനാകും. അതിനായി ഓരോ ഋതുവിലും നാം ശ്രദ്ധിക്കേണ്ട ചെറിയ കാര്യങ്ങൾ അവഗണിക്കുന്നതാണ് പല രോഗങ്ങളുടെയും ഉറവിടം. ഈ കാര്യങ്ങൾക്ക് ഊന്നൽ നൽകി ഇമ്മ്യൂണിറ്റി ക്ലിനിക്കുകൾ തുറക്കും.


മാർച്ച് മാസത്തോടെ രോഗ പ്രതിരോധത്തിനുതകുന്ന രസായനൗഷധങ്ങൾ സ്ഥാപനം വഴി വിതരണം നടത്തുകയും. തൃഫല, ഇന്ദുകാന്തകഷായം തുടങ്ങിയ മരുന്നുകൾ ശോധന രസായനൗഷധമായി പ്രയോജനപ്പെടുത്തുകയും ആവശ്യമായ കഷായങ്ങൾ നല്കി രോഗ പ്രതിരോധ ശേഷി നേടുകയും ചെയ്യാൻ ഇത് ജനങ്ങളെ സഹായിക്കും.

*ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടറുടെ ചുമതല വഹിക്കുകയാണ് ലേഖിക*



# ബ്രിട്ടീഷ് ലൈബ്രറിയെ സംസ്ഥാനം സ്വന്തമാക്കുന്നു

**പുസ്തക പ്രേമികളെ** വിശ്വ സാഹിത്യ സഞ്ചയത്തിലേക്ക് കൂട്ടിക്കൊണ്ടു പോയിരുന്ന തിരുവനന്തപുരത്തെ ബ്രിട്ടീഷ് ലൈബ്രറി ഏപ്രിലിൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കും. ലൈബ്രറിയിലെ മുഴുവൻ പുസ്തകങ്ങളും ഫർണിച്ചറും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലാകും. ഇന്ത്യയിലെ ബ്രിട്ടീഷ് കൗൺസിൽ സാംസ്കാരിക വിഭാഗം തലവൻ റോസ് പ്രൈസ്, സൗത്ത് ഇന്ത്യൻ ഡയറക്ടർ ക്രിസ് ഗിബ്സൺ എന്നിവർ മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിലാണ് ഇക്കാര്യം തീരുമാനിച്ചത്. തിരുവനന്തപുരത്തെ ബ്രിട്ടീഷ് ലൈബ്രറി മാർച്ച് 31 ന് മുമ്പ് അടച്ചുപൂട്ടാൻ ബ്രിട്ടീഷ് കൗൺസിൽ തീരുമാനിച്ചതിനെ തുടർന്നാണ് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചത്. ലൈബ്രറി തുടർന്നും പ്രവർത്തിപ്പിക്കണമെന്ന് മുഖ്യമന്ത്രി ബ്രിട്ടീഷ് കൗൺസിലിനോട് ആവശ്യപ്പെട്ടതനുസരിച്ച് അധികൃതർ മുഖ്യമന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്തി. ലൈബ്രറി അടച്ചുപൂട്ടണമെന്നത് ബ്രിട്ടീഷ് സർക്കാരിന്റെ തീരുമാനമാണെന്നും അതിൽ മാറ്റമില്ലെന്നും റോസ് പ്രൈസ് പറഞ്ഞു. തുടർന്നാണ് ലൈബ്രറി പ്രവർത്തിപ്പിക്കാൻ സംസ്ഥാന സർക്കാർ സംവിധാനമുണ്ടാക്കാമെന്ന് മുഖ്യമന്ത്രി അറിയിച്ചത്. ലൈബ്രറിയിലെ 28,000 പുസ്തകങ്ങളും സർക്കാരിന് കൈമാറാമെന്ന് കൗൺസിൽ അധികൃതർ സമ്മതിച്ചിട്ടുണ്ട്. ചർച്ചയിൽ മന്ത്രി എം.വിജയകുമാർ സംബന്ധിച്ചു.



# മീഡിയ ഹാൻഡ് ബുക്ക് പ്രകാശനം ചെയ്തു

**ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്** തയ്യാറാക്കിയ മീഡിയ ഹാൻഡ് ബുക്ക് മുഖ്യമന്ത്രി തിരുവനന്തപുരം പ്രസ് ക്ലബ്ബ് സെക്രട്ടറി ബി.എസ്. പ്രസന്നന് നൽകി പ്രകാശനം ചെയ്തു

സെക്രട്ടേറിയറ്റ് പി.ആർ.ചേമ്പറിൽ നടന്ന ചടങ്ങിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടർ പി. അബ്ദുൾ റഷീദ് സംബന്ധിച്ചു.



# വനാവകാശ നിയമത്തിലൂടെ ആദിവാസികൾക്ക് ഭൂമി

**വനാവകാശ നിയമം** നടപ്പാക്കി കേരളത്തിലെ ആദിവാസികളുടെ ഭൂ പ്രശ്നം സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും. പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പ് മന്ത്രി എ.കെ.ബാലൻ, റവന്യൂ മന്ത്രി കെ.പി.രാജേന്ദ്രൻ, വനംവകുപ്പ് മന്ത്രി ബിനോയ് വിശ്വം എന്നിവരുൾപ്പെട്ട മന്ത്രിതല യോഗമാണ് ഈ തീരുമാനമെടുത്തത്.


പട്ടിക വർഗക്കാർക്കും പരമ്പരാഗതമായി വനത്തിൽ താമസിക്കുന്നവർക്കും വനാവകാശം നൽകുന്നതിനുള്ള കേന്ദ്ര നിയമം 2007 ഡിസംബർ 31 ന് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. നിയമം ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കുന്നത് കേരളമായിരിക്കുമെന്ന് മന്ത്രി ബാലൻ പറഞ്ഞു. സമ്മർദമോ കൈയേറ്റമോ കൂടാതെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് നിയമം കൊണ്ടു കഴിയും.

# തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ഓൺലൈൻ ബുക്കിങ്

**ലൈബ്രറിയിൽ പോകാതെ** പുസ്തകം ബുക്കു ചെയ്യാനുള്ള സംവിധാനം രാജ്യത്താദ്യമായി തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ഏർപ്പെടുത്തി. എടുത്ത പുസ്തകം ഓഫീസിലോ വീട്ടിലോ ഇരുന്ന് പുതുക്കുകയും ചെയ്യാം. ഇതിനു സഹായിക്കുന്ന ഓൺലൈൻ ബുക്കിങ്, റിന്യുവൽ സംവിധാനം മന്ത്രി എം. വിജയകുമാർ ഉദ്ഘാടനം ചെയ്തു.



തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ഓൺലൈൻ ബുക്കിങ് സംവിധാനം മന്ത്രി എം. വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.



സമ്മാനാർഹമായ ഫ്ളോട്ട്



മികച്ച റിപ്പബ്ളിക് ദിന ഫ്ളോട്ടിനുള്ള സ്വർണ മെഡൽ പ്രതിരോധ മന്ത്രി എ.കെ. ആന്റണിയിൽ നിന്നും റസിഡന്റ് കമ്മീഷണർ ഇന്ദർജീത്ത് സിംഗ്, ഐ&പി.ആർ.ഡി. ഡെപ്യൂട്ടി ഡയറക്ടർ എ.ഫിറോസ് എന്നിവർ ഏറ്റുവാങ്ങുന്നു.

# കുണ്ടറ സിറാമിക്സിന് ജൈവ-ഇന്ധനത്തിന്റെ വിശുദ്ധി

**ഉത്പാദനക്ഷമത** വർദ്ധിപ്പിക്കാനും ലാഭം ഉയർത്താനുമുള്ള ശ്രമങ്ങളുടെ ഭാഗമൊന്നോണം കുണ്ടറയിലെ കേരള സിറാമിക്സ് ലിമിറ്റഡ് പെട്രോളിയം ഇന്ധനത്തിൽ നിന്നും ജൈവ ഇന്ധനത്തിലേക്കു മാറുന്നു. ഇന്ധനച്ചെലവിൽ 80 % കുറവു വരുന്ന ബയോമാസ് ഹോട്ട് എയർ ജനറേറ്റർ കമ്മീഷൻ ചെയ്തതോടെയാണിത്.

ഓയിൽ പാം ഇന്ത്യ ലിമിറ്റഡിലെ ജൈവാവശിഷ്ടങ്ങളായിരിക്കും സിറാമിക്സിലെ പുതിയ ഇന്ധനം. ഓയിൽ പാം ഇന്ത്യയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനു പുറമെ സിറാമിക്സിലെ കാർബൺ നിഗമനത്തോത് ഗണ്യമായി കുറയ്ക്കുന്നതിനും ജൈവ-ഇന്ധന ജനറേറ്ററിന് കഴിയും. അനെർട്ടിന്റെ 58 ലക്ഷം രൂപയുടെ ധനസഹായത്തോടെയാണ് പുതിയ സംവിധാനം സജ്ജീകരിച്ചത്.

## കമ്മി കുറയുന്നു, വരുമാനം കൂടുന്നു

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മുൻവർഷത്തെ അപേക്ഷിച്ച് മെച്ചപ്പെട്ടതായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ സാമ്പത്തിക വാർഷിക റിപ്പോർട്ട്. സംസ്ഥാനത്തിന്റെ റവന്യു വരുമാനം 18.9 ശതമാനം വർധിച്ചതും റവന്യു കമ്മി 491 കോടി രൂപ കുറഞ്ഞതും ഇതിന്റെ ലക്ഷണമെന്ന് റിപ്പോർട്ട് വിലയിരുത്തുന്നു. വരുമാനത്തിൽ 2,892 കോടി രൂപയുടെ വർധനയുണ്ടായി.

സംസ്ഥാനത്തിന്റെ നീക്കിയിരിപ്പ് തുക മുൻവർഷത്തെ അപേക്ഷിച്ച് 825 കോടി രൂപ വർധിച്ചതായും റിപ്പോർട്ടിലുണ്ട്. അതേ സമയം, പൊതുകടത്തിൽ നിന്നുള്ള വരവുകൾ 488 കോടി രൂപ കുറഞ്ഞിട്ടുമുണ്ട്. കേന്ദ്രസർക്കാരിൽ നിന്നെടുത്ത വായ്പകളിലെ 398 കോടി രൂപയുടെ കുറവിനെ തുടർന്നാണിത്.

# മൊഴിച്ചെപ്പ്

അരിക്ക് എന്നും കേരളത്തിന് കേന്ദ്ര ഗവൺമെന്റിനെയോ അന്യസംസ്ഥാ നങ്ങളെയോ ആശ്രയിക്കേണ്ടി വന്നി ട്ടുണ്ട്. ഈ സ്ഥിതി ഇല്ലായ്മ ചെയ്യാൻ ഭക്ഷ്യകാര്യത്തിൽ സ്വയംപ ര്യാപ്തത നേടുകയാണ് മാർഗം. പക്ഷേ കേരളപ്പിറവിക്ക് ശേഷം ഒരി ക്കലും അതിനു കഴിഞ്ഞിട്ടില്ല. ഏതെങ്കിലും കാലത്ത് കഴിയുമെന്ന പ്രതീക്ഷയ്ക്ക് വകയില്ല. മറിച്ച് പ്രതിസന്ധി വർധിക്കുന്ന പ്രവണത യാണ് കണ്ടുവരുന്നത്.

**എം.എം.ലോറൻസ്**

---

പള്ളി ഭരണ നിയമത്തിലൂടെ പള്ളി കളുടെ സമ്പത്ത് ജനാധിപത്യവത്ക രിച്ചെങ്കിൽ മാത്രമേ കത്തോലിക്കാ മതപുരോഹിതരുടെ വിമോചനസ മരപ്പനി തീരുകയുള്ളൂ. അല്ലെങ്കിൽ കോൺഗ്രസ്സോ കമ്മ്യൂണിസ്റ്റോ ഭരി ച്ചാലും പുരോഹിത മേധാവികൾ അവരുടെ സ്ഥാപിത താത്പര്യ സംരക്ഷണത്തിനായി പൊതു സമ്പ ത്തുപയോഗിച്ച് സമൂഹത്തിൽ കലഹം ഉണ്ടാക്കും.

**ജോസഫ് പുലിക്കുന്നേൽ**

---

കരമനയാറും കൊച്ചാറും നല്ല തെളിഞ്ഞ വെള്ളവുമായി ചുറുചുറു ക്കോടെ ഒഴുകുന്നത് നമ്മൾ കണ്ടി ട്ടുണ്ട്. അവയെ ആവുന്ന രീതിയി ലൊക്കെ മലീമസമാക്കി കഴിഞ്ഞു. നല്ല നാരങ്ങാവെള്ളം ഉണ്ടാക്കേണ്ടത് എങ്ങനെയെന്ന് സി.വി.രാമൻപിള്ള യുടെ ധർമരാജായിൽ രാമാവെങ്കിടൻ പറയുന്നു. പഞ്ചാരപ്പൊടി ഇതോ ഇവ്വളവ്, ശീമക്കൽക്കണ്ട് കൈയൊ ണ്ണ്, പൂനാകുങ്കുമപ്പൂവ് നുള്ളുരെണ്ട്, അറബിപ്പനിനീർ തുടം മുക്കാൽ, നമ്മനാട്ടേലത്തരി പന്തീരണ്ട്, തോവാഴ ഇലിമിച്ചിപ്പഴം, ചാറിലെ വേണമെന്നാൽ കൊഞ്ചം കര മാനയാത്ത് ജലവും ചേർത്ത് കല ഞ്ചു കുടിച്ചുണ്ടാക്കാൽ.....

**ബി. ഹൃദയകുമാരി**

എം.എൻ.മനോഹർ

മാർച്ച് 22
ലോക
ഉപഭോക്തൃ
ദിനം

# ഇപ്പോഴും രാജാവ് തന്നെ പക്ഷേ...

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഭാരതത്തിൽ ധാരാളം നിയമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം പോലെ സമഗ്രമായ ഒരു നിയമനിർമാണം വേറെയില്ലെന്നു പറയാം. ഉപഭോക്തൃ സംരക്ഷണ നിയമം സാമൂഹികവ്യവസ്ഥയെ ആകെ മാറ്റിമറിച്ചു. പ്രസ്തുത നിയമം പാസായിട്ട് 21 വർഷം കഴിഞ്ഞെങ്കിലും ഇതിന്റെ ഗുണഫലങ്ങൾ അനുഭവിയ്ക്കാൻ കഴിയാത്ത ആയിരങ്ങൾ ഇന്നും നമ്മുടെ രാജ്യത്ത് ഉണ്ടെന്നുള്ളത് ഖേദകരം തന്നെ. ഉപഭോക്താവ് രാജാവ് എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. പക്ഷേ രാജാവായ ഉപഭോക്താവ് തന്റെ അധികാരങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അജ്ഞനാണ്. പൊതുജനങ്ങൾക്ക് തുണയാകേണ്ട നിയമങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. 1991, 1993,2002 എന്നീ വർഷങ്ങളിലെ ഭരണഘടനാ ഭേദഗതികളോടു കൂടി 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം കൂടുതൽ കരുത്തുറ്റതായി മാറി.

## നഷ്ടപരിഹാരത്തിനു വ്യവസ്ഥ

രാജ്യത്തെ നിയമങ്ങൾ ഒക്കെത്തന്നെ കുറ്റം ചെയ്യുന്നവനെ ശിക്ഷിക്കുന്നതിന് മുന്തിയ പരിഗണന കൊടുക്കുന്നുണ്ടെങ്കിലും തെറ്റിന്റെ ഫലം അനുഭവിക്കേണ്ടിവരുന്ന വ്യക്തിക്ക് കാര്യമായ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. ഉദാ:- മായം ചേർത്ത വെളിച്ചെണ്ണ വില്പന നടത്തിയ ഒരു വ്യാപാരിക്കെതിരായി ഫുഡ് ഇൻസെപ്ക്ടർക്ക് പരാതി നൽകിയെന്ന് കരുതുക. പരിശോധനയിൽ പരാതി ശരിയാണെന്നു തെളിഞ്ഞാൽ കുറ്റക്കാരനായ വ്യാപാരിക്ക് പിഴ ഉൾപ്പെടെയുള്ള ശിക്ഷ വിധിക്കുമെങ്കിലും മായം ചേർത്ത വെളിച്ചെണ്ണ ചേർത്തത് മൂലം കഷ്ടത അനുഭവിക്കേണ്ടി വന്ന ഉപഭോക്താവിന് നഷ്ടപരിഹാരം ഒന്നും തന്നെ ലഭിക്കുന്നില്ല. അതുപോലെ സാധാരണ കോടതി നടപടിക്രമങ്ങൾ വളരെ സങ്കീർണമാണ്. വക്കീലിന്റെ സഹായമില്ലാതെ സാധാരണക്കാരനായ ഒരു പൗരന് കോടതിയിൽ കേസ് നടത്താൻ കഴിയില്ല. ഇതുമൂലം കേസ് നടത്തിപ്പ് ഏറെ ചെലവേറിയതായി മാറുന്നു. മാത്രമല്ല കേസിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിധി പറയുന്നതിന് വർഷങ്ങൾ തന്നെ എടുക്കുന്നു.



മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാകത്തക്കവിധമാണ് ഉപഭോക്തൃ സംരക്ഷണ നിയമം പാസാക്കിയിട്ടുള്ളത്. വളരെ ലളിതമായ നടപടിക്രമങ്ങളിലൂടെ, കുറഞ്ഞ ചെലവിൽ വളരെ കുറഞ്ഞ സമയപരിധിക്കുള്ളിൽ ഉപഭോക്താവിന് നഷ്ടപരിഹാരം ഉറപ്പാക്കുന്നതാണ് ഉപഭോക്തൃ സംരക്ഷണ നിയമത്തെ മറ്റു നിയമങ്ങളിൽ നിന്നും വേറിട്ടതാക്കുന്നത്.

## ആരാണ് ഉപഭോക്താവ്?

പ്രതിഫലം നൽകിയോ നൽകാമെന്ന് വാഗ്ദാനം ചെയ്തോ സാധനങ്ങളോ സേവനങ്ങളോ സ്വീകരിക്കുന്ന വ്യക്തി ഉപഭോക്താവാണ്. പ്രതിഫലം ഭാഗികമായി നൽകിയ ശേഷം സാധനമോ സേവനമോ സ്വീകരിക്കുന്ന വ്യക്തിയും ഉപഭോക്താവ് തന്നെ. ഒരു ഉത്പന്നം വാങ്ങിയ ആളുടെ അനുവാദത്തോടു കൂടി ഉപയോഗിക്കുന്ന വ്യക്തിയും ഉപഭോക്താവായി പരിഗണിക്കപ്പെടും. എന്നാൽ വിൽപ്നയ്ക്കായോ

വാണിജ്യാവശ്യത്തിനായോ സാധനങ്ങൾ വാങ്ങുന്നയാൾ ഉപഭോക്താവായി പരിഗണിക്കപ്പെടുകയില്ല. എന്നാൽ സ്വയം തൊഴിലെടുത്ത് കഴിയുന്ന ഉപഭോക്താവ് ഉപജീവനത്തിനായി വാങ്ങുന്ന സാധനങ്ങളിൽ ന്യൂനത കണ്ടെത്തിയാൽ പരാതിപ്പെടാൻ അവകാശമുണ്ട്.

## അവകാശങ്ങൾ

1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം ഉപഭോക്താക്കൾക്ക് താഴെ പറയുന്ന അവകാശങ്ങൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

1. ജീവനും സ്വത്തിനും ഹാനികരമായ സാധനങ്ങളുടെയും സേവനങ്ങളുടെയും വിപണനത്തിനെതിരായുള്ള സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം (Right to Safely) 2. അന്യായമായ വ്യാപാര തന്ത്രങ്ങളിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിനായി സാധനങ്ങളുടെ ഗുണമേന്മ, തൂക്കം, അളവ്, ശുദ്ധി, നിലവാരം, വില തുടങ്ങിയവ ചോദിച്ചറിയുന്നതിനുള്ള അവകാശം. (Right to Information)
3. ഉത്പന്നങ്ങളുടെ വില, ഗുണനിലവാരം തുടങ്ങിയവ താരതമ്യം ചെയ്ത് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാനുള്ള അവകാശം.(Right to choose)
4. ഉപഭോക്തൃ താത്പര്യങ്ങൾ ബന്ധപ്പെട്ട സമിതികളുടെ പരിഗണനയ്ക്ക് വിധേയമാക്കുമെന്ന് ഉറപ്പു ലഭിക്കാനുള്ള അവകാശം(Right to be heard)
5. ന്യായരഹിതമായ വ്യാപാര ഇടപാടുകൾക്കെതിരായും തത്ത്വദീക്ഷ ഇല്ലാത്ത ഉപഭോക്തൃ ചൂഷണത്തിനും വഞ്ചനയ്ക്കും എതിരായും പരിഹാരം തേടാനുള്ള അവകാശം (Right to redresseal)
6. ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം (Right for consumer education)

## തർക്ക പരിഹാര ഏജൻസികൾ

പരാതികൾ ഉപഭോക്തൃ തർക്ക പരിഹാര ഏജൻസികൾ വഴിയാണ് പരിഹരിക്കേണ്ടത്. അനുചിതമായിട്ടുള്ളതോ മുൻകൂർ നിബന്ധനകളോടു കൂടി നടത്തിയതോ ആയ കച്ചവട ഇടപാടുകൾ, ന്യൂനതയുള്ള സാധനം വിപണനം നടത്തൽ, സാധനത്തിനോ സേവനത്തിനോ നിർദിഷ്ട വിലയെക്കാൾ കൂടുതൽ വാങ്ങൽ എന്നിവയ്ക്ക് എതിരായി പരാതി നൽകി നഷ്ടപരിഹാരം വാങ്ങാവുന്നതാണ്.

ന്യൂനതയുള്ള സാധനം മാറി നൽകുക, കൊടുത്ത പണം തിരികെ വാങ്ങി നൽകുക, ഉപഭോക്താവിന് ഉണ്ടായ നഷ്ടം നികത്തുന്നതിന് പരിഹാരം നൽകുക, സേവനത്തിലെ കോട്ടങ്ങൾ നികത്തുന്നതിന് നിർദേശിക്കുക, ദോഷകരമായ വ്യാപാര സമ്പ്രദായങ്ങൾ നിർത്തലാക്കുക, ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണസാധനങ്ങളുടെ വില്പന നിരോധിക്കുക, കേസിന്റെ നടത്തിപ്പു ചെലവ് നൽകുക തുടങ്ങിയ പരിഹാരങ്ങൾ തർക്ക പരിഹാര ഏജൻസികളിൽ നിന്ന് ലഭിക്കാൻ വ്യവസ്ഥയുണ്ട്.

ഉപഭോക്തൃ തർക്ക പരിഹാരത്തിനായി ജില്ലാ ഫോറം, സംസ്ഥാന കമ്മീഷൻ , ദേശീയ കമ്മീഷൻ എന്നിങ്ങനെ ത്രിതല സംവിധാനമാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്.

പരാതിക്ക് ആധാരമായ സംഭവം നടന്ന സ്ഥലത്തെ ജില്ലാ തർക്ക പരിഹാര ഫോറത്തിലാണ് ഹർജി സമർപ്പിക്കേണ്ടത്. ഒന്നിലധികം എതിർകക്ഷികൾ ഉണ്ടെങ്കിൽ ഏതെങ്കിലുമൊരു എതിർകക്ഷിയുടെ സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ലാ തർക്ക പരിഹാര ഫോറത്തിൽ ഹർജി നൽകാവുന്നതാണ്.

ജില്ലാ - സംസ്ഥാന - ദേശീയ ഉപഭോക്തൃ തർക്ക പരിഹാര ഏജൻസികൾക്ക് ധനകാര്യ പരിധിയും നിശ്ചയിച്ചിട്ടുണ്ട്. ആവശ്യപ്പെടുന്ന നഷ്ടപരിഹാരം 20



**അനുചിതമായിട്ടുള്ളതോ മുൻകൂർ നിബന്ധനകളോടു കൂടി നടത്തിയതോ ആയ കച്ചവട ഇടപാടുകൾ, ന്യൂനതയുള്ള സാധനം വിപണനം നടത്തൽ, സാധനത്തിനോ സേവനത്തിനോ നിർദിഷ്ട വിലയെക്കാൾ കൂടുതൽ വാങ്ങൽ എന്നിവയ്ക്ക് എതിരായി പരാതി നൽകി നഷ്ടപരിഹാരം വാങ്ങാവുന്നതാണ്.**

ലക്ഷം രൂപ വരെയാണെങ്കിൽ ജില്ലാ ഫോറത്തിലും 20 ലക്ഷം മുതൽ ഒരു കോടി വരെയാണെങ്കിൽ സംസ്ഥാന കമ്മീഷനിലും ഒരു കോടിക്ക് മേൽ ദേശീയ കമ്മീഷനിലുമാണ് പരാതി നൽകേണ്ടത്. കൂടാതെ ജില്ലാഫോറത്തിന്റെ വിധിക്കെതിരായി സംസ്ഥാന കമ്മീഷനിലും സംസ്ഥാന കമ്മീഷന്റെ വിധിക്കെതിരായി ദേശീയ കമ്മീഷനിലും ദേശീയ കമ്മീഷന്റെ വിധിക്കെതിരായി സുപ്രീം കോടതിയിലും അപ്പീൽ നൽകാവുന്നതാണ്. വിധിപ്പകർപ്പ് ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കണം.

## ഫീസ് നിരക്കുകൾ

ജില്ലാ ഫോറത്തിൽ കേസ് ഫയൽ ചെയ്യുന്നതിന് ഒരു ലക്ഷം രൂപ വരെ 100 രൂപയും ഒരു ലക്ഷം മുതൽ 5 ലക്ഷം വരെ 200 രൂപയും 5 ലക്ഷം മുതൽ 10 ലക്ഷം വരെ 400 രൂപയും 10 ലക്ഷം മുതൽ 20 ലക്ഷം വരെ 500 രൂപയും ഫീസ് അടയ്ക്കണം. സംസ്ഥാന കമ്മീഷനിൽ കേസ് ഫയൽ ചെയ്യുന്നതിന് 20 ലക്ഷം മുതൽ 50 ലക്ഷം വരെ 2000 രൂപയും 50 ലക്ഷം മുതൽ 11 കോടി വരെ 4000 രൂപയും ഫീസ് അടയ്ക്കേണ്ടതാണ്. ദേശീയ കമ്മീഷനിൽ കോടി രൂപ മുതലുള്ള കേസ് ഫയൽ ചെയ്യുന്നതിന് 5000 രൂപ ഫീസ് അടയ്ക്കേണ്ടതാണ്.

സംസ്ഥാന കമ്മീഷനിൽ അപ്പീൽ നൽകുന്നതിന് നഷ്ടപരിഹാരത്തുകയുടെ പകുതിയോ 25,000 രൂപയോ ഏതാണ് കുറവ് അത് കെട്ടിവയ്ക്കണം. ദേശീയ കമ്മീഷനിൽ അപ്പീൽ നൽകുന്നതിന് നഷ്ടപരിഹാരത്തുകയുടെ പകുതിയോ 35,000 രൂപയോ ഏതാണ് കുറവ് അത് അടയ്ക്കണം. അതുപോലെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിന് നഷ്ടപരിഹാരത്തുകയുടെ പകുതിയോ, 50,000 രൂപയോ ഏതാണ് കുറവ് അത് കെട്ടിവയ്ക്കണം.

തർക്കപരിഹാരത്തിനായി സമർപ്പിക്കുന്ന പരാതികൾ ഉപഭോക്താവിന് സ്വന്തമായി തയ്യാറാക്കാവുന്നതേയുള്ളൂ. പരാതിക്കാരന്റെയും എതിർകക്ഷികളുടെയും പേരും പൂർണമായ മേൽവിലാസവും ഹർജിയിൽ ഉണ്ടായിരിക്കണം. പരാതിക്കടിസ്ഥാനമായ സംഭവം നടന്ന തീയതി, നൽകിയ പ്രതിഫലം, വാങ്ങിയ സാധനം, സ്വീകരിച്ച സേവനത്തിന്റെ വിശദാംശങ്ങൾ (അളവ്, ഇനം, തൂക്കം തുടങ്ങിയവ) ഇവ പരാതിയിൽ ഉണ്ടായിരിക്കണം. പരാതിക്ക് അടിസ്ഥാനമായ സംഗതി (ന്യായരഹിതമായ വ്യാപാര ഇടപാട്, സേവനത്തിലെ പോരായ്മ, അമിത വില) വ്യക്തമാക്കിയിരിക്കണം. തെളിവിലേയ്ക്കായി ബില്ലുകൾ, വൗച്ചറുകൾ, രസീതുകൾ, കത്തിടപാട് നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് എന്നിവ ഹർജിയുടെ കൂടെ സമർപ്പിക്കണം. എന്തൊക്കെ നഷ്ടപരിഹാരമാണ് ആവശ്യപ്പെടുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തണം.

മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ ഹർജി സംഭവം നടന്ന തീയതി മുതൽ രണ്ടു വർഷത്തിനകം ബന്ധപ്പെട്ട ഉപഭോക്തൃ തർക്ക പരിഹാര ഏജൻസിയിൽ സമർപ്പിക്കാവുന്നതാണ്.

വളരെ സമഗ്രവും ഉപഭോക്താക്കൾക്ക് ഏറെ പ്രയോജനം ലഭിക്കുന്നതുമായ ഉപഭോക്തൃ സംരക്ഷണ നിയമം സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് ഉപഭോക്തൃ സംഘടനകൾക്കും പൊതുപ്രവർത്തകർക്കും വളരെയേറെ കാര്യങ്ങൾ ചെയ്യുവാൻ കഴിയും.■

*ഇടുക്കി ജില്ലാ കൺസ്യൂമർ വിജിലൻസ് ഫോറത്തിന്റെ സെക്രട്ടറിയാണ് ലേഖകൻ*




# വിജ്ഞാനപുണ്യത്തിന് ശാപമോക്ഷം

പത്രധർമത്തിന്റെ യശോവെൺമ ഉയർത്തിയ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, രക്തസാക്ഷി വീരരാഘവൻ മാർത്താണ്ഡവർമയ്ക്ക് പ്രാണരക്ഷ നല്കിയ അമ്മച്ചിപ്ലാവ് ഇവയൊക്കെ ചരിത്രാന്വേഷികളിൽ ആകാംക്ഷയും ജിജ്ഞാസയുമായി നിറഞ്ഞു നിൽക്കുന്ന ഈ നഗരത്തിൽ അക്ഷരപുണ്യം പകർന്ന് ഗ്രന്ഥാലയ മുത്തശ്ശി ആരുടെയൊക്കെയോ കനിവിനായി കൈനീട്ടുന്നു.

സാഹിത്യ - സാംസ്കാരിക പ്രമുഖരുടെ സന്ദർശനവും സാമീപ്യവും കൊണ്ട് ഒരു കാലത്ത് ശ്രദ്ധേയമായിരുന്നു നെയ്യാറ്റിൻകര ജ്ഞാനപ്രദായിനി ഗ്രന്ഥശാല. മഹാകവി ഉള്ളൂർ, എ. ആർ രാജരാജവർമ്മ, സി.വി.രാമൻപിള്ള, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ജസ്റ്റിസ് ശങ്കരസുബ്ബയ്യർ, കൈനിക്കര കുമാരപിള്ള, മഹാകവി കെ.സി.കേശവപിള്ള, ജസ്റ്റിസ്. ജി.എം.ഗോവിന്ദപിള്ള, ശൂരനാട് കുഞ്ഞൻപിള്ള തുടങ്ങിയവർ ഉൾപ്പെടെ ജ്ഞാനപ്രദായിനി സന്ദർശിക്കുകയും സന്ദേശങ്ങൾ അയയ്ക്കുകയും ചെയ്തവരുടെ നിര നീണ്ടതാണ്. സ്വാമി വിവേകാന്ദൻ തന്റെ ഭാരതപരിക്രമണത്തിനിടെ ഈ പ്രദേശത്ത് വിശ്രമിച്ചു എന്നും അവിടെയുണ്ടായിരുന്ന കിണറ്റിൽ നിന്ന് വെള്ളം കോരിക്കുടിച്ചു എന്നും രേഖകളിൽ കാണുന്നു. സ്വാമിജിയുടെ സ്മരണയ്ക്കായി വളരെക്കാലം ആ കിണർ സംരക്ഷിച്ചിരുന്നു. പിന്നീട് സ്വദേശാഭിമാനി ടൗൺ ഹാളായി മാറിയ ശ്രീമൂലം സിൽവർ ജൂബിലി ടൗൺഹാളിന്റെ നിർമാണത്തോടെയാണ് കിണർ നാമാവശേഷമായത്.

പഴക്കം കൊണ്ട് കേരളത്തിലെ ശ്രദ്ധേയമായ ഗ്രന്ഥശാലകളിലൊന്നായ ജ്ഞാനപ്രദായിനി കൊല്ലവർഷം 1085 ചിങ്ങം 15 നാണ് പിറവിയെടുത്തത്. അധ്യാപകനായ എം.പി.നായരും സി. നാരായണപിള്ളയുമാണ് സ്ഥാപകർ. വായിക്കാനറിയുന്ന എല്ലാവർക്കും പുസ്തകങ്ങൾ എന്ന ആശയത്തോടെ സ്ഥാപിതമായ ഈ അക്ഷരഗേഹം നെയ്യാറ്റിൻകരയുടെ സാംസ്കാരിക വളർച്ചയ്ക്ക് നല്കിയ പങ്ക് ചെറുതല്ല. രവിവാര പാഠശാല, ചർക്ക സംഘം, സാഹിത്യസമാജം തുടങ്ങി നിരവധി പരിപാടികൾ ഇവിടെ നടന്നിരുന്നു. അക്കാലത്തെ പ്രമുഖ ഇംഗ്ളീഷ് മാസികയായ മോഡേൺ റിവ്യൂ, ഇന്ത്യൻ റിവ്യൂ, തീയ്യരുടെ മലയാള മാസികയായ മിതവാദി, തിരുവിതാംകൂർ കർഷകശ്രീ മാസിക, ലക്ഷ്മി വിലാസം മാസിക, സുപ്രഭാതം, കവനകൗമുദി, ധന്വന്തരി, പ്രബുദ്ധഭാരതം തുടങ്ങിയവയുടെ ബൈൻഡ് ചെയ്തു സൂക്ഷിച്ചിരുന്ന ലക്കങ്ങൾ ഗവേഷകർക്ക് നിധി തന്നെയായിരുന്നു. മറ്റ് അമൂല്യ ഗ്രന്ഥങ്ങളുടെയും കലവറയായിരുന്നു ഗ്രന്ഥശാല. ഇത് നെയ്യാറ്റിൻകരയിലെ സ്വദേശാഭിമാനി ടൗൺഹാളിന്റെ മുന്നിലായുള്ള ഓലപ്പുരയിലാണ് പ്രവർത്തിച്ചിരുന്നത്. കൊല്ലവർഷം 1101 മേടമാസം 15- ാം തീയതി അഖില തിരുവിതാംകൂർ ഗ്രന്ഥശാലാ സമ്മേളനത്തിന് വേദിയായതും ഈ കൊച്ചു ഓലപ്പുരയാണ് . ആ സമ്മേളനത്തിന്റെ തീരുമാന പ്രകാരമാണ് കേരളത്തിലാദ്യമായി ഗ്രന്ഥശാലകൾക്ക് ഗ്രാൻഡ് അനുവദിച്ചത്. ടൗൺ ഹാൾ സ്ഥിതി ചെയ്യുന്ന സ്ഥലവും ഗ്രന്ഥശാലയുടേതായിരുന്നു. ഒരു സൗജന്യമെന്ന നിലയ്ക്ക് മുനിസിപ്പാലിറ്റിക്ക് സ്ഥലം വിട്ടുകൊടുത്തതിനെ തുടർന്ന് വർഷങ്ങൾ കഴിഞ്ഞപ്പോൾ ഉടയോൻ കുടിയാനായി മാറിയ വിചിത്രാനുഭവമാണ് ഉണ്ടായത്. ക്രമേണ ജ്ഞാനപ്രദായിനിയുടെ ഓലപ്പുര പൊളിച്ചു നീക്കപ്പെട്ടു. ഒരു നൂറ്റാണ്ടിന്റെ ചരിത്രസാക്ഷി ചരിത്രത്തിൽ നിന്നുതന്നെ വിസ്മൃതമാകുമെന്ന നിലയായി. എന്നാൽ, അക്ഷര സ്നേഹികളുടെ സമയോചിതമായ ഇടപെടൽ മൂലം അടുത്തുള്ള ആലുംമൂട് ജംഗ്ഷനിലെ വാടകമുറിയിലേക്ക് ഗ്രന്ഥശാല താത്കാലികമായി മാറ്റി. അതിനാൽ വിലപ്പെട്ട ഗ്രന്ഥങ്ങൾ കുറെയെങ്കിലും സംരക്ഷിക്കാൻ കഴിഞ്ഞു. പിന്നീട് മുനിസിപ്പൽ സ്റ്റേഡിയത്തോടു ചേർന്നുള്ള സ്ഥലത്ത് പുതിയ കെട്ടിടം പണി ആരംഭിച്ചു. കൊൽക്കത്തയിലെ രാജാറാം മോഹൻ റായ് ഫൗണ്ടേഷൻ അനുവദിച്ച തുക ഉപയോഗിച്ചാണ് കെട്ടിടം പണിയുന്നത്. ശതാബ്ദി ആഘോഷിക്കാനൊരുങ്ങുന്ന ജ്ഞാനപ്രദായിനി ഗ്രന്ഥശാലയുടെ പ്രവർത്തകർക്കും നെയ്യാറ്റിൻകരയിലെ സാഹിത്യ സ്നേഹികൾക്കും ഈ പുതിയ സംരംഭം ഏറെ ആശ്വാസമാകുന്നു.

ഭയകൗടില്യ ലോഭങ്ങൾ വളർത്തില്ലൊരു നാടിനെ എന്ന് ഉദ്ഘോഷിച്ച സ്വദേശാഭിമാനിയുടെ ധീരാത്മാവ് സാരസ്വതത്തിന്റെ ശാപമോക്ഷം കണ്ട് ആനന്ദിക്കുന്നുണ്ടാവണം.

**രാജ്മോഹൻ കൂവളശ്ശേരി**


വെറും Rs.80



ഒറ്റ പ്രതി വില 8 രൂപ
വാർഷിക വരിസംഖ്യ 80 രൂപ
5 വർഷത്തേക്ക് 300 രൂപ

വിലാസം
ഇൻഫർമേഷൻ ഓഫീസർ
സർക്കുലേഷൻ & ഡിസ്ട്രിബ്യൂഷൻ
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്,
ഒന്നാം നില, തിരുവനന്തപുരം-1
ഫോൺ: 0471-2518866

## വാഹനരജിസ്ട്രേഷന് ഇടനിലക്കാർ വേണ്ട

മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷകൻ സ്ഥിര താമസമുള്ളതോ തൊഴിലെടുക്കുന്ന അംഗീകൃത സ്ഥാപനം സ്ഥിതി ചെയ്യുന്നതോ ആയ സ്ഥലത്ത് അധികാരമുള്ള രജിസ്റ്ററിങ്, അഡിഷ ണൽ രജിസ്റ്ററിങ് അധികാരി മുൻപാകെ അപേക്ഷിക്കണം. മേൽവിലാസം തെളിയിക്കുന്നതിന് അതോറിറ്റിയുടെ മുമ്പിൽ റേഷൻ കാർഡോ ഇലക്ഷൻ കമ്മീഷൻ തിരിച്ചറിയൽ കാർഡോ പാസ്പോർട്ടോ കേന്ദ്രസംസ്ഥാന സർക്കാരുകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ജീവനക്കാർക്ക് നൽകിയിട്ടുള്ള പേ സ്ലിപ്പോ എംപ്ലോയ്മെന്റ് സർട്ടി ഫിക്കറ്റോ പൗരത്വം തെളിയിക്കുന്നതിനുള്ള രേഖയോ ഹാജരാക്കണം. രേഖകളുടെ പകർപ്പ് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

വാഹന വിൽപ്പനക്കാരിൽ നിന്നും പുതിയ വാഹനം വാങ്ങുമ്പോൾ, വാങ്ങുന്ന വ്യക്തിക്ക് ആ സ്ഥലത്ത് സ്ഥിരമായ വിലാസമില്ലെങ്കിൽ സ്ഥിരമേൽവിലാസമുള്ള സ്ഥലത്ത് രജിസ്റ്റർ ചെയ്യുന്നതിനായി താത്കാ ലിക രജിസ്ട്രേഷൻ ലഭിക്കും. വാഹന വിൽപ്പന നടത്തുന്നവർ വിൽപ്പന സർട്ടിഫിക്കറ്റിൽ (ഫോം 21) പൂർണമായ വിലാസം വ്യക്തമായി വലിയ അക്ഷരങ്ങളിൽ ടൈപ്പ് ചെയ്തിരിക്കണം. വാഹനങ്ങളുടെ രജി സ്ട്രേഷന് സർക്കാർ അംഗീകരിച്ച തുക മാത്രമേ നൽകാവൂ. വാഹന ത്തിന്റെ തരം, ഫീസ് നിരക്ക്, സർവീസ് ചാർജ് ക്രമത്തിൽ ചുവടെ:

താത്കാലിക രജിസ്ട്രേഷൻ - എല്ലാ വാഹനങ്ങൾക്കും 50,50. സ്ഥിരം രജിസ്ട്രേഷൻ - ഇരുചക്ര വാഹനങ്ങൾ, 60,50. മുച്ചക്ര വാഹനങ്ങൾ,300, 150. ചെറിയ നാലു ചക്ര വാഹനങ്ങൾ ( മോട്ടോർ കാർ വിഭാഗം) 200,200. ചെറിയ കൊമേഴ്ഷ്യൽ വാഹനങ്ങൾ (ജി.വി.ഡബ്ല്യൂ 7500 കി. ഗ്രാം വരെ) 300,150. മീഡിയം വാഹനങ്ങൾ (ജി.വി.ഡബ്ല്യൂ 7500 കി. ഗ്രാമിന് മുകളിൽ 120000 കി.ഗ്രാം വരെ) 400,200. ഹെവി വാഹനങ്ങൾ (ജി.വി. ഡബ്ല്യൂ 12000 കി. ഗ്രാമിനു മുകളിൽ) 600,300. ഇറക്കുമതി ചെയ്ത മോട്ടോർ സൈക്കിൾ 200,50. ഇറക്കുമതി ചെയ്ത മറ്റു വാഹനങ്ങൾ 800,150.

ഉടമ കൈപ്പറ്റ് രസീതും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും സഹിതം നേരിട്ട് വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജ രായാൽ നേരിട്ട് ലഭിക്കും.

## നോട്ടറിമാർ ഫീസ് വിവരം പ്രദർശിപ്പിക്കണം

നോട്ടറീസ് ചട്ടങ്ങൾ 1956, ചട്ടം 10 അനുസരിച്ച് പ്രമാണങ്ങൾ സാക്ഷ്യ പ്പെടുത്തുന്നതിന് നോട്ടറിമാർക്ക് ഈടാക്കാവുന്ന ഫീസ് വിവരം ആഫീ സിനുള്ളിലും പുറത്തും പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കണമെന്ന് സർക്കാർ നിർദേശം നൽകി.

ഓരോ നോട്ടറി അറ്റസ്റ്റേഷനും ഈടാക്കാവുന്ന പരമാവധി ഫീസ് വിവരം പ്രമാണം തയ്യാറാക്കുന്നതിനോ പ്രമാണത്തിന്റെ പ്രതിവാദം തയ്യാറാക്കുന്നതിനോ 10,000 രൂപ വരെയുള്ള പ്രമാണത്തിന് - 35/-, 10,000 രൂപ മുതൽ 25,000/- വരെ - 75/-, 25,000 രൂപ മുതൽ 50,000/- വരെ - 110/-, 50,000/- മുകളിൽ 150/-. പ്രമാണം പരിശോധിക്കുന്ന തിനും സാക്ഷ്യപ്പെടുത്തുന്നതിനും - 15/-, പ്രോമിസറി നോട്ട്, ഹുണ്ടിക, ബിൽ ഓഫ് എക്സ്ചേഞ്ച് എന്നിവ പ്രസന്റ് ചെയ്യുന്നതിന് - 35/-. സത്യപ്രസ്താവന, അഫിഡവിറ്റ് എന്നിവ എടുപ്പിക്കുന്നതിന് - 15/-, ഇന്ത്യക്കു പുറത്തെ രാജ്യങ്ങളിലെ ആവശ്യത്തിന് പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിന് 150/-. പ്രമാണം തർജമ ചെയ്ത് ഒത്തുനോ ക്കുന്നതിന് 75/-. അസൽ പ്രമാണത്തിന്റെ പകർപ്പുകൾ സാക്ഷ്യപ്പെടു ത്തുന്നതിന് ഓരോ പേജിനും 5 രൂപ മിനിമം 10 രൂപ.

വ്യക്തമായി പട്ടിക പ്രദർശിപ്പിക്കുന്നതിൽ നോട്ടറിമാർക്ക് വീഴ്ച ഉണ്ടെന്ന് ആക്ഷേപമുള്ള പക്ഷം പൊതുജനങ്ങൾക്ക് നിയമവകുപ്പ് സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ് എന്ന വിലാസത്തിൽ പരാതി നൽകാം.

## പരിവർത്തിത ക്രൈസ്തവർക്ക് വായ്പാ സൗകര്യം

ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിയിലേയ്ക്ക് ശുപാർശ ചെയ്തി ട്ടുള്ളവരിൽ നിന്നും സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വിവാഹം, വിദേശത്ത് തൊഴിൽ, ഭവന നിർമാണം, കൃഷിഭൂമി വായ്പ, സ്വയംതൊഴിൽ വായ്പ എന്നിവയ്ക്ക് സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ അപേക്ഷ ക്ഷണിച്ചു.

അപേക്ഷാഫോറം രജിസ്റ്റേർഡ് ആഫീസ് കോട്ടയം, റീജിയണൽ ആഫീസ് കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലും തപാലിൽ ഏത് വായ്പയ്ക്കുള്ള അപേക്ഷയാണെന്ന് കാണിച്ച് അഞ്ചു രൂപ സ്റ്റാമ്പൊട്ടിച്ച് സ്വന്തം വിലാസമെഴുതിയ കവർ പത്തു രൂപയുടെ മണി യോർഡർ സഹിതം അയയ്ക്കണം. വിലാസം: രജിസ്റ്റേർഡ് ആഫീസ്: മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, നാഗമ്പടം, കോട്ടയം. റീജിയണൽ ആഫീസുകൾ: റീജിയണൽ മാനേജർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേ ഷൻ, റീജിയണൽ ആഫീസ്, അംബുജവിലാസം, മാതൃഭൂമി റോഡ്, തിരുവനന്തപുരം. റീജിയണൽ മാനേജർ, കേരള സംസ്ഥാന പരി വർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, റീജിയണൽ ആഫീസ്, സി.എച്ച്. ക്രോസ് റോഡ്, ഈസ്റ്റ് നടക്കാവ്. പി.ഒ. കോഴിക്കോട്.

## കെസ്റു പദ്ധതിക്ക് പുതിയ മുഖം

സംസ്ഥാന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി 1999 (കെസ്റു) പരിഷ്ക്കരിച്ച് സർക്കാർ ഉത്തരവായി. പദ്ധതിക്കുള്ള അപേക്ഷാ ഫോറം പ്രവൃത്തി ദിവസങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിതരണം ചെയ്യും. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നിലവിലുള്ള 24,000 രൂപയിൽ നിന്നും 40,000 രൂപ യാക്കി ഉയർത്തി. പ്രായപരിധി 21 നും 40 നും ഇടയ്ക്ക് എന്നതു മാറ്റി 21 നും 50നും എന്നാക്കി. സ്വയം തൊഴിൽ അപേക്ഷ അനുവദിച്ച സാധാരണ ഉദ്യോഗാർത്ഥികളെ താത്കാലിക ഒഴിവുകൾക്കു മാത്രം പരി ഗണിക്കാതെ സ്ഥിരം ജോലിക്ക് അവർ മറ്റു വിധത്തിൽ അർഹരാണെ ങ്കിൽ അവരെ കൂടി പരിഗണിക്കും. കെസ്റു ജില്ലാതല സമിതിയിൽ അതത് ജില്ലകളിലെ ലീഡു ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ ബാങ്കു കളുടെയും പ്രതിനിധികളെ ക്ഷണിക്കത്തക്ക വണ്ണം കമ്മിറ്റി വിപുലീ കരിക്കുന്നതിന് അനുമതി നൽകി. പിന്നോക്ക ജാതിയിലും ന്യൂനപക്ഷ സമുദായത്തിലും പെട്ടവരുടെ അപേക്ഷ അനുവദിക്കാൻ പിന്നോക്ക ജാതി വികസന കോർപ്പറേഷനുമായി കെസ്റു പദ്ധതിയെ ബന്ധിപ്പി ക്കും.

## ഗുണഭോക്തൃ സമിതികൾക്ക് കൂടുതൽ അധികാരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഞ്ചു ലക്ഷം രൂപ വരെയുള്ള പ്രവർത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് ഗുണഭോക്തൃ സമിതികൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അദ്ധ്യാപക - രക്ഷാകർത്തൃ സമിതികൾ നേരിട്ട് നിർവഹണം നടത്താൻ തയ്യാറാകുന്ന സ്കൂൾ / അംഗൻവാടി കെട്ടിട നിർമാണം, ഗുണഭോക്തൃ വിഹിതം, നിർബന്ധമായ ജലസേചനം, കുടിവെള്ള വിതരണം എന്നീ പ്രവർത്തി കളുടെ കാര്യത്തിൽ ഈ പരിധി ബാധകമല്ല. അത്തരത്തിലുള്ള പ്രവർത്തികളുടെ അടങ്കൽ തുക അഞ്ച് ലക്ഷം രൂപയിൽ അധികമാ ണെങ്കിലും അവയുടെ നിർവഹണം അതത് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കാവുന്നതാണ്.

# രജിസ്റ്റർ നമ്പർ

രജിസ്ട്രേഷൻ നമ്പർ കംപ്യൂട്ടർ വഴിയാണ് അനുവദിക്കുന്നത്. തലേദിവസം രജിസ്റ്റർ ചെയ്ത അവസാന നമ്പരിൽ നിന്നും 250 നമ്പറുകൾക്കുള്ളിലുള്ള, സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ള ഫാൻസി നമ്പരുകളും മറ്റ് ഇഷ്ടമുള്ള നമ്പറുകളും മുൻകൂറായി റിസർവ് ചെയ്യാം. അതിന് 2000 രൂപ അടയ്ക്കണം. കംപ്യൂട്ടർ വഴി ലഭിക്കുന്ന ഒറ്റയക്ക നമ്പറുകൾക്ക് വാഹന ഉടമകളെ തെറ്റിദ്ധരിപ്പിച്ച് പലരും പണം ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉടമകൾ കബളിപ്പിക്കപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കണം. ഇരുചക്ര വാഹനം വില്പന നടത്തുന്നവർ വാഹനം ഓടിക്കുമ്പോൾ ധരിക്കേണ്ട ഹെൽമറ്റും വാഹനത്തോടൊപ്പം വിതരണം ചെയ്യണം.

റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകളിലെ വിവരങ്ങൾക്ക് പബ്ലിക് റിലേഷൻസ് ആഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ തുടങ്ങിയവരുമായി ബന്ധപ്പെടണം. വിവരങ്ങൾ www.keralamotorvechicles.com. വെബ്സൈറ്റിലും ലഭ്യമാണ്.

# കച്ചവട സ്ഥാപന ലൈസൻസ് വ്യവസ്ഥകൾ കർശനമാക്കും

സർക്കാർ വ്യവസ്ഥകൾ പാലിക്കുന്ന കച്ചവടസ്ഥാപനങ്ങൾക്കു മാത്രം 2008 ലെ ലൈസൻസ് പുതുക്കി നൽകിയാൽ മതിയെന്ന് നഗരസഭയ്ക്കും പഞ്ചായത്തുകൾക്കും നിർദേശം നൽകി. കടയും സ്ഥാപനവും സ്ഥിതിചെയ്യുന്നിടത്തെ പരസ്യ ബോർഡുകളിൽ സ്ഥലനാമം എഴുതാത്തവർക്കും അനുവദനീയമായ മൈക്രോണിൽ താഴെ പ്ലാസ്റ്റിക് ഉപയോഗിക്കുന്നവർക്കും ലൈസൻസ് പുതുക്കി നൽകില്ല. ഹോട്ടലുകളിലും ഷോപ്പിങ് കോംപ്ലക്സുകളിലും പ്രാഥമിക ആവശ്യത്തിനുള്ള സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ പല സ്ഥാപന ഉടമകളും ഇതിൽ വീഴ്ച വരുത്തുന്നുണ്ട്. കോഴിക്കടകൾ, മത്സ്യ മാംസ സ്റ്റാളുകൾ എന്നിവ സ്വന്തമായി മാലിന്യ നിർമാർജന സംവിധാനം ഏർപ്പെടുത്തിയാലേ ലൈസൻസ് പുതുക്കി നൽകുകയുള്ളൂ. ഇക്കാര്യത്തിൽ വീഴ്ച വരുത്തി കച്ചവട ലൈസൻസ് നൽകിയതായി കണ്ടുപിടിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കും.

# സർക്കാർ ജീവനക്കാരുടെ വായ്പാ പരിധി നിശ്ചയിച്ചു

സർക്കാർ ജീവനക്കാർക്ക് വായ്പയെടുക്കുന്നതിന് മേലധികാരി സാക്ഷ്യപത്രം നൽകുമ്പോൾ കൈപ്പറ്റുന്ന ശമ്പളത്തിന്റെ 50 ശതമാനം തുക മാത്രമേ വായ്പയുടെ തിരിച്ചടയ്ക്കാനാവുന്ന പരിധിയായി സാക്ഷ്യപ്പെടുത്താവൂയെന്ന് സർക്കാർ നിർദേശം നൽകി. സ്വന്തം വായ്പകൾക്കും ജാമ്യങ്ങൾക്കും ഇത് ബാധകമാണ്.




# ജനനത്തീയതി തിരുത്താൻ

**എസ്.എസ്.എൽ.സി ബുക്കിൽ എന്റെ യഥാർത്ഥ ജനനത്തീയതി മാറി ഒരു വർഷം മുമ്പുള്ളതാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മാറ്റാൻ എന്താണ് ചെയ്യേണ്ടത്?**

**രാമൻനായർ**, തിരൂർ

സ്കൂൾ പഠനം കഴിഞ്ഞ് 15 വർഷത്തിനുള്ളിലാണെങ്കിൽ ഇതിനായുള്ള അപേക്ഷ തിരുവനന്തപുരത്തെ പരീക്ഷാഭവനിലാണ് നൽകേണ്ടത്. അപേക്ഷാഫാറം അവിടെനിന്നും വാങ്ങണം. പഞ്ചായത്തിൽ നിന്നുള്ള ജനന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം, 500 രൂപ ട്രഷറിയിൽ അടച്ച ചെലാൻ രസീത്, നോട്ടറി പബ്ലിക്കിൽ നിന്നുള്ള അഫിഡവിറ്റ്, ഒന്നുമുതൽ പത്തുവരെ പഠിച്ച സ്കൂളിൽ നിന്നും അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, എത്ര സഹോദരങ്ങൾ ഉണ്ടോ അവരുടെയെല്ലാം ജനനസർട്ടിഫിക്കറ്റിന്റെ അസ്സൽ എന്നിവയും അപേക്ഷയോടൊപ്പം നൽകണം. അസ്സൽ സർട്ടിഫിക്കറ്റുകൾ തിരികെ വേണ്ടതുണ്ടെങ്കിൽ അങ്ങനെയുള്ളവയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികളും 5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് പതിച്ച് വെള്ളക്കടലാസിൽ തിരിച്ചു വേണ്ട അസ്സൽ സർട്ടിഫിക്കറ്റുകളുടെ വിവരം കാണിച്ചുള്ള അപേക്ഷയും വയ്ക്കണം.

അപേക്ഷാഫാറത്തിന് ഫീസില്ല. ഫാറം ലഭിക്കുന്നതിനും അപേക്ഷ അയയ്ക്കുന്നതിനുമുള്ള വിലാസം:

**സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം.**

15 വർഷം കഴിഞ്ഞ കേസുകളിൽ സർക്കാരിൽ നിന്ന് കാലതാമസം മാപ്പാക്കിക്കൊണ്ടുള്ള ഉത്തരവും കൂടി ആവശ്യമാണ്. ഇതു സംബന്ധിച്ച് എല്ലാ വിവരങ്ങളും പരീക്ഷാഭവനിൽ നിന്നുള്ള അപേക്ഷാഫാറത്തിൽ നിന്നും ലഭിക്കും.


# രജിസ്ട്രേഷൻ പ്രായം

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാനുള്ള പ്രായം എത്രയാണ് ? എത്ര വയസ്സുവരെ രജിസ്റ്റർ ചെയ്യാം?. എത്രയിടത്ത് രജിസ്റ്റർ ചെയ്യാം?.**

മീന, അങ്കമാലി

14 വയസ്സ് പൂർത്തിയായവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാം. പ്രായപരിധി ഇല്ല. ഒരാൾക്ക് ഒരിടത്ത് മാത്രമേ രജിസ്റ്റർ ചെയ്യാവൂ. ഒന്നിൽക്കൂടുതൽ പ്രാദേശിക എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്നത് നിയമപരമായി കുറ്റമാണ്. എന്നാൽ ലോക്കൽ എക്സ്ചേഞ്ചിൽ രജിസ്ട്രേഷനുള്ള, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'.ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001 വിലാസത്തിൽ അയയ്ക്കുക.*



# കണ്ണിനും മനസ്സിനും കുളിർമയായി കാർഷികമേള

**കൃഷിവകുപ്പ്** ഫെബ്രുവരി 20 മുതൽ 24 വരെ കൊച്ചിയിൽ സംഘടിപ്പിച്ച സംസ്ഥാന കാർഷികമേള സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെ നിറകാഴ്ചായായി. പഴം, പച്ചക്കറി, കാർഷികോത്പന്നങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ, ഔഷധ സസ്യങ്ങൾ, എന്നിവയുടെ പ്രദർശനം വിസ്മയത്തിലുപരി വിജ്ഞാനവും വിളമ്പുന്നതായി. മുപ്പതോളം നെല്ലിനങ്ങൾ, പതിന്നാലിനം കശുവണ്ടി, കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള എക്കൽ മണ്ണ്, തീരമണ്ണ്, കടൽമണ്ണ്, കരിമണ്ണ് തുടങ്ങിയ ഒൻപത് തരം മണ്ണ്, വിവിധ നിറങ്ങളിലും വലുപ്പത്തിലുമുള്ള വാഴക്കുലകൾ എന്നിവ പ്രദർശനശാലയിലെത്തി.

മറൈൻഡ്രൈവിൽ 1,30,000 ചതുരശ്ര അടിയുള്ള പ്രദർശന വേദിയിലാണ് മേള നടത്തിയത്. കാർഷികരംഗത്ത് നിറഞ്ഞുനിൽക്കുന്ന എല്ലാ ഉത്പന്നങ്ങളുടെയും വൻശേഖരങ്ങളുമായി 105 സ്റ്റാളുകളാണ് മേളയിലെത്തിയത്.

150 കിലോയുള്ള മരിച്ചീനി, 175 കിലോയുള്ള ആഫ്രിക്കൻ കാച്ചിൽ, 199 കിലോയുള്ള ആനച്ചേന എന്നിവ കൗതുകമുണർത്തി. ഓർക്കിഡ്, ആന്തൂറിയം, കള്ളിമുൾച്ചെടികൾ, വിവിധയിനം ബോൺസായ് മരങ്ങൾ, എന്നിവയും ശ്രദ്ധേയമായി. വയനാട് എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ 63 തരം നെല്ലിനങ്ങൾ പ്രദർശിപ്പിച്ചു. വിവിധ വർഗത്തിൽപ്പെട്ട നാളികേരം, അടയ്ക്ക എന്നിവയുടെ വൻശേഖരവും മേളയിലുണ്ടായി. പുരാതന കാർഷിക ഉപകരണങ്ങളായ മുദ്രപ്പറ, അഴുവിൻപറ, നവര, നാഴി, ഇരുനാളി, തൂണി, നുകം, ചക്രം എന്നിവ ഓർമ്മക്കുറിപ്പുകളായി.

ഭൂപരിഷ്കരണ നിയമം ഫലപ്രദമായി നടപ്പാക്കാത്തതു കൊണ്ട് ഉത്പാദനവർദ്ധനവിന്റെ ആനുകൂല്യങ്ങൾ നീതിപൂർവ്വം വിതരണം ചെയ്യപ്പെടുന്നില്ലെന്ന് മേള ഉദ്ഘാടനം ചെയ്തവെ കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ പറഞ്ഞു. സംസ്ഥാനത്ത് നെല്ലുത്പാദനം ഇരട്ടിയാക്കാൻ പലിശരഹിതവായ്പകൾ, കാർഷിക പരിരക്ഷാപദ്ധതികൾ, വിവിധ ആനുകൂല്യങ്ങൾ എന്നിവ നൽകുമെന്ന് മന്ത്രി പറഞ്ഞു. കേന്ദ്രസർക്കാരിന്റെ നയങ്ങൾ കൃഷിയെ വ്യാപകമായി ബാധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കൃഷി വകുപ്പിന് പുറമെ മൃഗസംരക്ഷണ,മത്സ്യബന്ധനവകുപ്പുകൾ, കാർഷിക സർവ്വകലാശാല, പൊതു-സ്വകാര്യമേഖലാസ്ഥാപനങ്ങൾ എന്നിവയും മേളയിൽ പങ്കെടുത്തു.

**ചന്ദ്രഹാസൻ വടുതല**
അസി.ഇൻഫർമേഷൻ ഓഫീസർ, എറണാകുളം

# വയനാടൻ കർഷകർക്ക് സമാശ്വാസം



**കുടിയേറ്റ കർഷകന്റെ** വിയർപ്പിന്റെയും കണ്ണീരിന്റെയും ഉപ്പുവീണ മണ്ണാണ് വയനാട്. വയലിൽ സ്വർണ്ണം വിളയിച്ചവരുടെ നാട്. കാപ്പിയും നെല്ലും കുരുമുളകും വയനാടിന്റെ ഹൃദയമിടിപ്പുകളാണ്. കാപ്പിച്ചെടി കരിയുമ്പോൾ വയാടൻ കർഷകന്റെ മോഹങ്ങൾ കരിയുന്നു. കുരുമുളകിന്റെ ദ്രുതവാട്ടം അവന്റെ ഹൃദയതാളം ദ്രുതഗതിയിലാക്കുന്നു.

കാർഷിക മേഖലയിൽ അടുത്തകാലത്തുണ്ടായ മോഹഭംഗങ്ങൾ വയനാടിന്റെ നട്ടെല്ലൊടിച്ചു. കടം കയറിയ കർഷകരിൽ പലരും ജീവിതത്തിനു തന്നെ തിരശ്ശീലയിട്ടു. കാർഷിക കടം എഴുതിത്തള്ളാനുള്ള എൽ.ഡി. എഫ് സർക്കാരിന്റെ തീരുമാനം വയനാടൻ കർഷകന് നൽകിയ ആശ്വാസം വാക്കുകൾക്കതീതമാണ്. ഓരേക്കറിൽ കവിയാത്ത ഭൂമിയുള്ളവരുടെ 25000 രൂപ വരെയുള്ള കാർഷിക കടങ്ങളാണ് എഴുതിത്തള്ളുക. ഇതനുസരിച്ച് 2006 ജൂൺ 30 വരെയുള്ള കടങ്ങൾ എഴുതിത്തള്ളും. 75000 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കാർഷിക കടാശ്വാസ കമ്മീഷന്റെ ശുപാർശയനുസരിച്ചാണ് ഈ തീരുമാനം.

നേരത്തെ പ്രഖ്യാപിച്ച വയനാട്, വിദർഭ പാക്കേജുകൾ കൂടി കണക്കിലെടുത്താൽ 208 കോടി 40 ലക്ഷം രൂപയുടെ ആനുകൂല്യമാണ് വയനാട്ടിലെ കർഷകന് ലഭിക്കുക. കാർഷിക കടാശ്വാസ കമ്മീഷൻ വയനാടുമായി ബന്ധപ്പെട്ട് നൽകിയ രണ്ട് ശുപാർശകളും സംസ്ഥാന സർക്കാർ അംഗീകരിക്കുകയായിരുന്നു. വയനാടിനെ ദുരന്തബാധിത ജില്ലയായി പ്രഖ്യാപിക്കണമെന്നതായിരുന്നു ആദ്യശുപാർശ.

എൽ. ഡി. എഫ് അധികാരത്തിലെത്തി ആദ്യമെടുത്ത തീരുമാനം കടബാധ്യത മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുകയായിരുന്നു. സഹകരണ ബാങ്കിലെ രണ്ട് ലക്ഷം രൂപ വരെയുള്ള ബാധ്യതയും വാണിജ്യ ബാങ്കുകളിലെ ഒരു ലക്ഷം രൂപ വരെയുള്ള കടവുമാണ് ഇങ്ങനെ ഒഴിവാക്കിയത്. കടബാധ്യത മൂലം ആത്മഹത്യ ചെയ്ത കുടുംബങ്ങളെ കണ്ടെത്താൻ കലക്ടറുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കുകയും ചെയ്തു. 321 പേരുടെ മരണം കടക്കെണി മൂലമാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. ഈ കുടുംബങ്ങളുടെ കടം പൂർണമായും എഴുതിത്തള്ളി. 50,000 രൂപ വീതം നഷ്ടപരിഹാരവും നൽകി.

2001 ഏപ്രിൽ മുതൽ 2006 മാർച്ച് 31 വരെയുള്ള കാർഷിക കടങ്ങളുടെ അരലക്ഷം രൂപവരെയുള്ള പലിശ എഴുതിത്തള്ളിയിരുന്നു. 93937 കർഷരാണ് ഈ ആനുകൂല്യം വഴി പലിശയുടെ ചതിക്കുഴിയിൽ നിന്ന് മോചിതരായത്. 62 കോടി രൂപയാണ് പലിശ എഴുതിത്തള്ളാൻ സർക്കാർ ബാങ്കുകൾക്ക് നൽകിയത്.


കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന വിദർഭ മോഡൽ പാക്കേജും കർഷകർക്ക് ഏറെ ആശ്വാസമായി. കേരള മാതൃകയിൽ കേന്ദ്ര കർഷക കടാശ്വാസ കമ്മീഷൻ വന്നാൽ ദേശസസാത്കൃത ബാങ്കുകളിലെ കടത്തിൽ നിന്നുകൂടി കർഷകർക്ക് മോചനമാകുമെന്നാണ് പ്രതീക്ഷ.

**എം.എ. വിൻസെന്റ്**
ജില്ല ഇൻഫർമേഷൻ ഓഫീസർ, വയനാട്



## ബീലസിബ ഫോ ആപിങ്ഗാ

60 –70 മില്യൺ വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്നതെന്ന് കരുതപ്പെടുന്ന ഭീമാകാരമായ ഒരു തവളയുടെ ഫോസിൽ മഡഗാസ്കറിൽ കണ്ടെത്തി. ബീലസിബ ഫോ ആപിങ്ഗാ എന്നാണ് ഇതിന്റെ പേര്. സൗത്ത് അമേരിക്കയിൽ ഇപ്പോഴുള്ള ഇതേ വർഗത്തിൽപ്പെട്ട തവളകളുടെ മൂന്ന് മടങ്ങ് വലിപ്പമുണ്ടായിരുന്നുവത്രെ ഇതിന്.



## ചൊല്ല

ചിത്രകാരന്മാരെക്കുറിച്ച് കേൾക്കാത്തവരുണ്ടാവില്ല. പക്ഷേ ചിത്രകാരൻ ഒരു കുതിരയായാലോ? യന്ത്രക്കുതിരയൊന്നുമല്ല ശരിക്കും ജീവനുള്ള കുതിര. പേര് ചൊല്ല. ബ്രഷ് വായിൽ കടിച്ചുപിടിച്ചാണ് കുതിരച്ചിത്രകാരൻ സർഗസൃഷ്ടി നടത്തുന്നത്. അമേരിക്കയിലെ നെവോഡക്കാരനാണ് കുതിരയും അതിന്റെ ഉടമസ്ഥൻ റെനി ചേംബേഴ്സും.


## കുരങ്ങന്മാരുടെ കണക്കുക്കൂട്ടലുകൾ

ഭാവിയിൽ മനുഷ്യരുടെ സ്ഥാനം മൃഗങ്ങൾ ഏറ്റെടുക്കുമോ?. അങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതാണ് കൗതുകകരമായ ഈ കണ്ടെത്തൽ. കണക്കുക്കൂട്ടലുകൾ പലപ്പോഴും തെറ്റിപ്പോവുന്ന മനുഷ്യരിൽ നിന്ന് കണക്കുക്കൂട്ടാൻ പഠിച്ചിരിക്കുന്നുവത്രെ ചില കുരങ്ങന്മാർ. ഡ്യൂക്ക് യൂണിവേഴ്സിറ്റിയിലെ എലിസബത്ത് കാന്റ് ലൺ, ജെസിക്ക ബ്രാനൺ എന്നീ ശാസ്ത്രജ്ഞർ നടത്തിയ പരീക്ഷണത്തിലാണ് കുരങ്ങുകൾക്ക് കണക്കുകൂട്ടാൻ കഴിവുണ്ടെന്ന് തെളിഞ്ഞത്. കംപ്യൂട്ടർ സ്ക്രീനിലെ സംഖ്യകളുടെ ശരിയായ ആകെത്തുക കണ്ടുപിടിക്കുന്നതായിരുന്നു പരീക്ഷണം. തന്നിരിക്കുന്ന വിവിധ അക്കങ്ങളിൽ നിന്ന് ശരിയായ ഉത്തരം തന്നെ കുരങ്ങുകൾ തൊട്ടു കാണിച്ചു. ഇതേ പരീക്ഷണം കോളേജ് വിദ്യാർത്ഥികളിലും നടത്തിയിരുന്നു. ഇരുകൂട്ടരും ഉത്തരം കണ്ടെത്താനെടുത്ത ശരാശരി സമയം ഒരു സെക്കന്റ് ആണ്.



## സരസ്വതി സമ്മാനം

2007 ലെ സരസ്വതി സമ്മാനം ഡോ: നൈയാർ മസൂദിന് ലഭിച്ചു. പ്രശസ്ത ഉർദു കഥാകാരനായ മസൂദിന്റെ ടാവൂസ് ചമാൻ കീ മൈന എന്ന കൃതിക്കാണ് പുരസ്കാരം. അഞ്ചു ലക്ഷം രൂപയാണ് സമ്മാനത്തുക.



## ശാന്താറാം പുരസ്കാരം

അരിബം ശ്യാം ശർമ ഈ വർഷത്തെ ശാന്താറാം പുരസ്കാരത്തിന് അർഹനായി. ഇതാദ്യമായാണ് വടക്കൻ സംസ്ഥാനങ്ങളിൽ നിന്നൊരാൾക്ക് ഈ പുരസ്കാരം ലഭിക്കുന്നത്. പത്മശ്രീ പുരസ്കാരം ലഭിച്ചിട്ടുള്ള ശർമ 12 തവണ ദേശീയ പുരസ്കാര ജേതാവായിട്ടുണ്ട്. കാൻ ചലച്ചിത്രമേള ഉൾപ്പെടെ നിരവധി രാജ്യാന്തര വേദികളിൽ ഇന്ത്യയുടെ പ്രതിനിധിയായിരുന്നു.



## ഗോൾഡൻ ബെയർ പുരസ്കാരം



ദി എലൈറ്റ് സ്ക്വാഡ് എന്ന ചിത്രത്തിന് ബെർലിൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച ചിത്രത്തിനുള്ള ഗോൾഡൻ ബെയർ പുരസ്കാരം. ബ്രസീലിയൻ സംവിധായകൻ ജോസ്പാഡിൽഹയുടേതാണ് ചിത്രം.

## അർമീനിയൻ പ്രസിഡന്റ്

സെർഷ് സർക്കീസിയാൻ അർമീനിയൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 52.9% വോട്ടുനേടിയാണ് ഇദ്ദേഹം വിജയിച്ചത്.





## വക്ലാവ് ക്ലോസ് വീണ്ടും ചെക്ക് പ്രസിഡന്റ്

ചെക്ക് പ്രസിഡന്റായി വക്ലാവ് ക്ലോസ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. വലതുപക്ഷ സിവിക് ഡമോക്രാറ്റിക് പാർട്ടി കക്ഷിയായ വക്ലാവ് ക്ലോസ് ചെക്ക് – അമേരിക്കൻ ധനശാസ്ത്രജ്ഞൻ ജ്ഞാൻ വെഞ്ചറെയാണ് പരാജയപ്പെടുത്തിയത്.

## ഓസ്കാർ അവാർഡ്

ഈ വർഷത്തെ ഓസ്കാർ അവാർഡുകൾ പ്രഖ്യാപിച്ചു. ജോയൻകോൺ, ഈതൻ കോൺ സഹോദരങ്ങൾ സംവിധാനം ചെയ്ത *നോ കൺട്രി ഫോർ ഓൾഡ്മെൻ*




നോ കൺട്രി ഫോർ ഓൾഡ്മെൻ

ആണ് മികച്ച ചിത്രം. ഈ ചിത്രം നാല് പുരസ്കാരങ്ങൾ നേടി ചരിത്രത്തിൽ സ്ഥാനമുറപ്പിച്ചു. ഈ ചിത്രത്തിന്റെ സംവിധായകർക്കാണ് മികച്ച സംവിധാനത്തിനുള്ള പുരസ്കാരം ലഭിച്ചത്.



ജോയൻകോൺ ഈതൻകോൺ

*ദെയർ വിൽ ബി ബ്ലഡ്* എന്ന ചിത്രത്തിലെ അഭിനയത്തിനാണ് ഡാനിയേൽ ഡേ ലൂയിസ് മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ടത്. *ലാവീ എൻ റോസ്* എന്ന ചിത്രത്തിലെ അഭിനയത്തിന് മരിയൻ കോട്ടിലാഡ് മികച്ച നടിയായി തെരഞ്ഞെടുക്കപ്പെട്ടു.



ഡാനിയേൽ ഡേ ലൂയിസ്



മരിയൻ കോട്ടിലാഡ്

## സൈപ്രസിൽ കമ്മ്യൂണിസ്റ്റ് പ്രസിഡന്റ്

സൈപ്രസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ 53.36% ജനപിന്തുണയോടെ കമ്മ്യൂണിസ്റ്റ് നേതാവായ ദിമിത്രി ക്രിസ്റ്റോഫിയാസ് തിരഞ്ഞെടുക്കപ്പെട്ടു. സൈപ്രസിലെ ആദ്യ കമ്മ്യൂണിസ്റ്റ് പ്രസിഡന്റാണിദ്ദേഹം. ഇതോടെ 27 അംഗ യൂറോപ്യൻയൂണിയനിൽ കമ്മ്യൂണിസ്റ്റ് അധികാരമുള്ള ഒരേ ഒരു രാജ്യമായി സൈപ്രസ്.



## കേന്ദ്ര സാഹിത്യ അക്കാദമി അദ്ധ്യക്ഷൻ

കേന്ദ്ര സാഹിത്യ അക്കാദമിയുടെ 11–ാമത് അദ്ധ്യക്ഷനായി ബംഗാളി എഴുത്തുകാരൻ സുനിൽ ഗംഗോപാധ്യായ തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞതവണ ഉപാധ്യക്ഷനായിരുന്നു ഇദ്ദേഹം. 92 ജനറൽ കൗൺസിൽ അംഗങ്ങൾ വോട്ടുചെയ്ത തിരഞ്ഞെടുപ്പിൽ 40 വോട്ട് എം. ടി. വാസുദേവൻനായർക്കും 45 വോട്ട് സുനിൽ ഗംഗോപാധ്യായ്ക്കും ഏഴു വോട്ട് സത്യവ്രത ശാസ്ത്രിക്കും ലഭിച്ചു. നിർവാഹക സമിതിയംഗവും മലയാള സാഹിത്യ വിഭാഗം കൺവീനറുമായി പ്രൊഫ. എം. തോമസ് മാത്യൂ തിരഞ്ഞെടുക്കപ്പെട്ടു.



## അരുണാചൽ പ്രദേശിന് പുതിയ ഗവർണർ

അരുണാചൽ പ്രദേശിന്റെ പുതിയ ഗവർണറായി കരസേനാ മുൻ മേധാവി ജനറൽ ജോഗീന്ദർ ജസ്വന്ത്സിങ് നിയമിക്കപ്പെട്ടു. 43 വർഷം ഇദ്ദേഹം സേനയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പഞ്ചാബ്, ജമ്മുകാശ്മീർ, അസം, മിസോറം, ഛത്തിസ്ഗഢ് എന്നിവിടങ്ങളിലെ ഗവർണർമാരും മുൻ സൈനിക ഉന്നത ഉദ്യോഗസ്ഥരാണ്.

